# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 11, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--394]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 3052 മുതൽ 3193 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 3194 മുതൽ 3328 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 3329 മുതൽ 3435 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 3436 മുതൽ 3445 വരെ |

**<u>വള്ളിക്കുന്ന് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

3052 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം വിഭാഗങ്ങൾ തിരിച്ച് നൽകാമോ;

(ബി) ഇതിൽ പൊതുമരാമത്ത് പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ, ദേശീയപാത എന്നീ വിഭാഗങ്ങൾ മുഖേന നിലവിൽ ചെയ്തുവരുന്നതും പൂർത്തീകരിച്ചതും പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>പാറശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ</u>**

3053 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയപാതകൾ എന്നീ വിഭാഗങ്ങളിലായി പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതി അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ ചെയ്ത തീയതി, കരാർ നൽകിയ തീയതി, പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) പാറശാല മണ്ഡലത്തിൽ നാളിതുവരെ ഭരണാനുമതി ലഭിക്കാത്തതും, എന്നാൽ അടിയന്തരമായി നടപ്പിലാക്കേണ്ടതുമായ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ,

ദേശീയപാതകൾ എന്നീ വിഭാഗങ്ങളിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പാറശാല മണ്ഡലത്തിൽ വിവിധ സെക്ഷനുകൾക്കു കീഴിലുള്ള പൊതുമരാമത്ത് റോഡുകളുടെ പട്ടിക, നീളം, വീതി, അവസാനമായി റോഡ് നവീകരിച്ച വർഷം, നിലവിലെ റോഡിന്റെ അവസ്ഥ ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>പൊതുമരാമത്തു വകുപ്പിന്റെ റസ്റ്റ് ഹൗസുകൾ</u>

3054 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തുവകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം നവീകരിച്ച റസ്റ്റ് ഹൗസുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) റസ്റ്റ് ഹൗസുകളിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന വാടക എങ്ങനെയാണെന്ന് വിശദമാക്കാമോ?

## <u>മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

3055 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന കെട്ടിടം, നിരത്ത്, പാലങ്ങൾ, മെയിന്റനൻസ് എന്നീ വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദാംശം വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) 2016-2017 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ബജറ്റിൽ, വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് 20% ബജറ്റ് പ്രൊവിഷൻ അനുവദിച്ച മലപ്പുറം മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ഫണ്ട് ഉപയോഗിച്ച് മലപ്പുറം മണ്ഡലത്തിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

## <u>പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>

3056 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബഡ്ജറ്റിൽ 20% തുക അനുവദിച്ചതും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതുമായ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും ഇനിയും ഡി.പി.ആർ. തയ്യാറാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## തൊടുപുഴ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

3057 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ അംഗീകാരം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ നബാർഡ്, സി.ആർ.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി ഏതെങ്കിലും പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## കാട്ടാക്കട മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടക്കുന്ന പ്രവൃത്തി

3058 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികൾ, അനുമതി ലഭ്യമായ പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്ന് വിശദമാക്കാമോ: അവയുടെ നിലവിലെ സ്ഥിതിയും തുടർനടപടികളും, അവ എന്ന് പൂർത്തിയാക്കാനാകുമെന്നതും സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ

3059 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ 2016-17 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ

3060 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾ ഉണ്ടോയെന്ന്

വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അത് ഏതെല്ലാം പ്രവൃത്തികൾ ആണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**ദേശീയപാത 66-ൽ കുടിവെള്ള പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നത്**

3061 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലേക്കും നീണ്ടകര ശക്തികുളങ്ങര പ്രദേശങ്ങളിലേക്കും ശാസ്താംകോട്ടയിൽ നിന്നും കുടിവെള്ളം എത്തിക്കുന്ന പുതിയ പൈപ്പ് ലൈൻ ദേശീയപാത 66-ൽ ചവറ മണ്ഡലത്തിലെ റ്റൈറ്റാനിയം ജംഗ്ഷൻ മുതൽ കാവനാട് വരെ സ്ഥാപിക്കാത്തത് മൂലം ദേശീയ പാത നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിലവിൽ ഏറ്റെടുത്തിരിക്കുന്ന സ്ഥലം തികയാത്തതിനാൽ സർവ്വീസ് റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് എൻ.എച്ച്.എ.ഐ. തടസ്സപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ പുരോഗതി അറിയിക്കാമോ?

**ഗവൺമെൻറ് ക്വാർട്ടേഴ്സുകൾ**

3062 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് എത്ര ഗവൺമെൻറ് ക്വാർട്ടേഴ്സുകളാണ് ഉള്ളതെന്ന് ജില്ലതിരിച്ച് ലഭ്യമാക്കാമോ.;

(ബി) സർക്കാർ ജീവനക്കാർക്ക് ഗവൺമെന്റ് ക്വാർട്ടേഴ്സ് ലഭിക്കുവാൻ ആവശ്യമായ നിബന്ധനകൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ജീവനക്കാർക്ക് ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ അനുവദിച്ചുകൊണ്ട് എത്ര സ്പെഷ്യൽ ഓർഡറുകൾ ഇറക്കിയിട്ടുണ്ടെന്ന കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയതായി സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഗസറ്റഡ് ഉദ്യോഗസ്ഥർക്കായി എത്ര കോർട്ടേഴ്സുകൾ ഉണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത ഗസറ്റഡ് ഓഫീസർ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും, ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ?

**തിരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ**

3063 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള ഏതെല്ലാം പദ്ധതികളാണ് തിരൂർ മണ്ഡലത്തിൽ നടന്നുവരുന്നതെന്നും അവയ്ക്ക് അനുവദിക്കപ്പെട്ട തുക എത്രയെന്നും അറിയിക്കാമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(സി) 2025-2026 സാമ്പത്തിക വർഷത്തിൽ തിരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

3064 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിന് ലഭിച്ച മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങളും അറിയിക്കുമോ?

## ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ

3065 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് 2025-ൽ നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച തീയതി, പ്രവൃത്തി തുടങ്ങിയ വർഷം എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

3066 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റുകളിൽ 20 ശതമാനം തുക വകയിരുത്തിയ ഗുരുവായൂർ മണ്ഡലത്തിലെ എത്ര പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാമനുമതി ലഭ്യമാകാനുണ്ടെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ പേര്, നിലവിലെ അവസ്ഥ, ഭരണാനുമതി ലഭ്യമാക്കാനാകുന്ന തീയതി എന്നീ വിവരങ്ങൾ പ്രത്യേകമായി അറിയിക്കുമോ?

## കൊടുങ്ങല്ലൂർ -ഷൊർണ്ണൂർ റോഡ്

3067 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കെ.എസ്.ടി.പി. യുടെ നിർമ്മാണ ചുമതലയിലുള്ള കൊടുങ്ങല്ലൂർ -ഷൊർണൂർ റോഡിന്റെ നിർമ്മാണം കൊടുങ്ങല്ലൂർ ടൗൺ

ഉൾപ്പെടെയുള്ള പ്രദേശത്ത് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് അലൈൻമെന്റ്

3068 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസിന് 2009-ൽ ഭരണാനുമതി ലഭ്യമായെങ്കിലും നിരവധി തവണയുണ്ടായ ഷെഡ്യൂൾ നിരക്ക് വ്യത്യാസവും സ്ഥലത്തിന്റെ വിലയിലുണ്ടായ ഗണ്യമായ മാറ്റവും കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുതുക്കി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പുതിയ അലൈൻമെന്റ് പ്രകാരം കടുത്തുരുത്തി വടക്കുംകൂർ ബൈപ്പാസ് പദ്ധതിക്ക് കടുത്തുരുത്തി ടൗൺ കണക്ടിംഗ് റോഡ് വികസന പദ്ധതി എന്ന് പേര് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

## കാസർഗോഡ് വികസന പദ്ധതിയിലുൾപ്പെടുത്തി റോഡ് പ്രവൃത്തികൾ

3069 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റോഡുകളുടെ പ്രവൃത്തികളാണ് കാസർഗോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

## മലപ്പുറം പരപ്പനങ്ങാടി റോഡ് വീതി കൂട്ടുന്നതിന് നടപടി

3070 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പരപ്പനങ്ങാടി പൊതുമരാമത്ത് റോഡിൽ പാണക്കാട് തങ്ങൾപടി മുതൽ മറ്റത്തൂർ ജംഗ്ഷൻ വരെ റോഡ് വീതി കൂട്ടുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ; ഇത് സംബന്ധിച്ച് എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഇ 7652276/2023/എം.ഐ.എൻ.(പി.ഡബ്ല്യു.ഡി.) നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) റോഡ് വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുവാൻ പ്രദേശവാസികൾ തയ്യാറായിട്ടും സ്ഥലമെടുപ്പ് നടപടികൾക്ക കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; പ്രസ്തുത നടപടികൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത റോഡിൽ അപകടങ്ങൾ പതിവായിട്ടുള്ള സാഹചര്യത്തിൽ റോഡ് വീതികൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ ശൂരനാട്-താമരക്കുളം റോഡുനിർമ്മാണം

3071 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ശൂരനാട്-താമരക്കുളം റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ ഉപരിതലം തകരാറിലായ റോഡുകൾ

3072 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ നവീകരിച്ച റോഡുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചതുമൂലം ഉപരിതലം തകരാറിലായ റോഡുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റോഡുകളുടെ വിവരങ്ങൾ നൽകുമോ?

## മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

3073 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വപ്നപദ്ധതികളിൽ ഒന്നായ മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ എത്ര റീച്ചുകളിലായിട്ടാണ് പ്രവൃത്തി നടന്നുവരുന്നത് ; പ്രസ്തുത റീച്ചുകളിൽ ഏതെല്ലാമാണ് ധനാനുമതിയ്ക്കായി കിഫ്ബിയിൽ ഡി.പി.ആർ. ഇനിയും സമർപ്പിക്കാനുള്ളത്; വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ റോഡുകളുടെ നവീകരണം

3074 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിനു മുന്നോടിയായി കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നവീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## ചവറ-ഭരണിക്കാവ് റോഡ് ദേശീയപാതയാക്കാൻ നടപടി

3075 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എൽ. കമ്പനിയുടെ മുന്നിൽ നിന്നും ആരംഭിച്ച് ശാസ്താംകോട്ട ഭരണിക്കാവ് വരെയുള്ള പൊതുമരാമത്ത് റോഡ് ദേശീയ പാതയായി വികസിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മിക്കുന്നത് എത്ര മീറ്റർ വീതിയിലാണ്; ഇതിന്റെ അലൈൻമെന്റ് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## റോഡ് നവീകരണം

3076 **ശ്രീ എം നൗഷാദ്**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നവീകരണ മേഖലയിൽ ഗവേഷണത്തിനും വികസനത്തിനുമായി ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) റോഡുകളുടെ സുസ്ഥിര വികസനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകി വികസിപ്പിച്ച നവീന സാങ്കേതിക വിദ്യകൾ വിശദമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ കടുത്തചൂട്, മഴമൂലമുണ്ടാകുന്ന ഉറവകൾ, കൊടും തണുപ്പ് എന്നീ കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രതികൂല ഘടകങ്ങൾ പരിഹരിക്കാൻ കഴിയുന്ന എന്തെല്ലാം സാങ്കേതികവിദ്യകളാണ് പ്രായോഗികമായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ?

## പൊതുമരാമത്ത് റോഡുകളോടനുബന്ധിച്ച് സജ്ജമാക്കിയിട്ടുള്ള സൈക്കിൾ ട്രാക്കുകളുടെ വിശദാംശങ്ങൾ

3077 **ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നഗര റോഡുകളോടനുബന്ധിച്ച് സൈക്കിൾ ട്രാക്ക് ഒരുക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കേരളത്തിലെ പൊതുമരാമത്ത് റോഡുകളോടനുബന്ധിച്ച് സജ്ജമാക്കിയിട്ടുള്ള സൈക്കിൾ ട്രാക്കുകളുടെ വിശദാംശം ലഭ്യമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

3078 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) നിരന്തരമായ ഇടപെടലുകൾ നടത്തിയിട്ടും 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാകുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലഭ്യമായ വീതിയിൽ മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പൊതുമരാമത്ത് റോഡ് പുനർനിർമ്മാണവും ബഡ്ജറ്റ് വിഹിതവും

3079 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാതകളുടെ ആകെ നീളം എത്രയെന്നും അതിൽ ഈ സർക്കാരിന്റെ കാലത്ത് പുനർ നിർമ്മിച്ച പാതകളുടെ ദൈർഘ്യം എത്രയെന്നും പൊതുമരാമത്ത് ഡിവിഷൻ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ശോചനീയാവസ്ഥയിലുള്ള പൊതുമരാമത്ത് പാതകളുടെ ആകെ ദൈർഘ്യം എത്രയെന്ന് പൊതുമരാമത്ത് ഡിവിഷൻ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇവ പുനർ നിർമ്മിക്കുന്നതിന് നിലവിൽ ഫണ്ട് വകയിരുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കിഫ്ബി നിലവിൽ വരുന്നതിനു മുമ്പുള്ള രണ്ടുവർഷവും നിലവിൽ വന്നതിനുശേഷം നാളിതുവരെയുള്ള ഓരോ വർഷവും പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; വകയിരുത്തിയ തുകയിലുള്ള വ്യതിയാന ശതമാനം സഹിതമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## പെരുമ്പളം ഗ്രാമീണ റോഡുകളുടെ ഏറ്റെടുക്കൽ

3080 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം ഗ്രാമപ്പഞ്ചായത്തിലെ ഗ്രാമീണറോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പെരുമ്പളം പാലം നിർമ്മാണം പൂർത്തീകരിക്കുന്നതോടുകൂടി പെരുമ്പളം പ്രദേശത്തെ റോഡുകൾ ഉന്നതനിലവാരത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പുരോഗതി

3081 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പുരോഗതി റീച്ചുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) ഇടുക്കി ജില്ലയിലെ അലൈന്റ്മെന്റിൽ നിന്നും ഒഴിവാക്കിയ ആറാംമൈൽ-എളംപ്ലാശേരി-കുറത്തിക്കുടി റീച്ച് ഉൾപ്പെടുത്തണമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അലൈന്റ്മെന്റ് ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പാലാ റിവർവ്യൂ റോഡ് നിർമ്മാണം

3082 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരമറ്റം മുതൽ ആർ. വി. പാർക്ക് വരെയുള്ള പാലാ റിവർവ്യൂ റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ തടസ്സങ്ങൾ പരിഹരിച്ച് റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ മലയോര ഹൈവേ

3083 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നടക്കുന്ന മലയോര ഹൈവേയുടെ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## പൊതുമരാമത്ത് റോഡുകളുടെ ആസ്തി രജിസ്റ്റർ

3084 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ;

(ബി) അവസാനമായി പൊതുമരാമത്ത് റോഡുകളുടെ ആസ്തി പുതുക്കിയത് എന്നാണ്; നിലവിൽ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള എത്ര പ്രൊപ്പോസലുകൾ പെൻഡിംഗിലുണ്ട് ; വിശദമാക്കുമോ;

(സി) കാലോചിതമായി പൊതുമരാമത്ത് റോഡുകളുടെ ആസ്തി രജിസ്റ്റർ പുതുക്കുന്നതിനും അതിനനുസൃതമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## കോടഞ്ചേരി കക്കാടംപൊയിൽ മലയോര ഹൈവേ

3085 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ൽ കോടഞ്ചേരി കക്കാടംപൊയിൽ മലയോര ഹൈവേയുടെ നിർമ്മാണത്തിനായുള്ള ടെൻഡർ ഉറപ്പിച്ചതിന്റെ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ; ടെൻഡർ പ്രകാരം കൂമ്പാറ ആനക്കല്ലുംപാറ മുതൽ താഴെ കക്കാട് വരെ 6.700 കിലോമീറ്റർ നീളത്തിൽ പുതിയ റോഡ് നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നോ; പുതിയ റോഡ് നിർമ്മിക്കുന്നതിന് നാറ്റ് പാക്ക് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പും നാറ്റ് പാക്ക് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ റോഡ് നിർമ്മാണത്തിനായി ഇറക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനക്കല്ലുംപാറ മുതൽ താഴെ കക്കാടംപൊയിൽ വരെ 6.700 കിലോമീറ്റർ നീളത്തിലുള്ള റോഡ് നിർമ്മാണത്തിനായി ഭൂഉടമകൾ ആവശ്യമായ ഭൂമി സൗജന്യമായി വിട്ടു നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; പ്രസ്തുത ഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് പൊതുമരാമത്ത് വകുപ്പ് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് കെ.ആർ.എഫ്.ബി.യ്ക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എർത്ത് വർക്ക് കരാറുകാരായ യു.എൽ.സി.സി.എസ് തുടങ്ങുകയും ചെയ്തതിനുശേഷം ആനക്കല്ലുംപാറ താഴെ കക്കാടംപൊയിൽ റോഡിന്റെ പ്രവൃത്തി നിർത്തിവയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കോടഞ്ചേരി താഴെ കക്കാടംപൊയിൽ വരെയുള്ള മലയോര ഹൈവേ റോഡിൽ കൂമ്പാറ ആനക്കല്ലുംപാറ മുതൽ അകമ്പുഴ താഴെ കക്കാടംപൊയിൽ വരെ 16/10/2018 ലെ സർക്കാർ ഉത്തരവ് പ്രകാരം നിർമ്മിക്കേണ്ട 6.7കി.മി റോഡ് ഒഴിവാക്കി മറ്റൊരു ഫണ്ട് ഉപയോഗിച്ച് നേരത്തെ പ്രവൃത്തി നടത്തിയ കക്കാടംപൊയിൽ റോഡിലൂടെ താഴെ കക്കാടം പൊയിലിലേക്ക് മലയോര ഹൈവേ ജോയിന്റ് ചെയ്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം 6.7 കിലോമീറ്റർ റോഡ് നിർമ്മാണം ഒഴിവാക്കിയ ഇനത്തിൽ കരാർ തുകയിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ കുറവ് വരുത്തി; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കോടഞ്ചേരി കക്കാടംപൊയിൽ മലയോര ഹൈവേയിൽ നിന്നും ഒഴിവാക്കിയ കൂമ്പാറ ആനക്കല്ലുംപാറ അകമ്പുഴ താഴെ കക്കാട് റോഡ് നിർമ്മാണത്തിന് (മലയോര ഹൈവേയിൽ നിന്നും ഒഴിവാക്കിയ പുതിയ റോഡ്) കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 6.7കി.മി. റോഡിന്റെ നിർമ്മാണം ഒഴിവാക്കിയിട്ടും കരാർ തുകയിൽ കുറവ് വരുത്താതെ തുക ഉയർത്തി നൽകിയതും ആദ്യത്തെ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട റോഡിന് കിഫ്ബി മുഖേന പ്രത്യേകം തുക അനുവദിച്ചു നൽകിയതിലൂടെയും 144 കോടി രൂപയ്ക്ക് പൂർത്തിയാക്കേണ്ട പ്രോജക്ടിന് ഫലത്തിൽ 225 കോടി രൂപ ചെലവഴിച്ച സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>റോഡ് പുനർനാമകരണം</u>

3086 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ നിന്നും കുത്താട്ടുകുളത്തിന് പോകുന്ന റോഡിന്റെ മുത്തോലിപുരം മൃഗാശുപത്രി ജംഗ്ഷനിൽ നിന്നും 2.2 കിലോമീറ്റർ ദൂരത്തിൽ ആച്ചിക്കൽ ഭാഗത്ത് ഉദയഗിരി പള്ളിക്കു സമീപം എം.സി. റോഡിലേക്ക് ചേരുന്ന പി.ഡബ്ല്യു.ഡി. റോഡിന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ റോഡ് എന്ന് നാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് വിഭാഗം) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ; വിശദമാക്കാമോ; ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലതാമസം എന്തെന്ന് വിശദീകരിക്കാമോ?

**<u>നെന്മേനി - സീതാർകുണ്ട് റോഡിന്റെ പുനർ നിർമ്മാണം</u>**

3087 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെന്മേനി - സീതാർകുണ്ട് റോഡിന്റെ ശോചനീയാവസ്ഥ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പണികൾ പാതി വഴിയിൽ നിർത്താനുണ്ടായ കാരണം വിശദമാക്കുമോ;

(സി) ടൂറിസം കേന്ദ്രത്തിലേയ്ക്കുള്ള പ്രസ്തുത റോഡിന്റെ പ്രവൃത്തി അടിയന്തരമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോയെന്നും റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

**<u>അങ്കമാലി-മഞ്ഞപ്ര- മലയാറ്റൂർ പൊതുമരാമത്ത് റോഡ്</u>**

3088 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-മഞ്ഞപ്ര- മലയാറ്റൂർ പൊതുമരാമത്ത് റോഡിൽ കരിങ്ങാലിക്കാട് ജംഗ്ഷനിലെ കൽവർട്ടിന്റെ അപാകത മൂലം നിത്യവും അപകടമുണ്ടാകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിലെ ഇടുങ്ങിയ കൽവർട്ട് മാറ്റി സ്ഥാപിക്കുന്നതിനും, അപകട രഹിതമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>തൃശ്ശൂർ-കുറ്റിപ്പുറം പാതയിലെ കേച്ചേരി ജംഗ്ഷൻ വികസനം</u>**

3089 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിലെ കേച്ചേരി ജംഗ്ഷൻ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് ബൈപ്പാസ് പൂർത്തീകരണത്തോടെ കോഴിക്കോട് ഭാഗത്ത് നിന്ന് തൃശ്ശൂരിലേക്കും തിരിച്ചും പോകുന്ന വാഹനങ്ങൾ ഈ ജംഗ്ഷനിൽ എത്തിച്ചേരുമ്പോൾ ഗതാഗതക്കുരുക്ക് രൂക്ഷമാകുമെന്നതിനാൽ കേച്ചേരി ജംഗ്ഷൻ വികസിപ്പിക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

**<u>മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമാണ പുരോഗതി</u>**

3090 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിൽ തൊടുപുഴ ആറിനു കുറുകെ മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

**<u>കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ കേരളത്തിലെ റോഡ് വികസനം</u>**

3091 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ കേരളത്തിലെ ഗതാഗത രംഗത്ത് റോഡുകളുടെ നവീകരണത്തിനായും പുതിയ റോഡുകളുടെ നിർമ്മാണത്തിനായും ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപയാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് ;

(സി) കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി കേന്ദ്രസർക്കാർ പണം വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് ഇതിന് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) പ്രസ്തുത ഹൈവേയെ ഹൈ സ്പീഡ് കോറിഡോർ ആയി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഹൈവേയിലേക്ക് പ്രവേശിക്കാനും പുറത്തുകടക്കാനും അനുവദിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതെല്ലാം സ്ഥലങ്ങളിലാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കാമോ;

(ഇ) ദേശീയപാത 966-ൽ രാമനാട്ടുകര മുതൽ കുളത്തൂർ (കോഴിക്കോട് എയർപോർട്ട് ജംഗ്ഷൻ) വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും അനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

**<u>ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന വെള്ളക്കെട്ട്</u>**

3092 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെ നിലവാരം ഉയർന്നപ്പോൾ റോഡിന്റെ ഇരു വശങ്ങളിലും നിർമ്മിച്ചിട്ടുള്ള ഓടകൾ സമീപ ഭൂനിരപ്പിനെക്കാൾ ഉയർന്നത് കാരണം ദേശീയപാത കടന്ന് പോകുന്ന ഭാഗങ്ങളിൽ ഇരുവശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടുന്നത് പ്രദേശവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകുമോയെന്നും വിശദമാക്കാമോ?

## മലയോര ഹൈവേ - ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെയുള്ള നിർമ്മാണം

3093 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 2021 ഒക്ടോബർ 5-ാം തീയതി ചേർന്ന യോഗത്തിൽ മലയോര ഹൈവേയുടെ അലൈൻമെന്റിൽ നിന്നും ആറാം മൈൽ, എളംപ്ലാശ്ശേരി, കുരുത്തിക്കുടി ഭാഗം ഒഴിവാക്കാൻ തീരുമാനിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള ദേശീയ പാത മലയോര ഹൈവേ ആയി ഉപയോഗിക്കുവാനും ആറാം മൈൽ മുതൽ എളംപ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുവാനും അനുമതി ലഭിച്ചിരുന്നോ; വിശദമാക്കുമോ;

(സി) എളംപ്ലാശ്ശേരി മുതൽ കുരുത്തിക്കുടി വരെ 5.5 മീറ്റർ വീതിയിൽ പേവർ ബ്ലോക്ക് വച്ച് നിർമ്മാണം നടത്തുവാൻ എടുത്ത തീരുമാനം നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) പ്രദേശത്തിന്റെ പൊതുവായ വികസനത്തിനും ടൂറിസം മേഖലയുടെ വികസനത്തിനും വലിയ സാധ്യത നൽകുന്ന പദ്ധതിയായ മലയോര ഹൈവേയുമായി ബന്ധപ്പെട്ട് 2021 ഒക്ടോബർ 5-ാം തീയതി നടന്ന യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ റോഡുകൾ

3094 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ നിലവിൽ എത്ര കിലോമീറ്റർ റോഡുകളുണ്ട് എന്നറിയിക്കുമോ; വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര കിലോമീറ്റർ ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ; ഓരോ റോഡിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പൊതുമരാമത്ത് റോഡുകൾക്ക് ബി.എം. ആൻഡ് ബി.സി. നിലവാരം

3095 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയിട്ടില്ലാത്ത പൊതുമരാമത്ത് റോഡുകൾ പ്രസ്തുത നിലവാരത്തിലേക്ക് ഉയർത്തുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) മുഴുവൻ റോഡുകളും എത്ര വർഷത്തിനുള്ളിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്താൻ കഴിയുമെന്ന് അറിയിക്കാമോ?

## കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡ്

3096 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡ് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് ഏതെങ്കിലും സാങ്കേതികപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് -നഷ്ടപരിഹാര വിതരണം

3097 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ നഷ്ടപരിഹാര വിതരണത്തിനുള്ള നടപടികൾ പുനരാരംഭിച്ചിട്ടുണ്ടോയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പബ്ലിക് - പ്രൈവറ്റ് പാർട്ണർഷിപ്പ് അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാര വിതരണത്തിൽ നിലവിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്നും ഭൂവുടമകൾക്ക് നഷ്ടപരിഹാരം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്

3098 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത റോഡ് നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കലിനുമായുള്ള ചെലവിന്റെ കേന്ദ്ര-സംസ്ഥാന അനുപാതം വിശദമാക്കുമോ; ഭൂമി വിട്ടു നൽകുന്നവർക്കുള്ള നഷ്ടപരിഹാര തുക പൂർണ്ണമായും എന്നു മുതൽ കൊടുക്കാനാകും എന്നറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ആലുവ - മൂന്നാർ റോഡ് നിർമ്മാണം

3099 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ - മൂന്നാർ റോഡ്(ആലുവ മുതൽ കോതമംഗലം വരെ) നാലുവരിപ്പാതയാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ

നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചൊറുക്കള- ബാവുപ്പറമ്പ-മയ്യിൽ-കൊളോളം എയർപോർട്ട് ലിങ്ക് റോഡ്</u>**

3100 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ മണ്ഡലത്തിലെ ചൊറുക്കള- ബാവുപ്പറമ്പ-മയ്യിൽ-കൊളോളം എയർപോർട്ട് ലിങ്ക് റോഡിന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

**<u>പതിനാറുങ്ങൽ -വെന്നിയൂർ ബൈപ്പാസ് റോഡുനിർമ്മാണം</u>**

3101 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദ്ദിഷ്ട പതിനാറുങ്ങൽ-വെന്നിയൂർ ബൈപ്പാസ് റോഡുനിർമ്മാണത്തിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) സാങ്കേതികാനുമതിയും, ടെണ്ടർ നടപടികളും പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഇനിയും എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത് എന്നറിയിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

**<u>കോന്നി മണ്ഡലത്തിലെ റോഡുനിർമ്മാണം</u>**

3102 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ നിർമ്മാണപ്രവൃത്തി ആരംഭിച്ച ആനയടി -കൂടൽ റോഡ്, ഇളമണ്ണൂർ - കലഞ്ഞൂർ- പാടം റോഡ്, അളിയൻമുക്ക്- കൊച്ചുകോയിക്കൽ റോഡ്, മലയാലപ്പുഴ റോഡ് എന്നീ പ്രവൃത്തികളുടെ നിർമ്മാണപുരോഗതി വിശദമാക്കാമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

**<u>പിട്ടുപീടിക - മങ്കോട് റോഡ് നിർമ്മാണ പ്രവൃത്തി</u>**

3103 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊടുവായൂർ - പുതുനഗരം ഗ്രാമപ്പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പിട്ടുപീടിക - മങ്കോട് റോഡിന്റെ പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നിലവിലുള്ള തടസ്സങ്ങൾ അടിയന്തരമായി പരിഹരിച്ച് റോഡുപണി എന്ന് തുടങ്ങാൻ

കഴിയുമെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**<u>അഴീക്കോട് മണ്ഡലത്തിലെ തീരദേശ ഹൈവേ നിർമ്മാണം</u>**

3104 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിൽ വരുന്ന തീരദേശ ഹൈവേ ക്ലസ്റ്ററിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ; നിലവിലെ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കോഴിക്കോട് അരയിടത്തുപാലം - കാരന്തൂർ റോഡ് ഭൂമി ഏറ്റെടുക്കൽ പദ്ധതി</u>**

3105 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അരയിടത്തുപാലം - കാരന്തൂർ റോഡ് ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ഭാഗത്തു നിന്നുള്ള നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കാരപൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തി സംബന്ധിച്ച്</u>**

3106 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തരൂർ മണ്ഡലത്തിലെ 2.45 കോടി രൂപയുടെ കാരപൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം</u>**

3107 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ നിന്നും എത്ര തുകയാണ് ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കെതിരെ ചില സ്വകാര്യ വ്യക്തികൾ നൽകിയിട്ടുള്ള കേസുകൾ അല്ലാതെ കോടതിയിൽ നിന്നും സ്റ്റേ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; പ്രവൃത്തി വേഗത്തിലാക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പാറശാല മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

3108 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പാറശാല മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ്, സി.ആർ.എഫ്. എന്നിവ ഉപയോഗിച്ച് പാറശാല മണ്ഡലത്തിൽ പൂർത്തിയാക്കിയ റോഡ് പ്രവൃത്തികളുടെ വിവരം നൽകാമോ?

**<u>കോങ്ങാട് മണ്ഡലത്തിലെ ടിപ്പു സുൽത്താൻ റോഡ് നിർമ്മാണം</u>**

3109 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്നതും കെ.ആർ.എഫ്.ബി.യ്ക്ക് നിർവ്വഹണ ചുമതലയുള്ളതുമായ ടിപ്പു സുൽത്താൻ റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ മൈനർ ബ്രിഡ്ജ് നിർമ്മാണപുരോഗതി വിവരം ലഭ്യമാക്കാമോ?

**<u>തിരുവല്ല മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ</u>**

3110 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ നെടുംകുന്നം-കാവനാൽകടവ്, തേലമൺ-പുല്ലുകുത്തി റോഡുകൾ ജൽജീവൻ പദ്ധതിയ്ക്കായി കുഴിച്ചപ്പോൾ ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഉുത്തുക്കടി ദേശീയപാത നിർമ്മാണം</u>**

3111 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളംവഴി കടന്നുപോകുന്ന ഉുത്തുക്കടി ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

**<u>കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ</u>**

3112 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ എത്ര കിലോ മീറ്റർ നീളത്തിലാണ് കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ എത്ര കിലോ മീറ്റർ നീളത്തിലാണ് തീരദേശ ഹൈവേ കടന്നു പോകുന്നത്; എത്ര പാലങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട് എന്നറിയിക്കുമോ?

## കുറ്റ്യാടിയിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നത്

3113 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നടത്തിയ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവർത്തികൾ

3114 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ വിവിധ ഫണ്ടുകളിൽ നിന്നും അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഓരോ പദ്ധതികൾക്കും അനുവദിച്ചിട്ടുള്ള തുക, പ്രവൃത്തികൾ അനുവദിച്ച പഞ്ചായത്ത് എന്നിവ സംബന്ധിച്ച വിവരങ്ങൾ തരംതിരിച്ച് വിശദമാക്കാമോ?

## പീരുമേട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികൾ

3115 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ ടെസ്റ്റ് മുതൽ സ്ട്രക്ച്ചറൽ ഡിസൈൻ വരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാൻ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ രണ്ടുവർഷംവരെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കഴക്കൂട്ടം മണ്ഡലത്തിൽ നിർമ്മാണം നടന്നു വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി

3116 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിൽ നടന്നു വരുന്ന ആക്കുളം എൻ.സി.സി. ആസ്ഥാനം, മണ്ണന്തല എൻ.സി.സി. ആസ്ഥാനം, പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി., കഴക്കൂട്ടം ഗവൺമെൻറ് എച്ച്.എസ്.എസ്., മണ്ണന്തല ഗവൺമെൻറ് എച്ച്.എസ്.എസ്., സി.ഇ.റ്റി. ലാബ്

കോംപ്ലക്സ്, സി.ഇ.റ്റി. ജിയോടെക് രണ്ടാം ഘട്ടം, സൈനിക് സ്കൂൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ?

**ആറ്റിങ്ങൽ പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിന്റെ സൈഡ് വാളിന്റെ ബലക്ഷയം**

3117 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിന്റെ സൈഡ് വാൾ പൊളിഞ്ഞിരിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദേശീയപാതയോരത്ത് ഉയരത്തിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ സൈഡ് വാളിന്റെ ബലക്ഷയം വലിയ അപകടസാധ്യത സൃഷ്ടിക്കുന്ന സാഹചര്യത്തിൽ വകുപ്പ് കൈകൊള്ളാൻ ഉദ്ദേശിക്കുന്ന പരിഹാരനടപടികൾ വിശദമാക്കാമോ?

**കഴക്കൂട്ടം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

3118 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിലെ കടംകംപള്ളി എഫ്.എച്ച്.സി.യുടെ പുതിയ കെട്ടിടം, മെഡിക്കൽ കോളേജ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ മന്ദിരത്തിന്റെ ഒന്നും രണ്ടും ഘട്ട നിർമ്മാണം, ചേങ്കോട്ടുകോണം, കാര്യവട്ടം, കുളത്തൂർ, പൗണ്ട്കടവ് എന്നിവിടങ്ങളിലെ ഗവൺമെന്റ് എൽ.പി. സ്കൂളുകൾക്ക് പുതിയ കെട്ടിടം, കഴക്കൂട്ടം വനിതാ ഐ.ടി.ഐ. അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, കാര്യവട്ടം ഗവൺമെന്റ് കോളേജ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവയുടെ പൂർത്തീകരണം സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

**നെന്മാറ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

3119 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി. കെട്ടിടം, കൊടുവായൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മുതലമട ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടും നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**തളിപ്പറമ്പ് റവന്യൂ ടവർ നിർമ്മാണത്തിന്റെ പുരോഗതി**

3120 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് റവന്യൂ ടവർ നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണ പട്ടിക (എക്സിക്യൂഷൻ ഷെഡ്യൂൾ) ലഭ്യമാക്കാമോ?

## ചെറുന്നിയൂർ ഗവൺമെൻറ് എച്ച്. എസ്. എസ്.-ൽ ഓഡിറ്റോറിയം

3121 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുന്നിയൂർ ഗവൺമെൻറ് എച്ച്.എസ്.എസ്.-ൽ പുതിയ ഓഡിറ്റോറിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ഒലിപ്പാറ പാലം നിർമ്മാണം

3122 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ഒലിപ്പാറ പാലം നിർമ്മാണത്തിന്റെ പുരോഗതി വിവരം ലഭ്യമാക്കാമോ?

## റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണം

3123 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## മാങ്കാവ് മേൽപ്പാലം

3124 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കാവ് ജംഗ്ഷനിലെ മേൽപ്പാലം നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) മേൽപ്പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചോ; വ്യക്തമാക്കാമോ;

(സി) മേൽപ്പാലം നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## അമ്പലപ്പുഴ മണ്ഡലത്തിലെ മേൽപ്പാല നിർമ്മാണങ്ങൾ

3125 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച് 66 നിർമ്മാണത്തിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളി, പായൽകുളങ്ങര, അമ്പലപ്പുഴ കച്ചേരിമുക്ക്, വളഞ്ഞവഴി എസ്.എൻ. കവല, നീർക്കുന്നം മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ അടിപ്പാത/ മേൽപ്പാലം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ എവിടെയെല്ലാമാണ് നാഷണൽ ഹൈവേ അതോറിറ്റി അവ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ;

(ബി) പായൽക്കുളങ്ങര, വളഞ്ഞവഴി എസ്.എൻ. കവല എന്നീ ഭാഗങ്ങളിൽ തീരദേശവുമായും കുട്ടനാട്ടുമായും ബന്ധപ്പെടുന്ന പ്രധാന സ്ഥലങ്ങൾ എന്ന നിലയിൽ അടിപ്പാത നിർമ്മിക്കേണ്ടതിന്റെ ആവശ്യകത വീണ്ടും നാഷണൽ ഹൈവേ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ സമാന്തര പാലങ്ങളുടെയും എളങ്കുന്നപ്പുഴ-പൂക്കോട് പാലത്തിന്റെയും നിർമ്മാണം</u>

3126 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഒന്നും മൂന്നും ഗോശ്രീ സമാന്തര പാലങ്ങളുടെയും എളങ്കുന്നപ്പുഴ - പൂക്കോട് പാലത്തിന്റെയും നിർമ്മാണ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലത്തിന്റെ ഭരണാനുമതി</u>

3127 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലത്തിന് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഭരണാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>പല്ലശ്ശന - കണ്ണനിക്കടവ് പാലം നിർമ്മാണം</u>

3128 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പല്ലശ്ശന - കണ്ണനിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പാലത്തിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് നിർദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പൊതു ജനങ്ങൾക്കായി പാലം എന്ന് തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പാലങ്ങൾ</u>

3129 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ നിർമ്മാണ അനുമതിയ്ക്കായി നടപടികൾ ആരംഭിച്ചിട്ടുള്ള പാറക്കൂട്ടം പാലം, പായുംതുരുത്ത് പാലം, പുല്ലൂറ്റ് പാലം എന്നിവ ഓരോന്നിനും എത്ര

രൂപ വീതം അനുവദിച്ചുവെന്നും പ്രസ്തുത പാലങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

## കഞ്ഞിക്കുഴി ഫ്ലൈ ഓവറിന്റെ നിർമ്മാണ പുരോഗതി

3130 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ കോട്ടയം കഞ്ഞിക്കുഴി ഫ്ലൈഓവറിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## കായംകുളം മണ്ഡലത്തിലെ മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

3131 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് അനുവദിച്ച തുക എത്രയെന്നും ഏതൊക്കെ സ്കീമിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതിക അനുമതി, ടെണ്ടർ ചെയ്ത തീയതികൾ, ടെണ്ടറിൽ പങ്കെടുത്ത കരാറു കമ്പനികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചെങ്ങോലിച്ചിറ പാലം നിർമ്മാണം

3132 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കോഹിനൂർ-പുത്തൂർപള്ളിക്കൽ-കുമ്മിണിപ്പറമ്പ്-തറയിട്ടാൽ റോഡിലെ ചെങ്ങോലിച്ചിറ പാലത്തിൽ നടന്ന അപകടത്തിൽ ഒരാൾ മരണപ്പെടുകയും എട്ടു പേർക്ക് പരിക്കേൽക്കുകയും ചെയ്ത സാഹചര്യത്തിൽ പാലത്തിന്റെ അലൈൻമെന്റ് മാറ്റി അപകട സാധ്യത ഒഴിവാക്കി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പാലം നിർമ്മിക്കുന്നതിന് മുമ്പായി നടത്തേണ്ട മണ്ണ് പരിശോധനാ പ്രവൃത്തിയുടെ ഭരണാനുമതിക്കായി ഡി.പി.ആർ. ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) തകർന്ന പാലത്തിന്റെ കൈവരി പുനരുദ്ധരിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## അഴീക്കോട്-മുനമ്പം പാലം

3133 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും 154.626 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 16.12.2021-ന് 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ള അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി മുനമ്പം ഭാഗത്തെ പെട്രോൾ പമ്പിന്റെ സ്ഥലം ഏറ്റെടുക്കുന്നതിലുള്ള കാലതാമസം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പാലത്തിനായി ഏറ്റെടുക്കുന്ന പള്ളിപ്പുറം പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിനും അവിടെയുള്ള കെട്ടിടത്തിനും നഷ്ടപരിഹാര തുക ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## നെല്ലിപ്പുഴ ഇരുമ്പുപാലത്തിന്റെ സംരക്ഷണം

3134 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ നെല്ലിപ്പുഴക്ക് കുറുകെ ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ച ഇരുമ്പുപാലം തുരുമ്പെടുത്തും കാടുപിടിച്ചും നശിയ്ക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) നെല്ലിപ്പുഴ പാലം സംരക്ഷിത സ്മാരകമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പാലം മോടി പിടിപ്പിച്ച് ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും പരിപാലനത്തിനുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## കോതിപ്പാലം-ചക്കുംകടവ്-പന്നിയങ്കര ഫ്ലൈഓവർ

3135 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപ്പ് പദ്ധതിയിൽപ്പെട്ട കോതിപ്പാലം-ചക്കുംകടവ്-പന്നിയങ്കര ഫ്ലൈഓവർ പ്രവൃത്തിയുടെ ഇതുവരെ പൂർത്തീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മണികണ്ഠൻ ചാൽ പാലം നിർമ്മാണം

3136 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപ്പഞ്ചായത്തിലെ മണികണ്ഠൻ ചാൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വനംവകുപ്പിന്റെ ഭാഗത്തുനിന്നും പ്രസ്തുത പദ്ധതിക്ക് എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പാലം നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

3137 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനക്കടവ് പാലം, ഇഞ്ചത്തൊട്ടി പാലം, ചെറുവട്ടൂർ അടിവാട്ട് പാലം, പിണ്ടിമന പഞ്ചായത്തിലെ പുലിമല പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബ്രിഡ്ജസ് വിഭാഗം ഇതുവരെ സ്വീകരിച്ച നടപടികൾ പാലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവിനു കുറുകെയുള്ള കുറുമാലി പാലം നിർമ്മാണം

3138 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവിനു കുറുകെയുള്ള കുറുമാലി പാലത്തിന്റെ നിർമ്മാണത്തിനുള്ള പുതുക്കിയ ഭരണാനുമതിയ്ക്കായി സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി നല്കിയിട്ടുണ്ടോ: അതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## എസ്.എൽ.ടി.എഫ്., ഫ്ലെഡ്, റണ്ണിംഗ് കോൺട്രാക്ട് ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികൾ

3139 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൽ.ടി.എഫ്., ഫ്ലെഡ്, റണ്ണിംഗ് കോൺട്രാക്ട് ഫണ്ടുകൾ എന്നിവ ഇപ്പോൾ അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒൻപത് വർഷക്കാലം കാസർകോട് ജില്ലയ്ക്ക് പ്രസ്തുത മൂന്ന് ഫണ്ടുകളിൽ നിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുവദിച്ച ഫണ്ടുകൾ വിനിയോഗിച്ച് അഭിവൃദ്ധിപ്പെടുത്തിയ റോഡുകളുടെ പേരു വിവരം, ചെലവഴിച്ച തുക എന്നിവ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിലെ പദ്ധതികൾ

3140 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് പൊതുമരാമത്ത് വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ പുന: ക്രമീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം പുന: ക്രമീകരിച്ചിട്ടുണ്ടെങ്കിൽ മുൻഗണന അടിസ്ഥാനത്തിൽ ആകെ ചെലവഴിക്കേണ്ട പദ്ധതി വിഹിതം എത്രയാണെന്നറിയിക്കുമോ; നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഇത് ബജറ്റിൽ വകുപ്പിനായി വകയിരുത്തിയ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

## എം.സി. റോഡ് നാല് വരിയാക്കാൻ നടപടി

3141 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എം.സി. റോഡ് നാല് വരിയാക്കൽ പദ്ധതിയ്ക്ക് തീരുമാനം എടുത്തിട്ടുണ്ടോയെന്നും ഈ പദ്ധതിക്കായി സാധ്യതാ പഠനം നടത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ; വാഹനങ്ങളുടെ ബാഹുല്യം കൂടിയ സാഹചര്യത്തിൽ പ്രസ്തുത റോഡ് നാല് വരിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് ഹൈവേ പദ്ധതി

3142 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് ഹൈവേ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനസർക്കാർ എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ

3143 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാര ഇനത്തിൽ സംസ്ഥാനം നൽകേണ്ടത് എത്ര കോടി രൂപയാണെന്നും

പ്രസ്തുത തുക ഏത് രീതിയിൽ കണ്ടെത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) കിഫ്ബിയുടെ പ്രവർത്തനം പ്രതിസന്ധിയിൽ ആയിട്ടുള്ള സാഹചര്യത്തിൽ, ഫണ്ട് കണ്ടെത്തുന്നതിന് മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## ടൂറിസ്റ്റുകളെ ആകർഷിക്കാൻ ദീപാലംകൃത പാലങ്ങൾ

3144 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ അടിഭാഗം വൃത്തിഹീനമായും ഉപയോഗശൂന്യമായും കിടക്കുന്നത് മാറ്റി ജനങ്ങൾക്ക് ഉപകാരപ്രദമാക്കിത്തീർക്കാൻ ഇതുവരെ ഏതെല്ലാം സ്ഥലത്താണ് പ്രവർത്തനം നടത്തിയതെന്ന് വ്യക്തമാക്കാമോ; ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ ഏറ്റെടുത്ത പാലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പാലങ്ങളാണ് മനോഹരമായി ദീപാലംകൃതമാക്കി ടൂറിസ്റ്റുകളെയുൾപ്പെടെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ മാറ്റിയിട്ടുള്ളത് എന്ന വിശദാംശം ലഭ്യമാക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതികൾ

3145 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## പയ്യന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ

3146 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും തുകയും നിലവിലെ അവസ്ഥയും വിശദമാക്കാമോ?

## കോഴിക്കോട് എൻ.ജി.ഒ. ക്വാട്ടേഴ്സ് മാസ്റ്റർ പ്ലാൻ

3147 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നറിയിക്കുമോ;

(ബി) മാസ്റ്റർ പ്ലാനിന്റെ രൂപരേഖ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം</u>

3148 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ ആവശ്യമായ ഉദ്യോഗസ്ഥരില്ലാത്തതിനാൽ പ്രവർത്തനം തടസ്സപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതുപ്പള്ളി മണ്ഡലത്തിൽ നിലവിൽ ജല അതോറിറ്റി പ്രവൃത്തി പൂർത്തിയാക്കി ക്വാളിറ്റി പരിശോധനയ്ക്കായി പൊതുമരാമത്ത് വകുപ്പിനു കൈമാറിയ എത്ര പ്രൊപ്പോസലുകൾ തീർപ്പാക്കുവാനുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## <u>വണ്ടൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

3149 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിൽ 2016 മേയ് മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## <u>ദേശീയപാത 66-ന്റെ പൂർത്തീകരണം</u>

3150 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി ജോയി**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ പൂർത്തീകരണത്തിനായി നിർമ്മിക്കേണ്ട എലിവേറ്റഡ് ഹൈവേകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ ഹൈവേകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; എലിവേറ്റഡ് ഹൈവേകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പൂർത്തിയാക്കിയതും നിർമ്മാണത്തിലിരിക്കുന്നതുമായ തുരങ്കപാതകളുടെ വിശദാംശം അറിയിക്കാമോ;

(ഡി) വയനാട് തുരങ്കപാതയുടെ പുരോഗതി വിശദമാക്കാമോ?

**പുതിയ ദേശീയപാതാ വികസനപദ്ധതികൾ**

3151 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കേന്ദ്രത്തിന് മുമ്പിൽ പുതുതായി സമർപ്പിച്ച ദേശീയപാതാ വികസനപദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത റോഡുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) പോർട്ട് കണക്റ്റിവിറ്റി റോഡുകൾ വികസിപ്പിക്കുന്നതിന് ദേശീയപാത അതോറിറ്റി പദ്ധതി തയ്യാറാക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**ദേശീയപാത 66 ന്റെ വികസനം**

3152 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ദേശീയപാത 66 ന്റെ വികസനവുമായി ബന്ധപ്പെട്ട് എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും, ഇതിനുള്ള പ്രതിഫലമായി എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട അലൈൻമെന്റ് നടപടികൾ ആരംഭിച്ചത് എന്നാണെന്നും, ആയത് എന്നാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ദേശീയപാത കടന്നുപോകുന്ന കായംകുളം മണ്ഡലത്തിന്റെ ഭാഗങ്ങളിൽ എത്ര അടിപ്പാതകൾ ഉണ്ടെന്നും, അവ ഏതൊക്കെയാണെന്നും പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള അടിപ്പാതകൾ ഏതൊക്കെയാണെന്നും, ഓരോന്നിന്റെയും വീതിയും ഉയരവും എത്രയാണെന്നും വിശദമാക്കാമോ;

(ഡി) ദേശീയപാത 66 ന്റെ വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ നിർദ്ദേശങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ആരാഞ്ഞിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ദേശീയപാത 66 ന്റെ വികസനവുമായി ബന്ധപ്പെട്ട അലൈൻമെന്റ് തയ്യാറാക്കുന്ന ഏതെങ്കിലും ഘട്ടത്തിൽ കായംകുളം മണ്ഡലത്തിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കോടംതുരുത്ത് അമിനിറ്റി സെന്ററിനുണ്ടായ നാശനഷ്ടം**

3153 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കോടംതുരുത്ത് സ്ഥിതി ചെയ്യുന്ന അമിനിറ്റി സെന്റർ ദേശീയ പാതാ നിർമ്മാണവുമായി ബന്ധപ്പെട്ട് കോമ്പൗണ്ട് വാൾ ഉൾപ്പെടെ പൊളിച്ചിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മാണ സാധനങ്ങൾ അമിനിറ്റി സെന്ററിന്റെ കോമ്പൗണ്ടിൽ ഇടുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) അമിനിറ്റി സെന്ററിന്റെ പ്രവർത്തനം തടസ്സപ്പെടുന്ന രീതിയിൽ അമിനിറ്റി സെന്ററിന് നാശനഷ്ടം വരുത്തിയ ദേശീയപാത നിർമ്മാണ കമ്പനിയിൽ നിന്നും നഷ്ട പരിഹാരം വാങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**സ്ലാബുകളില്ലാത്ത ഓടകൾ**

3154 **ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ലാബുകളില്ലാത്ത ഓടകളിൽ വീണ് അപകടങ്ങൾ പതിവാകുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം ഓടകളുടെ സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(സി) എല്ലാ ഓടകളിലും സ്ലാബിട്ട് അപകടരഹിതമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

**പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി**

3155 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി വിവിധ ജനവിഭാഗങ്ങൾക്ക് എപ്രകാരം പ്രയോജനകരമായെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം വടകര റെസ്റ്റ് ഹൗസിൽ എത്ര ബുക്കിംഗുകൾ നടന്നിട്ടുണ്ടെന്നും ഇതിലൂടെ സർക്കാരിന് എത്ര വരുമാനം ഉണ്ടായെന്നും അറിയിക്കാമോ;

(സി) ഈ പദ്ധതി ആരംഭിച്ചശേഷം വടകര റെസ്റ്റ് ഹൗസിൽ നടത്തിയതും നടന്നുവരുന്നതുമായ പുനരുദ്ധാരണ പ്രവൃത്തികൾ ഏതൊക്കെയെന്ന് പ്രവൃത്തികളുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ?

**ചൂട്ടാട് ബീച്ചിലെ സാഹസിക പാർക്ക്**

3156 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് ബീച്ചിലെ സാഹസിക പാർക്കിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

**<u>പദ്ധതികൾക്ക് ചെലവഴിക്കേണ്ട പദ്ധതിവിഹിതം</u>**

3157 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക പ്രതിസന്ധി മൂലം സർക്കാർ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചതിനെ തുടർന്ന് വിനോദസഞ്ചാര വകുപ്പിലെ പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചത് പ്രകാരം വകുപ്പിന് ചെലവഴിക്കേണ്ട പദ്ധതി വിഹിതം എത്രയാണ്; ഇതുവരെ എത്ര രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്നും ഇത് ബജറ്റിൽ വിനോദസഞ്ചാര വകുപ്പിന് അനുവദിച്ച ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ?

**<u>ബീച്ച് ടൂറിസം</u>**

3158 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ദെലീമ**
**ശ്രീ. എം.വിജിൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടൽത്തീരങ്ങൾ പൂർണ്ണമായും വിനോദസഞ്ചാര കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിനോദസഞ്ചാരത്തെ പരമാവധി പ്രോത്സാഹിപ്പിക്കുംവിധം ബീച്ച് കണക്ടിവിറ്റി വികസിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ബീച്ചുകളിൽ ബോട്ട് സർവ്വീസുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; നിലവിൽ ബോട്ട് സർവ്വീസുകൾ നടന്നുവരുന്ന ബീച്ചുകളുടെ വിശദവിവരം നൽകാമോ;

(ഡി) കപ്പൽ മാർഗ്ഗമുള്ള വിനോദസഞ്ചാരത്തിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ബീച്ചുകളുടെ വിശദാംശം അറിയിക്കാമോ;

(ഇ) ബീച്ചുകളിലെ സുരക്ഷാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മലങ്കര ടൂറിസം പദ്ധതി</u>**

3159 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മലങ്കര ടൂറിസം പദ്ധതി കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികൾക്കാണ് സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## ടൂറിസം മേഖലയിൽ ഇൻഡസ്ട്രി കണക്ട്

3160 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിനോദസഞ്ചാര മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുത്തൻ പ്രവണതകളും സഞ്ചാരികളുടെ അഭിരുചിയും ടൂറിസം സംരംഭകരെ പരിചയപ്പെടുത്തുന്നതിന് സ്ഥിരം സംവിധാനമൊരുക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ടൂറിസം സംരംഭകരെ ശാക്തീകരിക്കുന്നതിനുവേണ്ടി ടൂറിസം മേഖലയിൽ ഇൻഡസ്ട്രി കണക്ട് എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിന്റെ ഭാഗമായി ടൂറിസം നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ടൂറിസം സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാവിധ സർക്കാർ പിന്തുണയും ഉറപ്പാക്കുന്നതിനും വേണ്ടി എല്ലാ വർഷവും ടൂറിസം നിക്ഷേപകസംഗമം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) മുൻവർഷങ്ങളിൽ സംസ്ഥാനത്ത് നടത്തിയ ടൂറിസം നിക്ഷേപകസംഗമത്തിന്റെ ഫലമായി ഏതെല്ലാം വിഭാഗത്തിൽപെടുന്ന സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദീകരിക്കുമോ?

## ആക്കുളം ലെഷർ ആന്റ് അഡ്വെഞ്ചർ പദ്ധതി

3161 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ലെഷർ ആന്റ് അഡ്വെഞ്ചർ പദ്ധതിയുടെ ടെൻഡറിൽ പങ്കെടുക്കാനായി വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്ന സ്ഥാപനം മുൻ വർഷം 10 ലക്ഷം രൂപ വിറ്റുവരവ് തെളിയിക്കാനായി ഡി.ടി.പി.സി.-ക്ക് സമർപ്പിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## പാലക്കാട് ജില്ലയിലെ ടൂറിസം വികസന പദ്ധതികൾ

3162 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21- ലെ സർക്കാരിന്റേയും നിലവിലെ സർക്കാരിന്റേയും കാലയളവിൽ പാലക്കാട് ജില്ലയിൽ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ ടൂറിസം മേഖലയിൽ പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഇപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

## ബീച്ച് ടൂറിസം പദ്ധതികൾ

3163 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീച്ച് ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) അഴീക്കോട് മണ്ഡലത്തിലെ അഴീക്കൽ ബീച്ചിൽ ഇത്തരത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ടൂറിസം പ്രമോഷൻ പദ്ധതികൾ

3164 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-മുതൽ നാളിതുവരെ വിവിധ ജില്ലകളിലായി ടൂറിസം പ്രമോഷനുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

3165 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 ന് ശേഷം വിനോദസഞ്ചാര വകുപ്പ് ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## സ്ത്രീസൗഹൃദ വിനോദസഞ്ചാരം

3166 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ സ്ത്രീസൗഹൃദ വിനോദസഞ്ചാര ലക്ഷ്യസ്ഥാനമാക്കി വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) ഒറ്റയ്ക്ക് കേരളം സന്ദർശിക്കുന്ന സ്ത്രീസഞ്ചാരികൾക്ക് സുരക്ഷിതത്വവും മികച്ച അടിസ്ഥാന സൗകര്യവും ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട വിനോദസഞ്ചാര പദ്ധതികൾ

3167 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട വിനോദസഞ്ചാര പദ്ധതികളുടെ നിലവിലെ സ്ഥിതി, നാളിതുവരെ അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികൾ പൂർത്തീകരിക്കാൻ ഇനി ആവശ്യമായ തുക, ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്നിവ വിശദമാക്കുമോ?

## പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ടൂറിസം മേഖലയിൽ പദ്ധതികൾ

3168 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികൾക്ക് കൂടുതൽ മെച്ചപ്പെട്ട വിനോദാനുഭവങ്ങൾ ഉറപ്പാക്കുന്നതിനായി പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ബൃഹത്തായ വിനോദസഞ്ചാര പദ്ധതികൾ ആരംഭിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഹെലി ടൂറിസം പദ്ധതി

3169 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഹെലി ടൂറിസം പദ്ധതിയിൽ ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂർ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഹെലിപ്പാഡുകൾ സ്ഥാപിക്കുന്നതിന് ഗുരുവായൂർ നഗരസഭ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## എയർ കണക്ടിംഗ് കേരള പദ്ധതി

3170 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെയും നഗരകേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എയർ കണക്ടിംഗ് കേരള പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് സ്വകാര്യ സംരംഭകരുടെയും പ്രവാസി സംരംഭകരുടെയും പങ്കാളിത്തം ഉറപ്പാക്കാൻ

പദ്ധതിയുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതിയും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അംഗീകാരവും ലഭിക്കുന്നതിനുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്തെ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ

3171 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ ജില്ലയിലുമുള്ള ഗസ്റ്റ് ഹൗസുകളുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥരുടെ പേരും ഔദ്യോഗിക മേൽവിലാസവും ഫോൺ നമ്പറും ഇ-മെയിൽ ഐഡിയും ലഭ്യമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതി

3172 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിലെ വാണിയമ്പലം ടൗൺ സ്ക്വയർ

3173 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിലെ വാണിയമ്പലം ടൗൺ സ്ക്വയർ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ്തുത ടൗൺ സ്ക്വയർ എന്നത്തേയ്ക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം

3174 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിനായി വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൽ സമർപ്പിച്ച ഗ്ലാസ് ബ്രിഡ്ജ് എക്സ്പെർട്ടുകളുടെ വിവരം ലഭ്യമാക്കുമോ;

(ബി) ഇവർ വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരാണോ എന്ന് വ്യക്തമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

3175 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും അവയുടെ ഓരോന്നിന്റെ തുകയും നിലവിലെ അവസ്ഥയും അറിയിക്കാമോ;

(ബി) ഈ കാലഘട്ടത്തിൽ ടൂറിസം വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ?

## മടവൂർപാറ ഗുഹാക്ഷേത്രം ഡി.ടി.പി.സി.യ്ക്ക് കൈമാറുന്നതിന് നടപടി

3176 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർക്കിയോളജി വിഭാഗത്തിന്റെ നടത്തിപ്പ ചുമതലയിലുണ്ടായിരുന്ന മടവൂർപാറ ഗുഹാക്ഷേത്രം ഡി.ടി.പി.സി.യ്ക്ക് കൈമാറുന്നതിനായി തയ്യാറാക്കിയ എഗ്രിമെന്റിന്റെ ഡ്രാഫ്റ്റ് അംഗീകരിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മടവൂർപാറ ഗുഹാക്ഷേത്രം ഡി.ടി.പി.സി.യ്ക്ക് കൈമാറുന്നതിനായുള്ള നടപടികൾ എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ ഡി.ടി.പി.സി. വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## കാരേറ്റ് കടലുകാണിപ്പാറയിലെ രണ്ടാംഘട്ട ടൂറിസം പദ്ധതി

3177 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കാരേറ്റ് കടലുകാണിപ്പാറയിലെ രണ്ടാംഘട്ട ടൂറിസം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ?

## വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി

3178 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയ്ക്കായി 2022-23 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയുടെ 20% തുകയായ രണ്ടു കോടി രൂപ അനുവദിച്ചതിൻപ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

## പാറന്നൂർചിറ ടൂറിസം പദ്ധതി

3179 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി മണലൂർ നിയോജകമണ്ഡലത്തിലെ ചൂണ്ടൽ ഗ്രാമപ്പഞ്ചായത്തിൽ പാറന്നൂർചിറ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

## ലോകനാർ കാവ് പൈതൃക ടൂറിസം പദ്ധതി

3180 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകനാർ കാവ് പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മ്യൂസിയത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന പ്രവൃത്തികൾ എന്തൊക്കെയെന്ന് പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക സഹിതം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിക്കായി തുക വകയിരുത്തി ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെ ആരംഭിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഇടുക്കി ജില്ലയിലെ ടൂറിസം വികസനം

3181 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട്ടിലെ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഈ കാലഘട്ടത്തിൽ ഇടുക്കി ജില്ലയിലെ മറ്റു ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ വാഗമണ്ണിൻറെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കാമോയെന്ന് അറിയിക്കുമോ;

(ഡി) വാഗമണ്ണിൽ ഒരു അന്താരാഷ്ട്ര ആർട്ട് വില്ലേജ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(ഇ) അവധി ദിവസങ്ങളിൽ വാഗമൺ ടൂറിസം കേന്ദ്രത്തിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹാരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3182 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലഘട്ടത്തിൽ മട്ടന്നൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെ; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ പഴശ്ശി-പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി കാരവാൻ പാർക്ക് പദ്ധതിയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

## കായംകുളം കായലോര ടൂറിസം പദ്ധതികൾ

3183 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയ കായംകുളം കായലോര ടൂറിസം പദ്ധതികൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയിട്ടും പൊതുജങ്ങൾക്ക് പ്രയോജനകരമാകുംവിധം തുറന്ന് കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ പൊതുജനങ്ങൾക്ക് പ്രയോജനകരമാകുംവിധം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഹൈവേ അമിനിറ്റി സെന്റർ പദ്ധതി

3184 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന വാമനപുരം ഹൈവേ അമിനിറ്റി സെന്റർ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഇതിന്റെ നിർമ്മാണ ചുമതല ആർക്കാണെന്നും എത്ര തുകയാണ് ഇതിനായി വിനിയോഗിക്കുന്നതെന്നും വിശദമാക്കാമോ?

## ആഗോള ടൂറിസം രംഗത്ത് കേരളം

3185 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡായി ശ്രദ്ധിക്കപ്പെടാനും, വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേരളത്തിൽ എത്തുന്ന വിദേശസഞ്ചാരികളെ അതിവേഗം പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും അടിയന്തര ഘട്ടങ്ങളിൽ അവരെ സുരക്ഷിത മേഖലയിലേക്ക് മാറ്റുന്നതിനും സംവിധാനം ഒരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വിനോദസഞ്ചാരികളുടെ സൗകര്യങ്ങളും സുരക്ഷയും വർദ്ധിപ്പിക്കാൻ നടപടി

3186 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എ. രാജ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള കണക്ടിവിറ്റിയുടെ കാര്യത്തിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ;

(സി) സഞ്ചാരികളുടെ സുരക്ഷാക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വിനോദസഞ്ചാരികളുടെ താമസസൗകര്യങ്ങൾക്കായി എന്തെല്ലാമാണ് സർക്കാർ മുൻകൈ എടുത്ത് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

## ടൂറിസം ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

3187 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ൽ സംസ്ഥാനത്തെ അംഗീകൃത ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഓരോന്നിലും എത്തിച്ചേർന്ന ടൂറിസ്റ്റുകളുടെ ആകെ എണ്ണവും ഓരോ ഡെസ്റ്റിനേഷനിലും ഏർപ്പെടുത്തിയിട്ടുള്ള ശുചിമുറികളുടെ എണ്ണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശവും ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിൽ എത്തുന്ന സഞ്ചാരികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ലൈഫ് ഗാർഡുകളുടെ സേവനവേതന വ്യവസ്ഥകൾ

3188 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ള ലൈഫ് ഗാർഡുകളുടെ സേവനവേതന വ്യവസ്ഥകൾ വ്യക്തമാക്കുമോ; ഇവരുടെ വേതനം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ലൈഫ് ഗാർഡുകൾക്ക് എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളിലും ഷെൽട്ടറുകളും ശുചിമുറികളും ഉൾപ്പെടെ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ആക്കുളം ലെഷർ ആന്റ് അഡ്വെഞ്ചർ പദ്ധതി

3189 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ലെഷർ ആന്റ് അഡ്വെഞ്ചർ പദ്ധതിയുടെ ടെൻഡറിൽ പങ്കെടുക്കുന്നതിനായി വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്ന സ്ഥാപനം തിരുവനന്തപുരം ഡി.ടി.പി.സി.യ്ക്ക് സമർപ്പിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## സംസ്ഥാനത്തെ ടൂറിസം ഹബ്ബായി വളർത്താൻ നടപടി

3190 **ശ്രീ തോമസ് കെ തോമസ്**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ടൂറിസം ഹബ്ബായി സംസ്ഥാനത്തെ വളർത്തുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സ്വകാര്യ മേഖലയുടെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## തീർത്ഥാടന-പൈതൃക വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കാൻ നടപടി

3191 **ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. എം.വിജിൻ**

**ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന-പൈതൃക വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദമാക്കാമോ;

(ബി) തീർത്ഥാടന ടൂറിസം വികസിപ്പിക്കുന്നതിന് റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ശബരിമലയിലെ തീർത്ഥാടന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം മൈക്രോ സൈറ്റുകളാണ് തീർത്ഥാടന/പൈതൃക ടൂറിസവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്നതെന്നുള്ള വിശദാംശം നൽകാമോ?

## കമലാ സുരയ്യ സ്മാരക നിലയം

3192 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ലിറ്ററി സർക്യൂട്ടിൽ ഗുരുവായൂർ മണ്ഡലത്തിലെ പഴയ മലബാർ പ്രവിശ്യയായ പുന്നയൂർക്കുളത്തെ കമലാ സുരയ്യ സ്മാരക നിലയം കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## നെഹ്റു ട്രോഫി വള്ളംകളി

3193 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024ലെ നെഹ്റു ട്രോഫി വള്ളംകളിയിൽ മത്സരിച്ച വള്ളങ്ങൾക്കുള്ള ബോണസ് തുകകൾ പൂർണമായി നൽകിക്കഴിഞ്ഞോയെന്ന് അറിയിക്കാമോ;

(ബി) സി.ബി.എൽ. മത്സരങ്ങൾ കൂടുതൽ ആകർഷകമാക്കാൻ ഈ വർഷം എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) വള്ളംകളി മത്സരങ്ങൾ കൂടുതൽ ജനകീയമാക്കാൻ മറ്റു ജില്ലകളിൽ കൂടി വള്ളംകളി മത്സരങ്ങൾ നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) നെഹ്റു ട്രോഫി വള്ളംകളിയിലെ സ്റ്റാർട്ടിങ് സംവിധാനം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) സ്റ്റാർട്ടിങ് സംവിധാനം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ നിലനിൽപ്പുണ്ടോ; എങ്കിൽ അതിന് എന്തൊക്കെ പരിഹാരമാർഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവ്

3194 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിൽ വിവിധ ക്ലാസുകളിൽ ചേരുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

## പൊതുപരിപാടികൾക്ക് സ്കൂൾ കളിസ്ഥലങ്ങളും ഓഡിറ്റോറിയങ്ങളും

3195 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ കളിസ്ഥലങ്ങളും ഓഡിറ്റോറിയങ്ങളും സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിൽ പൊതുപരിപാടികൾക്ക് വിട്ടുകൊടുക്കുന്നതിന് അനുവാദം നൽകുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ വിട്ടുനൽകുന്നതിന് എന്തൊക്കെ തടസ്സങ്ങളുണ്ടെന്ന് വിശദമാക്കുമോ?

## യു.ഐ.ഡി ഇൻവാലിഡ് ആയ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

3196 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 അധ്യയന വർഷങ്ങളിൽ ആധാറിൽ ഉണ്ടായ തെറ്റുകളും മറ്റ് കാരണങ്ങളാലും യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉണ്ടായിരുന്നു എന്ന വിവരം ജില്ല, വിദ്യാലയം, ക്ലാസ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അധ്യയന വർഷങ്ങളിൽ യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമാകേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കിയിരുന്നോ എന്ന് അറിയിക്കാമോ;

(സി) യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് മറ്റ് കുട്ടികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെങ്കിൽ ഡിവിഷൻ നിർണയിക്കുന്നതിനും

നിയമനാംഗീകാരത്തിനും പ്രസ്തുത കുട്ടികളുടെ എണ്ണം കണക്കാക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഡിവിഷൻ നിർണയിക്കുന്നതിലും നിയമനാംഗീകാരത്തിനും യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള കുട്ടികളുടെ എണ്ണം പരിഗണിച്ചിട്ടില്ലെങ്കിൽ അക്കാരണത്താൽ ഡിവിഷൻ നഷ്ടവും തസ്തിക നഷ്ടവും സംഭവിച്ച വിദ്യാലയങ്ങളുടെയും നഷ്ടപ്പെട്ട ഡിവിഷനുകളുടെയും തസ്തികകളുടെയും വിശദവിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) സമ്പൂർണ സോഫ്റ്റ്‌വെയറിൽ ആധാർ നമ്പറും പേരും നൽകുമ്പോൾ ഉണ്ടായിട്ടുള്ള തെറ്റുകൾ തിരുത്താനുള്ള അവസരം മേൽപ്പറഞ്ഞ അധ്യയന വർഷങ്ങളിൽ നൽകിയിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത അധ്യയന വർഷങ്ങളിലെ യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള വിദ്യാർത്ഥികളുടെ വിവരം സമ്പൂർണ്ണ സോഫ്റ്റ്‌വെയറിൽ നൽകിയപ്പോൾ സംഭവിച്ച അപാകത തിരുത്തുന്നതിനുള്ള അവസരം നൽകി പ്രസ്തുത കുട്ടികളുടെ എണ്ണം കൂടി കണക്കാക്കി റീ-ഫിക്സേഷൻ നടത്തി അധ്യാപകരുടെ തസ്തിക നഷ്ടം നികത്തുകയും നിയമനാംഗീകാരം നൽകുകയും ചെയ്യുമോയെന്ന് അറിയിക്കാമോ?

## <u>സ്കൂളുകളിലെ കംപ്യൂട്ടർ ഉപകരണങ്ങളുടെ പരിപാലനം</u>

3197 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയ കംപ്യൂട്ടർ ഉപകരണങ്ങൾ ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കംപ്യൂട്ടർ ഇല്ലാതെ കുട്ടികളുടെ പഠനം മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, സന്നദ്ധ സംഘടനകൾ, പി.ടി.എ. എന്നിവ വഴി ഓരോ സ്കൂളിലും എത്ര കംപ്യൂട്ടറുകൾ, ലാപ്ടോപുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കാമോ; വിശദമായ കണക്ക് പട്ടിക തിരിച്ച് നൽകാമോ;

(ഡി) ഇത്തരത്തിൽ ലഭിച്ച കംപ്യൂട്ടറുകളുടെയും ലാപ്ടോപ്പുകളുടെയും വാർഷിക പരിപാലനം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും അവരുടെ പ്രവർത്തനം എങ്ങനെയാണെന്നും വിശദമാക്കാമോ?

## <u>പദ്ധതി ചെലവ്</u>

3198 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ

പുനർ ക്രമീകരിച്ചത് പ്രകാരം ചെലവഴിക്കേണ്ട പദ്ധതി വിഹിതം എത്രയാണ്; നാളിതുവരെ എത്ര ചെലവഴിച്ചു ;ഇത് ബജറ്റിൽ വകുപ്പിനായി വകയിരുത്തിയ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് വ്യക്തമാക്കുമോ?

## അടച്ചുപൂട്ടിയ സ്പെഷ്യൽ സ്കൂളുകൾ

3199 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു എന്നത് സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര സ്പെഷ്യൽ സ്കൂളുകൾ അടച്ചുപൂട്ടിയെന്നും ആയവയുടെ പേരുവിവരം ഉൾപ്പെടെയുള്ള വിശദാംശവും ജില്ലതിരിച്ച് വ്യക്തമാക്കുമോ?

## ഹയർസെക്കൻഡറി മാതൃക പരീക്ഷ

3200 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെ ഒരുമിച്ച് ഇരുത്തി ഹയർസെക്കൻഡറി മാതൃക പരീക്ഷ നടത്തിയതിനെതിരെ ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ വർഷത്തേതിൽ നിന്ന് വ്യത്യസ്തമായി ഇപ്രകാരം ടൈംടേബിൾ ക്രമീകരിച്ചത് എന്ത് അടിസ്ഥാനത്തിലാണ്; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പൊതുപരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കുന്ന മാതൃകാ പരീക്ഷകൾ ഗൗരവത്തോടെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്ലാൻ ഫണ്ട്

3201 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് തുക സഹിതം അറിയിക്കാമോ?

## ഹയർ സെക്കന്ററി പരീക്ഷ എഴുതുന്നതിന് പ്രത്യേക അനുമതി

3202 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാജർ കുറവ് മാപ്പാക്കി ഹയർ സെക്കന്ററി ഒന്നാം വർഷ / രണ്ടാം വർഷ പരീക്ഷ എഴുതുവാനുള്ള പ്രത്യേക അനുമതി നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സാഹചര്യങ്ങളിലാണ് പ്രത്യേക അനുമതി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒന്നാം വർഷ പരീക്ഷ എഴുതുവാൻ പ്രത്യേക അനുമതി ലഭിച്ചവർക്ക് രണ്ടാം വർഷം പ്രത്യേക അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിദ്യാർത്ഥികൾക്ക് ഒന്നാം വർഷ / രണ്ടാം വർഷ പരീക്ഷ എഴുതുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്; വിദ്യാർത്ഥികളുടെ പേരും സ്ഥലം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭിച്ചിട്ടുള്ള ഏതെങ്കിലും വിദ്യാർത്ഥികൾക്ക് അർഹതയില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ എഴുതുവാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹാജർ കുറവിൽ ഇളവ് വരുത്തി പരീക്ഷ എഴുതുന്നതിന് പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവിറക്കിയിട്ടും പ്രസ്തുത ഉത്തരവിൽ വ്യക്തത വരുത്തണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) ആവശ്യപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ അധ്യയന വർഷം എത്ര വിദ്യാർത്ഥികളുടെ പ്രത്യേക അനുമതി ഉത്തരവുകളിലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ;

(ജി) സർക്കാർ ഉത്തരവിൽ വ്യക്തത ആവശ്യപ്പെട്ട് അനാവശ്യമായ കാലതാമസം വരുത്തി വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുവാനുള്ള അവസരം നിഷേധിക്കുവാൻ ശ്രമിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

3203 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനും തെറ്റായ സൗഹൃദങ്ങളിൽ പെടുന്നത് തടയാനും വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളിൽ കല, കായിക, സാംസ്കാരിക മേഖലകളിൽ അഭിരുചി വളർത്തിയെടുക്കുന്നതിലൂടെ അവരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനും ലഹരി അടക്കമുള്ള കാര്യങ്ങളിലേക്ക് വഴിമാറിപോകുന്നത് തടയാനും സാധിക്കുമെന്നത് വസ്തുതയല്ലേ; വിശദമാക്കാമോ;

(സി) എങ്കിൽ വിദ്യാർത്ഥികളിൽ കലാകായിക-സാംസ്കാരിക മേഖലകളിൽ അഭിരുചി വളർത്തിയെടുക്കാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## സ്കൂൾ കെട്ടിട പുനരുദ്ധാരണം

3204 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 100 വർഷത്തിലധികം പഴക്കമുള്ള സ്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇപ്രകാരം എത്ര സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വിവരങ്ങൾ നൽകുമോ;

(സി) പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ ഇപ്രകാരം എത്ര സ്കൂളുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും ഇവയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും നൽകുമോ;

(ഡി) പുതുപ്പള്ളി സെന്റ് ആദായീസ് ഗവൺമെന്റ് എൽ.പി. സ്കൂളിലെ നിലവിലെ കെട്ടിടം ഉപയോഗശൂന്യമായെന്ന പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

## എയ്ഡഡ് സ്കൂൾ അധ്യാപികയുടെ ആത്മഹത്യ

3205 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടിപ്പാറയിൽ എയ്ഡഡ് സ്കൂൾ അധ്യാപിക ശമ്പളം കിട്ടാത്തതിന്റെ മനോവിഷമത്തിൽ ജീവനൊടുക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിന്റെ വിശദശാംശങ്ങൾ നൽകാമോ;

(സി) സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## വിവിധയിനങ്ങളിൽ നൽകാനുള്ള കുടിശ്ശിക

3206 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പാഠ്യപദ്ധതി അനുസരിച്ച് പാഠപുസ്തകങ്ങൾ പരിഷ്കരിച്ച വകയിൽ പാഠപുസ്തക രചനയിൽ പങ്കെടുത്ത എസ്.സി.ഇ.ആർ.ടി-യിലെ റിസർച്ച് ഓഫീസർ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർക്ക് ദിവസബത്ത, ട്രാവൽ അലവൻസ് എന്നിവ നൽകാനുണ്ടോ; എങ്കിൽ ഈ ഇനങ്ങളിൽ എത്ര രൂപയാണ് നൽകാനുള്ളതെന്ന് തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) 2024-25 അക്കാദമിക വർഷം വരെ പൊതുവിദ്യാഭ്യാസ മേഖലയിലെ എൽ.പി, യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്, യു.എസ്.എസ്. തുടങ്ങിയ വിവിധ മത്സര പരീക്ഷകൾ വിജയിച്ച വകയിൽ എത്ര രൂപയാണ് സ്കോളർഷിപ്പ് തുകയായി വിതരണം ചെയ്യാൻ കുടിശ്ശികയായിരിക്കുന്നതെന്ന് അക്കാദമിക വർഷവും സ്കോളർഷിപ്പുകളും തിരിച്ച് വ്യക്തമാക്കുമോ;

(സി) 2016-17 അക്കാദമിക വർഷം മുതൽ 2024-25 അക്കാദമിക വർഷം വരെ, പൊതുവിദ്യാഭ്യാസ മേഖലയിലെ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സ്കൂൾ കലോത്സവം, സംസ്ഥാന സ്കൂൾ കായികമേള എന്നിവയിൽ പങ്കെടുത്ത് എ ഗ്രേഡും ആദ്യ സ്ഥാനങ്ങളും ലഭിച്ച വകയിൽ വിതരണം ചെയ്യാനുള്ള എത്ര രൂപയാണ് കുടിശ്ശികയായിരിക്കുന്നതെന്ന വിവരം കലോത്സവം, കായികമേള എന്നിവ തിരിച്ച് അക്കാദമിക വർഷ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പുതിയ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ

3207 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എത്ര സ്കൂളുകളാണ് ഈ നിലയിൽ ഉയർത്താൻ ഉദ്ദേശിക്കുന്നതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

## കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായുള്ള സ്കൂളുകൾ

3208 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി എത്ര സ്കൂളുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കുട്ടികൾക്ക് ഒരു ദിവസം ആഹാരത്തിന് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് പ്രവർത്തിക്കുന്ന സ്കൂൾ ഫോർ ബ്ലൈൻഡിൽ ഈ വകയിൽ കുടിശിക ഉണ്ടോയെന്നും എങ്കിൽ എത്ര മാസത്തെ കുടിശികയാണുള്ളതെന്നും മറ്റു സ്കൂളുകളിലും ഇതേ അവസ്ഥയാണോയെന്നും വ്യക്തമാക്കാമോ?

## സ്പെഷ്യൽ സ്കൂൾ മേഖലയുടെ ഉന്നമനം

3209 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സവിശേഷ വിദ്യാഭ്യാസവും പരിശീലനവും നൽകുന്ന സ്പെഷ്യൽ സ്കൂളുകളുടെ ഉന്നമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്പെഷ്യൽ സ്കൂളുകൾക്ക് 2023- 24 സാമ്പത്തിക വർഷത്തെ പാക്കേജ് വിതരണം ചെയ്യുന്നതിനായുള്ള ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് 09.10.2023-ന് വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനിച്ച പ്രകാരം കോൺക്ലേവ് നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2024- 25 വർഷത്തെ പാക്കേജിനുള്ള അപേക്ഷകൾ ക്ഷണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) സ്പെഷ്യൽ സ്കൂളിൽ റൈറ്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് രജിസ്ട്രേഷൻ ലഭിക്കണമെങ്കിൽ 18 വയസ്സിന് താഴെയുള്ള 20 കുട്ടികൾ വേണമെന്നുള്ള നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാരണത്താൽ കഴിഞ്ഞ വർഷം എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തനം അവസാനിപ്പിച്ചുവെന്ന് അറിയിക്കുമോ?

## ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ ക്രമക്കേടുകൾ

3210 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും അനുബന്ധ ഓഫീസുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകളും കെടുകാര്യസ്ഥതയും നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അധ്യാപക നിയമനം, അധ്യാപകരുടെ ആനുകൂല്യങ്ങൾ പാസ്സാക്കി നൽകൽ, മാനേജ്മെന്റുകൾക്കുള്ള ഗ്രാന്റ് അനുവദിച്ചു നൽകൽ എന്നിവയ്ക്ക് വൻതോതിൽ കൈക്കൂലി ചോദിച്ചു വാങ്ങുന്നുവെന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കാറ്റഗറി സംഘടനകളുടെ അംഗീകാരം

3211 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ കാറ്റഗറി സംഘടനകൾക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന ഉത്തരവ് നിലവിലുണ്ടോ; നിലവിലുള്ള കാറ്റഗറി സംഘടനകളുടെ അംഗീകാരം

റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.ഇ.ആർ. അധ്യായം XIV C ചട്ടം 51 (a) നോട്ട് (2) ൽ വ്യക്തമാക്കുന്ന സംഘടനകളുടെ കാറ്റഗറി സംബന്ധമായ ചട്ടം ഭേദഗതി ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ;

(സി) 11/11/2021-ലെ സ.ഉ.(പി) നം.20/2021/ജി.ഇ.ഡി.എൻ ഉത്തരവിന് ശേഷം സംഘടനകളുടെ റഫറണ്ടം സംബന്ധിച്ച പുതിയ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## <u>ഹയർസെക്കൻഡറി ബാച്ചുകൾ</u>

3212 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിക്സേഷൻ നടത്തിയപ്പോൾ ഇല്ലാതായ സംസ്ഥാനത്തെ ഹയർസെക്കൻഡറി ബാച്ചുകളുടെ എണ്ണം ജില്ല, സ്കൂൾ, കോഴ്സ് കോമ്പിനേഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) 25 കുട്ടികളിൽ കുറവുള്ള ഹയർസെക്കൻഡറി ബാച്ചുകളുടെ എണ്ണം ജില്ല, സ്കൂൾ, കോഴ്സ് കോമ്പിനേഷൻ തിരിച്ച് ലഭ്യമാക്കാമോ;

(സി) 60-ലധികം വിദ്യാർഥികൾ പഠിക്കുന്ന ഹയർസെക്കൻഡറി ബാച്ചുകളുടെ വിവരം ഓരോ ബാച്ചിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം ഉൾപ്പെടുത്തി ജില്ല, സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഫിക്സേഷൻ നടത്തിയപ്പോൾ കുട്ടികളുടെ കുറവ് മൂലം ഇല്ലാതായ ബാച്ചുകൾ അപേക്ഷകരുടെ എണ്ണം കൂടുതലുണ്ടായിരുന്ന പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലേക്ക് മാറ്റി അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഒരു ഹയർസെക്കൻഡറി ബാച്ചിൽ 60-ലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലേക്ക് കുട്ടികളുടെ കുറവ് മൂലം നിർത്തലാക്കുന്ന ബാച്ചുകൾ മാറ്റി അനുവദിച്ചുകൊണ്ട് ഓരോ ബാച്ചിലും കുട്ടികളുടെ എണ്ണം 50 ആക്കി നിജപ്പെടുത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(എഫ്) കുട്ടികളുടെ കുറവ് മൂലം ഹയർസെക്കൻഡറി ബാച്ചുകൾ ഇല്ലാതാകുമ്പോൾ ത്രോൺ ഔട്ട് ആകുന്ന അധ്യാപകരെ പുനർവിന്യസിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ജി) കുട്ടികളുടെ കുറവ് മൂലം ഹയർസെക്കൻഡറി ബാച്ച് നിർത്തലാക്കുമ്പോൾ തൊഴിൽ നഷ്ടം സംഭവിക്കുന്ന എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ അധ്യാപകർക്ക് ജോലി സംരക്ഷണം നൽകുമോ?

## <u>സ്കൂളുകളിൽ റാഗിംഗ് വിരുദ്ധ സെൽ</u>

3213 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സ്കൂളുകളിൽ എത്ര റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടും റാഗിംഗ് മുക്തമാക്കാൻ കഴിയാത്തതിന്റെ കാരണം; റാഗിംഗ് ഇല്ലാതാക്കുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്കൂളുകളിൽ റാഗിംഗ് വിരുദ്ധ സെൽ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പൊതുവിദ്യാഭ്യാസമേഖലയുടെ സമഗ്രവളർച്ച</u>

3214 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു വിദ്യാഭ്യാസത്തിന്റെ മേന്മ വർദ്ധിപ്പിക്കാൻ കരിക്കുലം യഥാസമയങ്ങളിൽ പരിഷ്കരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പൊതു വിദ്യാഭ്യാസമേഖലയുടെ സമഗ്ര വളർച്ചയ്ക്ക് പുതിയ ഒരു പഠന കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദമാക്കുമോ?

## <u>ഫയൽ തീർപ്പാക്കുന്നതിലെ കാലതാമസം</u>

3215 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികർ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് നൽകുന്ന അപേക്ഷകളിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റിപ്പോർട്ടിനായി ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷന് നൽകുന്ന ഫയലുകൾക്ക് ഡയറക്ടർ സമയബന്ധിതമായി മറുപടി നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റ് പൊതുവിദ്യാഭ്യാസം (എൻ) വിഭാഗത്തിലെ എൻ2/144/2024-ാം നമ്പർ ഫയൽ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## <u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

3216 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ച ഭക്ഷണത്തോടൊപ്പമുള്ള പോഷകാഹാര പദ്ധതിയിൽ വിതരണം ചെയ്ത മുട്ട, പാൽ എന്നിവയുടെ തുക നൽകാൻ കുടിശികയുണ്ടോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ നിന്നും പ്രധാന അധ്യാപകരെ ഒഴിവാക്കണമെന്ന ആവശ്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

## പൊതു പരീക്ഷയിൽ മിനിമം മാർക്ക്

3217 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 8-ാം ക്ലാസിലെ പൊതുപരീക്ഷയിൽ എഴുത്തു പരീക്ഷയുടെ പേപ്പറുകൾക്ക് സബ്ജക്റ്റ് മിനിമവും മൊത്തത്തിൽ പാസാകുവാൻ മിനിമം മാർക്കും ഏർപ്പെടുത്തി മൂല്യ നിർണ്ണയ രീതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## സ്മാർട്ട് ക്ലാസ് റൂം

3218 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതു വിദ്യാലയങ്ങളും എയ്ഡഡ് സ്കൂളുകളുമാണ് നിലവിലുള്ളത്; ഇവയിൽ എത്ര സ്കൂളുകളിൽ നിലവിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിച്ചിട്ടുണ്ടെന്ന വിവരം ജില്ല, സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ട്രൈബൽ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര പൊതുവിദ്യാലയങ്ങളും എയ്ഡഡ് സ്കൂളുകളും ഉണ്ട്; പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര ഇടത്ത് സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിച്ചിട്ടുണ്ടെന്ന വിവരം ജില്ല, സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## കഴക്കൂട്ടം മണ്ഡലത്തിലെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ

3219 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിലെ ശ്രീകാര്യം ഗവ. ഹൈസ്കൂളിനെ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കാട്ടായിക്കോണം ഗവ. യുപി.എസ്. നെ ഹൈസ്കൂളാക്കി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(സി) ആനയറ വലിയഉദേശ്വരം എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോഎന്ന് വിശദമാക്കാമോ?

## പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി ചെലവ്

3220 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന് 2021-22 മുതൽ 2024-25 വരെ പദ്ധതി ഇനത്തിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അളഗപ്പനഗർ എ.പി.എച്ച്.എസ്. കെട്ടിടനിർമ്മാണം

3221 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കില-യുടെ നിർവ്വഹണച്ചുമതലയിൽ അളഗപ്പനഗർ എ.പി.എച്ച്.എസ്. ന് കെട്ടിടനിർമ്മാണത്തിനായി ലഭിച്ച അനുമതിയുടെ റീവാലിഡേറ്റഡ് എ.എസ്. ലഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) അളഗപ്പനഗർ എ.പി.എച്ച്.എസ്. കെട്ടിടനിർമ്മാണ പ്രവൃത്തിയ്ക്ക് റീവാലിഡേറ്റഡ് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## സമഗ്ര ശിക്ഷാ കേരളം പദ്ധതി

3222 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അക്കാദമിക വർഷത്തിൽ എസ്.എസ്.കെ. പദ്ധതി വഴി എത്ര പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് എത്ര രൂപയാണ് കേന്ദ്ര വിഹിതമായി ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ എസ്.എസ്.കെ. യിൽ എത്ര ജീവനക്കാർ അന്യത്ര സേവന വ്യവസ്ഥയിലും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കാമോ;

(ഇ) 2024-25 അക്കാദമിക വർഷത്തിൽ എസ്.എസ്.കെ. സംവിധാനം പ്രവർത്തിക്കുന്നതിന് ഓരോ മാസവും സംസ്ഥാന സർക്കാരിന് വരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ സമഗ്ര ശിക്ഷാ കേരള പദ്ധതികൾ

3223 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മാവേലിക്കര മണ്ഡലത്തിൽ സമഗ്ര ശിക്ഷാ കേരള നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ആയതിന്റെ തുകയുടെ വിനിയോഗവും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ വർണ്ണക്കൂടാരം പദ്ധതി ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് നടന്നുവരുന്നതെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ വർണ്ണക്കൂടാരം പദ്ധതി

3224 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി പ്രവർത്തിച്ച് വരുന്നതെന്നും ഇതിനായി എത്ര രൂപയാണ് ചെലവഴിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>ആർട്ടിഫിഷ്യൽ ഇന്റലിജൻസ്</u>

3225 **ഡോ. കെ. ടി. ജലീൽ**
**ശ്രീ വി ജോയി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ സ്കൂൾ വിദ്യാഭ്യാസവുമായി സംയോജിപ്പിക്കാനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്നും ഏത് ഏജൻസിയാണ് ഈ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അധ്യാപകർക്കും വിദ്യാർഥികൾക്കുമുള്ള പരിശീലന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) എ.ഐ. ടൂളുകൾ ഉപയോഗിക്കുമ്പോൾ ഡാറ്റാ സ്വകാര്യത ഉറപ്പുവരുത്താൻ പ്രത്യേകമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സ്കൂൾ വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തിന് സ്വന്തമായി എ.ഐ. എഞ്ചിൻ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത ഉദ്യമങ്ങളുടെ പുരോഗതി അറിയിക്കാമോ?

## <u>ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി</u>

3226 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാഠ്യപദ്ധതി അനുസരിച്ച് വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട പഠനനേട്ടം ശാസ്ത്രീയമായി വിലയിരുത്തി അക്കാദമിക മികവ് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സ്കൂൾ ക്ലാസ് മുറികൾ സമ്പൂർണ്ണമായി ഡിജിറ്റലാക്കുന്നതിനായി ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ;

(സി) പഠനം മുതൽ മൂല്യനിർണയം വരെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സാങ്കേതികവിദ്യയുമായി സമഗ്രമായി സംയോജിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം മുന്നൊരുക്കങ്ങളും സാങ്കേതിക സൗകര്യങ്ങളുമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>പാഠ്യപദ്ധതി പരിഷ്കരണം</u>

3227 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച മുന്നൊരുക്കങ്ങൾ വിശദമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(സി) മുൻ മാതൃകയുടെ അടിസ്ഥാനത്തിൽ രണ്ട്, നാല്, ആറ്, എട്ട് ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് സമൂഹത്തിന്റെ വിവിധ മേഖലയിലുള്ള ജനവിഭാഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിച്ചിട്ടുണ്ടോ; എങ്കിൽ ആയവ ക്രോഡീകരിക്കുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## <u>ചെറുന്നിയൂർ പാലച്ചിറ എം.എൽ.പി.എസ്-ന് കെട്ടിടം</u>

3228 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചെറുന്നിയൂർ പാലച്ചിറ എം.എൽ.പി.എസ്-ന് മന്ദിരം നിർമ്മിക്കുന്നതിന് സംസ്ഥാന ബജറ്റിൽ 75 ലക്ഷം രൂപ അനുവദിച്ചതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>മറയൂർ ഗവ. എൽ.പി. സ്കൂളിലെ അധിക തസ്തികയും ഡിവിഷൻ നിർണ്ണയവും</u>

3229 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മറയൂർ ഗവ. എൽ.പി. സ്കൂളിലെ 2024-25 വർഷത്തെ അധിക തസ്തികയും ഡിവിഷൻ നിർണ്ണയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപ്പീലിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## <u>നന്നമ്പ്ര എം.ജി.എൽ.സി. സ്കൂളിന് പ്രവർത്തനാനുമതി</u>

3230 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര എം.ജി.എൽ.സി. സ്കൂൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഈ വിദ്യാലയത്തിൽ ആവശ്യത്തിന് കുട്ടികളുണ്ടെന്നതും സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ടെന്നതും സ്കൂളിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ വിദ്യാലയത്തിന് എത്ര കിലോമീറ്റർ ദൂരത്താണ് മറ്റേതെങ്കിലും എൽ.പി. സ്കൂൾ ഉള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഈ പ്രദേശത്തു നിന്നും തൊട്ടടുത്ത സർക്കാർ സ്കൂളിലേക്ക് കുട്ടികൾക്ക് പോകുന്നതിന് പൊതുഗതാഗത സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പ്രദേശത്ത് പൊതുഗതാഗത സംവിധാനം നിലവിലില്ലാത്തതിനാൽ ഈ വിദ്യാലയം വീണ്ടും തുറന്ന പ്രവർത്തിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് വരെ ഈ ദ്വീപ് പ്രദേശത്തെ കുട്ടികൾക്ക് തൊട്ടടുത്ത സർക്കാർ സ്കൂളിലേക്ക് എത്തിച്ചേരുന്നതിനുള്ള എന്ത് സൗകര്യം ഒരുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഉടുമ്പൻചോല ഗവ. സ്കൂളിൽ യു.പി. വിഭാഗം അനുവദിക്കുന്നതിന് നടപടി.

3231 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോവർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളുള്ള ഉടുമ്പൻചോല തമിഴ് മീഡിയം ഗവൺമെന്റ് സ്കൂളിൽ അപ്പർ പ്രൈമറി വിഭാഗം അനുവദിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സ്കൂളിൽ അടിയന്തരമായി അപ്പർ പ്രൈമറി വിഭാഗം ആരംഭിക്കണമെന്ന സംസ്ഥാന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ അപ്പർ പ്രൈമറി വിഭാഗം പ്രവർത്തിച്ചു തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഹയർ സെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം

3232 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായത്തിലൂടെ മാത്രമേ നടപ്പിലാക്കാവൂ എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായത്തിലൂടെ തന്നെയാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) 2016-17 അധ്യയന വർഷം മുതലുള്ള ഏതൊക്കെ വർഷങ്ങളിൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം നടത്തുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അത് പ്രകാരം പൊതു സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) അതത് വർഷങ്ങളിൽ പൊതു സ്ഥലംമാറ്റം നടപ്പിലാക്കാത്തതിനാൽ തെക്കൻ ജില്ലകളിലുള്ള അധ്യാപകർ ദീർഘകാലമായി വടക്കൻ ജില്ലകളിൽ തന്നെ ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ അധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള നോട്ടിഫിക്കേഷൻ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഹയർ സെക്കണ്ടറി അധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ചുള്ള പുതുക്കിയ സർക്കാർ ഉത്തരവിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ?

## ഹയർസെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം

3233 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഹയർസെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം ഏതൊക്കെ വർഷങ്ങളിൽ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഹയർസെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം വർഷംതോറും നടത്തുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ;

(സി) അഞ്ചു വർഷത്തിലധികമായി അന്യ ജില്ലകളിൽ ജോലിചെയ്യുന്ന ഹയർസെക്കണ്ടറി അധ്യാപകരുടെ വിവരവും അവരുടെ മാതൃ ജില്ലയും അവർ എത്ര വർഷമായി അന്യ ജില്ലയിൽ സേവനമനുഷ്ഠിക്കുന്നുവെന്ന വിവരവും ലഭ്യമാക്കാമോ;

(ഡി) നിലവിൽ അഞ്ച് വർഷത്തിലധികമായി മാതൃ ജില്ലയിൽ ജോലിചെയ്യുന്ന ഹയർസെക്കണ്ടറി അധ്യാപകരുടെ വിവരവും അവർ എത്ര വർഷമായി മാതൃ ജില്ലയിൽ സേവനമനുഷ്ഠിക്കുന്നുവെന്ന വിവരവും ലഭ്യമാക്കാമോ;

(ഇ) ഹയർസെക്കണ്ടറി അധ്യാപകരുടെ അടുത്ത പൊതു സ്ഥലംമാറ്റം എന്നത്തേക്ക് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(എഫ്) ഹയർസെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റത്തിന് മൂന്നുവർഷം സർവീസ് പൂർത്തിയാക്കാത്തവർക്ക് അപേക്ഷിക്കാൻ അവസരം നൽകാത്തതിന് കാരണമെന്തെന്ന് വിശദമാക്കാമോ?

## ഷിഫ്റ്റ് ചെയ്ത ഹയർസെക്കണ്ടറി ബാച്ചുകൾ

3234 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്കൂളുകളിൽ നിന്നും ഷിഫ്റ്റ് ചെയ്ത ഹയർസെക്കണ്ടറി ബാച്ചുകൾ എത്രയെന്നും ഏതൊക്കെ സ്കൂളുകളിൽ ഏതെല്ലാം ബാച്ചുകൾ ഷിഫ്റ്റ് ചെയ്തുവെന്നും വിശദമാക്കുമോ;

(ബി) അപ്രകാരം ഷിഫ്റ്റ് ചെയ്ത ഹയർസെക്കൻഡറി ബാച്ചുകൾക്ക് തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മതിയായ കുട്ടികൾ ഉണ്ടായിട്ടും ഷിഫ്റ്റഡ് അഡീഷണൽ ബാച്ചുകൾ തസ്തിക നിർണ്ണയ പരിധിയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) അടുത്ത അദ്ധ്യയന വർഷം മുതൽ ഇത്തരം ബാച്ചുകൾക്ക് തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ഹയർസെക്കൻഡറി സ്കൂളുകളിലെ തസ്തിക നിർണയം</u>**

3235 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിലെ തസ്തിക നിർണയത്തിൽ മതിയായ കുട്ടികൾ ഇല്ലെന്ന് കണ്ട് നിർത്തലാക്കാൻ നിർദ്ദേശിച്ച അധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ വിഷയം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഹയർസെക്കൻഡറി ബാച്ചുകളിൽ കുട്ടികൾ ഇല്ലാത്ത സാഹചര്യം എങ്ങനെ ഉണ്ടായെന്ന് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തസ്തിക നിർണയത്തെ തുടർന്ന് അധ്യാപക തസ്തികകൾ ഇല്ലാതാക്കുന്നതിനും തരംതാഴ്ത്തുന്നതിനുമുള്ള നിർദ്ദേശം നിയമനത്തിനായി വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ ബാധിക്കുമെന്നതിനാൽ സർക്കാർ എന്തെങ്കിലും ബദൽ ക്രമീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>സ്കൂൾ പരിസരങ്ങളിലെ ലഹരി വിൽപന</u>**

3236 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലും സ്കൂളുകളുടെ പരിസരങ്ങളിലും വിദ്യാർത്ഥികളെ ലക്ഷ്യമാക്കി ലഹരി പദാർത്ഥങ്ങളുടെയും നിരോധിത പുകയില ഉല്പന്നങ്ങളുടെയും വിപണനം നടക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സ്കൂളുകളുടെ സമീപത്തെ മെഡിക്കൽ ഷോപ്പുകളിലടക്കം നിരോധിത ലഹരി പദാർത്ഥങ്ങളുടെയും സിന്തറ്റിക് മരുന്നുകളുടെയും വിൽപ്പന നടത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ അധ്യാപകരുടെയും പി.ടി.എ. യുടെയും സഹായത്തോടെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സ്കൂളുകളുടെ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെയും നിരോധിത പുകയില ഉല്പന്നങ്ങളുടെയും വിൽപന തടയാൻ വിദ്യാഭ്യാസ വകുപ്പ് മറ്റു വകുപ്പുകളുമായി ചേർന്ന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; വ്യക്തമാക്കാമോ?

**<u>സ്കൂൾ കുട്ടികളുടെയും ജീവനക്കാരുടെയും ലഹരി ഉപയോഗം</u>**

3237 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും സ്കൂൾ കുട്ടികൾ ലഹരി ഉപയോഗിച്ചതും കുട്ടികളിൽ നിന്ന് ലഹരി വസ്തുക്കൾ കണ്ടെത്തിയതുമായ എത്ര സംഭവങ്ങൾ സ്കൂളുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ജില്ലതിരിച്ച് അക്കാദമിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും അധ്യാപകരും അനധ്യാപക സ്റ്റാഫുകളും സ്കൂൾ പരിസരത്ത് ലഹരി ഉപയോഗിച്ചതും മേൽപ്പറഞ്ഞവരിൽ നിന്ന് ലഹരി വസ്തുക്കൾ കണ്ടെത്തിയതുമായ എത്ര സംഭവങ്ങൾ സ്കൂളുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ജില്ലതിരിച്ച് അക്കാദമിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഈ കാര്യത്തിൽ എന്തൊക്കെ വകുപ്പ് തല ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## എസ്.എസ്.എൽ.സി./വി.എച്ച്.എസ്.ഇ. പരീക്ഷാ വിജയികളുടെ ഉപരിപഠനം

3238 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 മാർച്ച് നാലിന് തുടങ്ങുന്ന എസ്.എസ്.എൽ.സി., വി.എച്ച്.എസ്.ഇ. പരീക്ഷകൾ എഴുതുന്ന കുട്ടികളുടെ എണ്ണം (സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്) എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പരീക്ഷകളിൽ വിജയിക്കുന്ന കുട്ടികൾക്ക് ഉപരിപഠനത്തിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പരീക്ഷകൾ വിജയിക്കുന്ന എല്ലാ കുട്ടികൾക്കും ഉപരിപഠനത്തിന് സീറ്റുകൾ ലഭ്യമാകുമോ എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## വിദ്യാർത്ഥി പ്രവേശത്തിലെ കുറവ്

3239 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1197 സ്കൂളുകളിൽ ശരാശരി ഇരുപത്തിയഞ്ച് കുട്ടികളോ അതിൽ കുറവോ മാത്രമേയുള്ളൂവെന്ന സാമ്പത്തിക സർവേയിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ സർക്കാർ സ്കൂളുകൾ എത്രയെന്നും സ്വകാര്യ സ്കൂളുകൾ എത്രയെന്നും അറിയിക്കുമോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ അധ്യയനവർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര കുട്ടികളാണ് പുതിയതായി അഡ്മിഷൻ എടുത്തത്; ഈ അധ്യയന വർഷം എത്ര കുട്ടികളാണ് അഡ്മിഷൻ എടുത്തത്; വിദ്യാർത്ഥി പ്രവേശത്തിൽ കുറവ് ഉണ്ടാകുന്നതിന് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിദ്യാർത്ഥി പ്രവേശം സംബന്ധിച്ച് സാമ്പത്തിക സർവേയിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്നും സ്വകാര്യ സ്കൂളുകളിലേക്കും കേന്ദ്ര സിലബസിലേക്കും കുട്ടികൾ തിരികെ പോകുന്ന പ്രവണത വർദ്ധിക്കുന്നുണ്ടോ; ഇക്കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## സ്കൂൾ കലോത്സവ ഒഫീഷ്യൽസിന്റെ വേതനം

3240 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഒഫീഷ്യൽസ് ആയി പ്രവർത്തിച്ച അധ്യാപകർക്കും സബ് കമ്മിറ്റി കൺവീനർമാർക്കും സബ് കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ച ആധ്യാപകർക്കും ടി.എ./ഡി.എ./വേതനം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കാമോ; അക്വിറ്റൻസിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കലോത്സവത്തിൽ ഒഫീഷ്യലായി ഡ്യൂട്ടി ചെയ്ത പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർക്ക് ടി.എ./ഡി.എ./വേതനം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കാമോ; അക്വിറ്റൻസിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പൊതുവിദ്യാലയങ്ങളുടെ ഡിജിറ്റലൈസേഷൻ

3241 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളിൽ സർക്കാർ അനുവദിച്ചിട്ടുള്ള ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) വാറന്റി കഴിഞ്ഞിട്ടുള്ള പ്രസ്തുത ഉപകരണങ്ങൾ മാറ്റി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## പേരാമ്പ്ര ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കൽ

3242 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കാത്തതുകാരണം സ്കൂളിൽ ഉണ്ടായ പ്രതിസന്ധികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മേല്പറഞ്ഞ സ്കൂളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 25.11.2024-ന് സ്കൂളിൽ യോഗം ചേർന്നിരുന്നോയെന്നും പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തു, എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തീരുമാനമനുസരിച്ച് സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നും എന്തൊക്കെ നടപടികളുണ്ടായെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് 23.12.2025-ന് 240/24 നമ്പർ കത്ത് ലഭിച്ചിരുന്നോയെന്നും ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും

വ്യക്തമാക്കാമോ;

(ഇ) ഈ സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെ അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും കഴിഞ്ഞ 5 മാസമായി ശമ്പളം ലഭിക്കാത്തതും എന്നാൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഹൈസ്കൂൾ വിഭാഗങ്ങൾക്കു കൂടി ശമ്പളം ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**ഇരിക്കൂർ കാലാങ്കി എകാധ്യാപക വിദ്യാലയം**

3243 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ കാലാങ്കി എകാധ്യാപക വിദ്യാലയത്തിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റ് എകാധ്യാപക വിദ്യാലയങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**ചവറ ഗവ. ഗേൾസ് എച്ച്. എസ്സ്-ന് ലഭിച്ച സംഭാവനകൾ**

3244 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിലെ ചവറ ഗവ. ഗേൾസ് എച്ച്.എസ്സ്-ൽ 2023-24, 2024-25 വർഷങ്ങളിൽ ലഭ്യമായിട്ടുള്ള സംഭാവനകളുടെ വിവരങ്ങൾ അറിയിക്കുമോ;

(ബി) സംഭാവനകൾ നൽകിയ വ്യക്തി/സ്ഥാപനം, ലഭിച്ച തുക, ആരുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചത്, ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) അവധി സമയങ്ങളിൽ സ്കൂളിൽ നടത്തിയിട്ടുള്ള പരിപാടികൾ (പരിശീലന പരിപാടികൾ ഉൾപ്പെടെ) ഏതൊക്കെയാണെന്ന് അറിയിക്കുമോ; സ്കൂൾ വിട്ടുനൽകിയതിന് സംഭാവനകൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ, ഏത് അക്കൗണ്ടിലാണ് വരവ് ചെയ്തിട്ടുള്ളത്; ടി പരിപാടികളിൽ അനുമതി ആവശ്യമുള്ളവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) സ്കൂൾ പി.ടി.എ. ഫണ്ട് ഏത് വർഷം വരെ ഓഡിറ്റ് നടന്നിട്ടുണ്ട്; ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**എം.എൽ.എ. ഫണ്ടിൽനിന്ന് ആലത്തൂർ ഗവഃ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് വാഹനം**

3245 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഗവഃ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാലയത്തിന് വാഹനം ലഭ്യമാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; വാഹനം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>പൊറ്റശ്ശേരി ജി.എച്ച്.എസ്.എസ്. ഒന്നാം ക്ലാസ്സിലെ ഡിവിഷൻ നഷ്ടം</u>**

3246 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ തസ്തികനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോങ്ങാട് നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരിയിലെ ഒന്നാം ക്ലാസിൽ നിന്നും എത്ര ഡിവിഷനുകൾ നഷ്ടമായെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിലെ ഒന്നാം ക്ലാസിൽ നിലവിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും അതിൽ എത്ര കുട്ടികൾക്ക് വാലിഡ് യു.ഐ.ഡി. ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഡിവിഷൻ നഷ്ടപ്പെട്ടത് പുനഃപരിശോധിക്കുന്നതിന് പ്രസ്തുത സ്കൂളിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**<u>കോന്നി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം</u>**

3247 **ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ ഏനാദിമംഗലം പഞ്ചായത്തിൽ പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി തുക അനുവദിച്ച കുന്നട ഗവൺമെന്റ് യു.പി. സ്കൂളിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; പ്രസ്തുത നിർമ്മാണത്തിന്റെ ഭരണാനുമതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) കോന്നി നിയോജക മണ്ഡലത്തിലെ കലഞ്ഞൂർ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>ഹഫ്സൽ റഹ്മാൻ എൻ.കെ.- യെ പിരിച്ചുവിട്ട നടപടി</u>**

3248 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ചെമ്മാൻകടവ് പി.എം.എസ്.എ.എം.എ. എച്ച്.എസ്.എസ്.-ൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ- ഉറുദു) അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന ഹഫ്സൽ റഹ്മാൻ എൻ.കെ.- യെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാൻ കാരണമെന്തെന്നും പ്രസ്തുത കാരണം ഇപ്പോഴും നിലനിൽക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ടോയെന്നും സസ്പെൻഷൻ പിൻവലിച്ചിട്ടില്ലെങ്കിൽ കാരണമെന്താണെന്നും വിശദമാക്കുമോ;

(ബി) സസ്പെൻഷന് ആധാരമായ കേസിൽ വിചാരണ കോടതി അദ്ധ്യാപകനെ കുറ്റവിമുക്തനാക്കിയ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിരുന്നോ; എങ്കിൽ നിലവിൽ ഒരു ക്രിമിനൽ കേസിലും പ്രതിയല്ലാത്ത ഈ അദ്ധ്യാപകനെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ ഉത്തരവ് നൽകാത്തതിന്റെ കാരണം അറിയിക്കുമോ;

(സി) സസ്പെൻഷന് ആധാരമായ ക്രിമിനൽ കേസിൽ വിചാരണ കോടതി കുറ്റവിമുക്തനാക്കിയാലും ആർ.ഡി.ഡി. റിപ്പോർട്ടിൽ അദ്ധ്യാപകൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്ന കാരണത്താൽ സ്കൂൾ മാനേജർ ടിയാനെ സർവ്വീസിൽ നിന്ന് പിരിച്ച് വിട്ട് നൽകിയ നോട്ടീസിന്റെ പകർപ്പ് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ആർ.ഡി.ഡി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകന്റെ ഹിയറിംഗ് നടത്തിയിരുന്നോയെന്നും നടത്തിയിരുന്നെങ്കിൽ എന്നായിരുന്നുവെന്നും പ്രസ്തുത സമയത്ത് അദ്ധ്യാപകനെതിരെ കോടതി നടപടികളുണ്ടായിരുന്നോയെന്നും ആർ.ഡി.ഡി അന്വേഷണത്തിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് അദ്ധ്യാപകന് കൈമാറിയിരുന്നോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വിശദമാക്കുമോ;

(ഇ) അദ്ധ്യാപകനെതിരെ അച്ചടക്ക നടപടിയെടുക്കാൻ ആർ.ഡി.ഡി. സ്കൂൾ മാനേജരോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ;

(എഫ്) സസ്പെൻഷൻ കാലയളവിലുള്ള ഉപജീവന ബത്ത ഈ അദ്ധ്യാപകന് പൂർണ്ണമായും നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(ജി) അദ്ധ്യാപകൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 2074/2024 കേസിലെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി 16.4.2024 -ന് നടത്തിയ ഹിയറിംഗിന്റെ സ്ഥിതി എന്താണെന്നും കോടതി ഉത്തരവ് നടപ്പിലാക്കിയോ എന്നും ഇല്ലെങ്കിൽ എന്താണ് കാരണമെന്നും വിശദമാക്കുമോ?

## <u>അംഗീകൃത ഹയർ സെക്കണ്ടറി അധ്യാപക തസ്തികകൾ</u>

3249 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-17 അക്കാദമിക വർഷം മുതൽ 2024- 25 വരെ അംഗീകാരം ലഭിച്ച എത്ര ഗവ. ഹയർ സെക്കണ്ടറി അധ്യാപക തസ്തികകൾ നിലവിലുണ്ടെന്നും അവയിൽ എത്ര സ്ഥിരം അധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്നും വിഷയങ്ങൾ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് അംഗീകാരം ലഭിച്ച എത്ര ഗവ.ഹയർ സെക്കണ്ടറി അധ്യാപക തസ്തികകൾ നിലവിലുണ്ടെന്നും അവയിൽ എത്ര തസ്തികകളിൽ സ്ഥിരം അധ്യാപകരില്ലാതെ ഗസ്റ്റ്, കരാർ അധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഒരു ബാച്ച് പ്രവർത്തിക്കുന്നതിന് കെ.ഇ.ആർ. അനുസരിച്ചുള്ള കുട്ടികൾ പ്രവേശനം നേടാത്തതിന്റെ പേരിൽ 2024-25 അക്കാദമിക വർഷം വരെ ഗവ.ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവർത്തിക്കാതായിരിക്കുന്ന ബാച്ചുകൾ എത്രയുണ്ടെന്നും അത്തരം ബാച്ചുകളിലെ അധ്യാപകരെ പുനർവിന്യസിക്കുന്നതിനും ബാച്ചുകൾ പുന:ക്രമീകരിക്കുന്നതിനും നിലനിർത്തുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) ഗവൺമെന്റ്, ഗവ. എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാർ കൈകാര്യം ചെയ്യേണ്ട പരമാവധി പീരിയഡുകളായ എട്ട് പീരിയഡിന് ശേഷം വരുന്ന എട്ട് മുതൽ പതിനേഴ് വരെയുള്ള പീരിയഡുകളിലും സ്ഥിരം അധ്യാപകർ കൈകാര്യം ചെയ്യുന്ന പീരിയഡുകൾക്ക് ശേഷമുള്ള ആറോ അതിൽ താഴെയോ വരുന്ന പീരിയഡുകളിലും ഏതുതരം നിയമനം നടത്താനാണ് നിർദ്ദേശം നൽകിയിരിക്കുന്നതെന്നും അത്തരം നിർദ്ദേശം നൽകിയിരിക്കുന്നത് ഏത് വർഷമാണെന്നും വ്യക്തമാക്കാമോ?

## <u>നിയമന അംഗീകാരം ലഭിക്കാത്ത അധ്യാപകർ</u>

3250 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിയമന അംഗീകാരം ലഭിക്കാത്ത എത്ര അധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന വിശദാംശം ഹൈസ്കൂൾ/ ഹയർസെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി അടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിഷയം തിരിച്ച വ്യക്തമാക്കുമോ;

(ബി) ഇതിൽ അഞ്ചു വർഷത്തിലും പത്തു വർഷത്തിലും അധികമായി ജോലി ചെയ്യുന്ന എത്രപേരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അധ്യാപകർക്ക് ശമ്പളം നൽകാനുള്ള വ്യവസ്ഥ എന്താണ്; നിയമന അംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളം ലഭിക്കാത്ത എത്ര അധ്യാപകരുണ്ട് ഹൈസ്കൂൾ/ഹയർസെക്കൻഡറി/വൊക്കേഷൻ ഹയർ സെക്കൻഡറി അടിസ്ഥാനത്തിൽ വിശദാംശം ജില്ല തിരിച്ച് വിഷയം തിരിച്ച വ്യക്തമാക്കുമോ ;

(ഡി) ശമ്പളം ലഭിക്കാത്തതിനാൽ ഏതെങ്കിലും അധ്യാപകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; അർഹതപ്പെട്ട അധ്യാപക നിയമനങ്ങൾക്ക് പരമാവധി വേഗത്തിൽ അംഗീകാരം നൽകിക്കൊണ്ട് മേൽപ്പറഞ്ഞ പ്രതിസന്ധി മറികടക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പത്തനംതിട്ട ജില്ലയിലെ യു.പി.എസ്.റ്റി. നിയമനം</u>

3251 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ നിലവിലുള്ള യു.പി.എസ്.റ്റി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടന്നിട്ടുണ്ടോയെന്നും ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വിവിധ വിഷയങ്ങൾക്കുള്ള എച്ച്.എസ്.എ. പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാലങ്ങളായി നിയമന പ്രതിസന്ധി നേരിടുന്ന ഹൈസ്കൂൾ ഇംഗ്ലീഷ് തസ്തികയിലേയ്ക്ക് പ്രൈമറി തലത്തിലുള്ള യോഗ്യരായ അധ്യാപകരുടെ നിയമനം, അന്തർ ജില്ലാ സ്ഥലം മാറ്റം എന്നീ നടപടികൾ വേഗത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പത്തനംതിട്ട ജില്ലയിൽ യു.പി.എസ്.റ്റി. തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ അന്യത്ര സേവനം

3252 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്ക് അന്യത്ര സേവനവ്യവസ്ഥയിലോ റെന്റഡ് എംപ്ലോയ്മെന്റ് സർവ്വീസ് വ്യവസ്ഥയിലോ മറ്റു വകുപ്പുകളിലേയ്ക്കോ, മന്ത്രിമാർ, എം.എൽ.എ.-മാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലോ സേവനം അനുഷ്ഠിക്കുന്നതിന് നിയമ തടസ്സം എന്തെങ്കിലുമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൊബേഷൻ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപായി ഇത്തരത്തിൽ മേൽപ്പറഞ്ഞ സേവനങ്ങളിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രസ്തുത സർവീസ് കാലയളവിൽ പ്രൊബേഷൻ ഡിക്ലറേഷൻ നടത്തുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(സി) ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോ; വിശദ വിവരം നൽകാമോ;

(ഡി) പ്രസ്തുത ജീവനക്കാർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ കഴിയുമോ; വിശദമാക്കാമോ?

## ശാലിനി എസ്.-ന്റെ പ്രമോഷൻ അപ്രൂവൽ

3253 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 02.12.2021-ന് എച്ച്.എസ്.എസ്.ടി. ജൂനിയർ ഫിസിക്സ് അധ്യാപികയായി പ്രമോഷൻ ലഭിക്കുകയും കൊല്ലം ജില്ലയിലെ എൻ.എസ്.എസ്. പ്രാക്കുളം സ്കൂളിൽ നിയമനം ലഭിക്കുകയും ചെയ്ത അധ്യാപിക ശാലിനി എസ്. -ന്റെ പ്രമോഷൻ അപ്രൂവലിനായി സമർപ്പിച്ച ഫയലിന്റെ (ടി.ആർ3.5/7614/2021/എച്ച്.എസ്.ഇ) നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ അപ്രൂവലിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ കാരണം സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത ഫയലിന്മേലുള്ള തീരുമാനം ത്വരിതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തൃശ്ശൂർ ജില്ലയിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനാംഗീകാരം

3254 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ കാരണങ്ങളാൽ നിയമന അംഗീകാരം ലഭിക്കാത്ത എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വിവരങ്ങൾ സ്കൂളുകൾ തിരിച്ച്

വ്യക്തമാക്കാമോ;

(ബി) നിയമന അംഗീകാരം ലഭിക്കാത്തതിന്റെ കാരണം, നിയമന അംഗീകാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ വ്യക്തമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

3255 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ കണ്ടംകുളങ്ങര എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ;

(ബി) ചെറുകോട് ട്രൈബൽ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും തുടർ നടപടികളും വ്യക്തമാക്കാമോ?

## പുതിയ അൺഎയ്ഡഡ് സ്കൂളുകൾ

3256 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷകളിൽ അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളെ നിയന്ത്രിക്കുന്നതിന് വ്യവസ്ഥയുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## ഭിന്നശേഷി സംവരണം

3257 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം നിലനിർത്തണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് സർക്കാർ സ്കൂളുകളിലെ ഒഴിവുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹൈക്കോടതി വിധി നടപ്പിലാക്കുമ്പോൾ പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജ്മെന്റുകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഭിന്നശേഷി തസ്തികയിൽ ഉദ്യോഗസ്ഥരെ ലഭിക്കാത്ത സാഹചര്യത്തിൽ നിലവിൽ സേവനമനുഷ്ഠിച്ച വരുന്നവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം വിശദമാക്കാമോ;

(എഫ്) എറണാകുളം ജില്ലയിൽ രണ്ടായിരത്തോളം അധ്യാപകർക്ക് ഭിന്നശേഷി സംവരണ തസ്തിക നികത്താത്തത് മൂലം ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി ഉദ്യോഗസ്ഥർക്കുള്ള തസ്തികകൾ ഒഴിച്ചിട്ട ശേഷം മാനേജ്മെന്റ് നിയമിച്ച അധ്യാപകർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അടിയന്തരമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

3258 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2024-25 വരെ കിഫ്ബി സഹായത്തോടെയുള്ള കെട്ടിട നിർമ്മാണത്തിന് ഏതെല്ലാം സ്കൂളുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ സ്കൂളിനും എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016-17 മുതൽ 2024-25 വരെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഏതെല്ലാം സ്കൂളുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ സ്കൂളിനും എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ 2016-17 മുതൽ 2024-25 വരെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഏതെല്ലാം സ്കൂളുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ സ്കൂളിനും എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) മേൽ പരാമർശിച്ച പ്രവർത്തികളുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ?

## ഖാദർ കമ്മീഷൻ റിപ്പോർട്ട്

3259 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) റിപ്പോർട്ടിലെ നടപ്പാക്കാനുദ്ദേശിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് അധ്യാപക സംഘടനകളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ച ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) ഹൈസ്കൂൾ-ഹയർസെക്കണ്ടറി ലയന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഏത് രീതിയിലാണ് ലയിപ്പിക്കുന്നതെന്നും അധ്യാപക പുനർവിന്യാസം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് കൂടുതൽ

പഠനങ്ങൾ ആവശ്യമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ?

**<u>വിദ്യാർത്ഥികളുടെ പ്രൊഫഷണൽ മികവ് പരിപോഷിപ്പിക്കാൻ പദ്ധതി</u>**

3260 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക പരിജ്ഞാനവും പ്രൊഫഷണൽ മികവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ സ്കൂൾ വിദ്യാഭ്യാസ കാലത്ത് തന്നെ അവരുടെ മികവിന് അനുസൃതമായി ആവശ്യമായ പ്രോത്സാഹനം നൽകി പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും എന്തെങ്കിലും സ്ഥിരം സംവിധാനം വിദ്യാഭ്യാസ വകുപ്പിന് കീഴിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ</u>**

3261 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2024-25 വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് അടങ്കൽ തുകയായി എത്ര രൂപ വകയിരുത്തിയിരുന്നുവെന്നും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുകയുടെയും പദ്ധതികളുടെയും പുനക്രമീകരണത്തിന്റെ ഭാഗമായി എത്ര തുക വെട്ടിക്കുറച്ചുവെന്നും വ്യക്തമാക്കുമോ; പദ്ധതികൾ വെട്ടിക്കുറച്ചതും വിവിധ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തതും പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) 2016-17 മുതൽ 2024-25 വരെയുള്ള അക്കാദമിക വർഷത്തിൽ ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠനം നടത്തിയ വിദ്യാർത്ഥികളുടെ എണ്ണം എൽ.പി., യു.പി. വിഭാഗം, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, സർക്കാർ സ്കൂൾ, സർക്കാർ എയ്ഡഡ് സ്കൂൾ, അൺ എയ്ഡഡ് സ്കൂൾ എന്നിങ്ങനെ അക്കാദമിക വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിയമന അംഗീകാരം ലഭിക്കാത്ത എത്ര അധ്യാപകരുണ്ടെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നിങ്ങനെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഇ) ഇവയിൽ ഭിന്ന ശേഷി സംവരണം പൂർണ്ണമായി പാലിച്ചിട്ടുള്ള എയ്ഡഡ് സ്കൂളുകളിൽ എത്ര അധ്യാപക നിയമനം സ്ഥിരപ്പെടുത്താനുണ്ടെന്ന് ജില്ല

തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ചിരിക്കുന്ന സ്ഥിരം ബാച്ചുകളിൽ അംഗീകാരം ലഭിക്കാത്ത അധ്യാപക തസ്തികകൾ ഉണ്ടോ; എങ്കിൽ എത്ര തസ്തികകളുണ്ടെന്ന് വിഷയം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ജി) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറവായതിന്റെയോ ഇല്ലാതായതിന്റെയോ അടിസ്ഥാനത്തിൽ മലബാർ മേഖലയിലേക്ക് ട്രാൻസ്ഫർ ചെയ്ത ഹയർ സെക്കണ്ടറി ബാച്ചുകളുടെ അധ്യാപക തസ്തികകളും അവിടേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ട്രാൻസ്ഫർ ചെയ്ത ബാച്ചുകളിലെ അധ്യാപക തസ്തികകൾ ഇപ്പോൾ പരിഗണിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

## പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

3262 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കില എസ്.പി.വി. ആയി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പുതുപ്പരിയാരം സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്. -ന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര ക്ലാസ് മുറികളും മറ്റ് സൗകര്യങ്ങളുമാണ് ഈ സ്കൂളിൽ അധികമായി ലഭ്യമാക്കുക എന്നതിന്റെ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## കുട്ടികളുടെ വായനാശീലത്തിന് ഗ്രേസ് മാർക്ക്

3263 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ വായനാശീലത്തിന് ഗ്രേസ് മാർക്ക് നൽകുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പുസ്തക വായനയും പത്ര വായനയുമടക്കം വിലയിരുത്തിയിട്ടാണോ ഗ്രേസ് മാർക്ക് നിശ്ചയിക്കുക; വിശദമാക്കുമോ;

(സി) ഇപ്രകാരം ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള മറ്റ് ഘടകങ്ങൾ ഏതൊക്കെയാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ക്ലാസ്സുകളിലാണ് ഇത് നടപ്പിലാക്കുന്നതെന്നും ഏത് അധ്യയന വർഷം മുതലാണ് ഇതിന് തുടക്കം കുറിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

## പാഠ്യപദ്ധതി-മൂല്യനിർണ്ണയ പരിഷ്കരണം

3264 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയിൽ മാറ്റം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ പിന്തുടരുന്ന നിരന്തര മൂല്യനിർണ്ണയ സമ്പ്രദായം കൂടുതൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

3265 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ സർക്കാർ ധനസഹായത്തോടെ നിർമ്മാണം നടന്നുവരുന്ന സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സ്കൂളുകളുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ തുക അനുവദിച്ച സ്കൂളുകളുടെ നിർമ്മാണം നാളിതുവരെ ആരംഭിക്കാത്ത സാഹചര്യത്തിൽ മണ്ഡലത്തിൽ തന്നെയുള്ള പകരം സ്കൂളിനെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഏറനാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമാണം

3266 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഏറനാട് മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേനയും , പ്ലാൻ ഫണ്ട് ഉപയോഗിച്ചും കെട്ടിട നിർമാണം, നവീകരണം എന്നിവയ്ക്കായി ഏതെല്ലാം സ്കൂളുകൾക്ക് തുക അനുവദിച്ചുവെന്നും അവയിൽ ഏതെല്ലാം പൂർത്തിയാക്കിയെന്നും ഇനിയും പൂർത്തിയാക്കുവാനുള്ളവ ഏതെല്ലാമെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചതെന്നും എപ്പോൾ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

## ഹയർസെക്കൻഡറി വിഭാഗത്തിൽ അക്കൗണ്ട്സ് ഓഫീസർ സ്ഥാനക്കയറ്റം

3267 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ മതിയായ യോഗ്യത നിർണയിച്ച സ്പെഷ്യൽ റൂൾസ് രൂപീകരിക്കാതെ എക്സിക്യൂട്ടീവ്

ഉത്തരവിലൂടെ എത്ര തവണ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രമോഷനുകൾ നൽകിയപ്പോൾ മൂന്നു മാസത്തിനകം സ്പെഷ്യൽ റൂൾസ് രൂപീകരിക്കണമെന്നും എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഇത്തരം പ്രമോഷനുകൾ ആവർത്തിക്കേണ്ടതില്ലെന്നും ബന്ധപ്പെട്ട ഫയലിൽ ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രമോഷനുകൾ നടത്തുന്നതിനുള്ള യോഗ്യതകൾ സംബന്ധിച്ചും പ്രമോഷനുകൾ നടത്തിയിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും ബന്ധപ്പെട്ട ഫയലുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഡി.പി.ഐ., ഡി.ഇ.ഒ., എ.ഇ.ഒ., എ.ഡി., ആർ.ഡി.ഡി. എന്നീ ഓഫീസുകളെ ലയിപ്പിക്കുന്നതിനുള്ള ചട്ട ഭേദഗതി വകുപ്പിലെ റീകൺസ്ട്രക്ഷൻ സെൽ സെക്ഷനിൽ നടന്നുകൊണ്ടിരിക്കെ ആയത് മറികടന്ന് അത്യാവശ്യ യോഗ്യതയായ കെ.ഇ.ആർ. ഒഴിവാക്കി വീണ്ടും എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മതിയായ യോഗ്യത ഇല്ലാത്തവർക്ക് പ്രമോഷൻ നൽകി (കൈ)നമ്പർ.3/2025/ജി.ഡി.ഇ.എൻ. നമ്പർ സർക്കാർ ഉത്തരവിറക്കിയത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിശേഷാൽ ചട്ട ഭേദഗതി സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത ഉത്തരവ് ഇറക്കുന്നതിനായി ചട്ടവും ഫയലിലെ മുൻ ഉത്തരവുകളും മറികടന്ന് പൊതുവിദ്യാഭ്യാസ (സി) സെക്ഷൻ അണ്ടർ സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഇടപെടലുകളും അമിത താല്പര്യവും പരിശോധിക്കുമോ?

## <u>വിദ്യാ സമീക്ഷാ കേന്ദ്രങ്ങൾ</u>

3268 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസത്തിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ വിദ്യാ സമീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്; പദ്ധതി നടപ്പാക്കുന്നതിനായി ഏത് കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇവരുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഡിജിറ്റൽ സർവകലാശാല, എൻ.ഐ.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ പരിഗണിക്കാതെ പദ്ധതിക്കായി സ്വകാര്യ കമ്പനിയെ പരിഗണിച്ചത് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) വി.എസ്.കെ. പദ്ധതി നടപ്പാക്കുന്നതിനായി 2023 ഒക്ടോബറിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ഉന്നതതല യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകൾക്ക് കളിസ്ഥലം</u>

3269 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തുമ്മൽ എച്ച്.എസ്.എസ്. ന് കളിസ്ഥലം വാങ്ങുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും തുടർ നടപടിയും വിശദമാക്കാമോ;

(ബി) പൂവ്വാർ സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും തുടർ നടപടികളും വിശദമാക്കാമോ?

## ഹയർ സെക്കണ്ടറി ജോയിന്റ് ഡയറക്ടർ നിയമനം

3270 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിയമനം എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ; ഇതിനായി എന്തെങ്കിലും യോഗ്യത നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ബി) നിലവിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തു വരുന്നവരുടെ പേരും അവരുടെ അക്കാദമിക്/വിദ്യാഭ്യാസ യോഗ്യതയും അവർ എന്നു മുതൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്നുവെന്നും അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ളവരുടെ പേര് വിവരവും യോഗ്യതയും ലഭ്യമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങൾ

3271 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, എസ്.പി.സി., റെഡ്ക്രോസ് തുടങ്ങിയവയുള്ള സ്കൂളുകളുടെ പേര് വിവരങ്ങൾ തരം തിരിച്ച് നൽകുമോ?

## സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങളിലെ അമിത ഫീസ്

3272 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ട്യൂഷൻ സ്ഥാപനങ്ങൾ അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങൾ ഈടാക്കിവരുന്ന ഫീസ് ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഹയർസെക്കൻഡറി അക്കൗണ്ട്സ് ഓഫീസർ സ്ഥാനക്കയറ്റം

3273 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ മതിയായ യോഗ്യത നിർണയിച്ച് സ്പെഷ്യൽ റൂൾസ് രൂപീകരിക്കാതെ എത്ര തവണ

എക്സിക്യൂട്ടീവ് ഉത്തരവിലൂടെ അക്കൗണ്ട് ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രമോഷനുകൾ നൽകുമ്പോൾ മൂന്ന് മാസത്തിനകം സ്പെഷ്യൽ റൂൾ രൂപീകരിക്കണമെന്നും മേലിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഈ നടപടി ആവർത്തിക്കരുതെന്നും ബന്ധപ്പെട്ട ഫയലിൽ ഉത്തരവായിരുന്നോ;

(സി) ബന്ധപ്പെട്ട ഫയലുകളുടെയും, പ്രസ്തുത പ്രമോഷനുകൾ നടത്തുന്നതിനുള്ള യോഗ്യതകൾ സംബന്ധിച്ചും, പ്രമോഷനുകൾ നടത്തിയിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ,എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഡി.പി.ഐ., ഡി.ഇ.ഒ., എ.ഇ.ഒ., എ.ഡി., ആർ.ഡി.ഡി. ഓഫീസുകളെ ലയിപ്പിക്കുന്നതിനുള്ള ചട്ട ഭേദഗതി പൊതുവിദ്യാഭ്യാസ വകുപ്പിലെ ആർ.സി. സെക്ഷനിൽ നടന്നുകൊണ്ടിരിക്കെ അത് മറികടന്ന് പൊതുവിദ്യാഭ്യാസ (സി) സെക്ഷൻ അത്യാവശ്യ യോഗ്യതയായ കെ.ഇ.ആർ. ഒഴിവാക്കി മതിയായ യോഗ്യത ഇല്ലാത്തവർക്ക് പ്രമോഷൻ നൽകാൻ സ.ഉ. (കൈ) നമ്പർ 3/2025/ ജി.ഇ.ഡി.എൻ. ഇറക്കിയത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിശേഷാൽ ചട്ട ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഫയലിലെ മുൻ നിർദ്ദേശങ്ങൾ മറികടന്ന് കെ.ഇ.ആർ. യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് എക്സിക്യൂട്ടീവ് ഉത്തരവിലൂടെ സ്ഥാനക്കയറ്റം നൽകേണ്ട അടിയന്തര സാഹചര്യം ഉണ്ടോയെന്ന് പരിശോധിക്കുമോ;

(എഫ്) സ.ഉ. (കൈ) നമ്പർ 3/2025/ജി.ഇ.ഡി.എൻ സർക്കാർ ഉത്തരവ് ഇറക്കുന്നതിന് പൊതുവിദ്യാഭ്യാസ (സി) വകുപ്പിലെ അണ്ടർ സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് ചട്ടങ്ങളും ഫയലിലെ മുൻ ഉത്തരവുകളും മറികടന്ന് അനാവശ്യമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമോ?

**<u>ഭാഷാ അധ്യാപകരുടെ സ്ഥാനക്കയറ്റം</u>**

3274 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ 2018 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ എച്ച്.എസ്.ടി. പാർട്ട് ടൈം അറബിക് തസ്തികയിൽ നിന്നും എച്ച്.എസ്.ടി. ഫുൾടൈം തസ്തികയിലേക്ക് ആകെ എത്ര പേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ പ്രമോഷൻ നൽകിയിട്ടുണ്ടെങ്കിൽ അതിനായി സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ;

(സി) ഇത്തരത്തിൽ പ്രമോഷൻ നൽകുന്നതിനായി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29.05.2018 -ലെ എ3/2919/2014, 08.02.2019-ലെ എ3/2913/2014, 12.02.2024 -ലെ എ3/4000/2023 എന്നീ നമ്പർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) 05.05.2018 -ലെ എ6/76182/17 നമ്പറായി പൊതു വിദ്യാഭ്യാസ ഡയറക്ടർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത്തരത്തിൽ കത്ത് നൽകാൻ ഉണ്ടായ സാഹചര്യം എന്താണെന്നും ഇങ്ങനെ ഒരു കത്ത് എന്തടിസ്ഥാനത്തിലാണ് നൽകിയതെന്നും വിശദമാക്കുമോ;

(എഫ്) സംസ്ഥാനത്താകെ എച്ച്.എസ്.ടി, യു.പി.എസ്.ടി, എൽ.പി.എസ്.ടി വിഭാഗങ്ങളിലായി എത്ര ഭാഷാ അധ്യാപകർ (അറബിക്, ഉർദു, സംസ്കൃതം) പാർട്ട് ടൈം തസ്തികയിൽ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ലയും വിഭാഗവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## സ്പെഷ്യൽ സ്കൂളുകൾ

3275 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എത്ര സ്പെഷ്യൽ സ്കൂളുകളാണ് നിലവിൽ പ്രവർത്തിക്കുന്നത് ; ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(ബി) സ്പെഷ്യൽ സ്കൂളുകളിൽ സർക്കാർ സഹായം ലഭിക്കുന്നതിന് കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധന വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 93 സ്പെഷ്യൽ സ്കൂളുകൾ പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തത്; പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## വയനാട് ജില്ലയിലെ എൽ.പി.എസ്.ടി. നിയമനം

3276 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ 2024-25 വർഷത്തെ എൽ.പി.എസ്.ടി. തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) ഡിവിഷൻ ഫോൾ കൃത്യമായ കണക്കെടുത്ത് പുനർവിന്യാസം നടത്തിയിട്ടുണ്ടോ; പുനർവിന്യാസ പ്രകാരം വന്ന പ്രസ്തുത കാലയളവിലെ ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത നടപടികൾ പ്രകാരം അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) വയനാട് ജില്ലയിൽ പുതിയതായി വിദ്യാർത്ഥികൾ കൂടിയ വിദ്യാലയങ്ങളിൽ അധ്യാപകരെ നിയമിച്ചത് നിലവിലുള്ള എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിൽ നിന്നാണോ; അല്ലെങ്കിൽ നിലവിലുള്ള മുഴുവൻ എൽ.പി. സ്കൂൾ അധ്യാപക ഒഴിവുകളിലേക്കും 2025 മേയ് 30-ന് കാലാവധി അവസാനിക്കുന്ന പ്രസ്തുത റാങ്ക്

ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ പ്രകാരം 150-ൽ അധികം കുട്ടികളുള്ള സ്കൂളുകളിലെ പ്രധാനാധ്യാപകനെ അധ്യാപന ചുമതലകളിൽ നിന്നും ഒഴിവാക്കാനും അധിക തസ്തിക അനുവദിക്കാനും വ്യവസ്ഥയുണ്ടോ; എങ്കിൽ അപ്രകാരം വയനാട് ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്ര എൽ.പി. സ്കൂൾ അധ്യാപക അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

## <u>ഹയർ സെക്കൻഡറി അക്കൗണ്ട്സ് ഓഫീസർ സ്ഥാനക്കയറ്റം</u>

3277 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ മതിയായ യോഗ്യത നിർണയിച്ച് സ്പെഷ്യൽ റൂൾസ് രൂപീകരിക്കാതെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ എത്ര തവണ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത പ്രമോഷനുകൾ നൽകിയപ്പോൾ മൂന്നു മാസത്തിനകം സ്പെഷ്യൽ റൂൾ രൂപീകരിക്കണമെന്നും മേലിൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഈ നടപടി ആവർത്തിക്കേണ്ടതില്ലെന്നും ബന്ധപ്പെട്ട ഫയലിൽ ഉത്തരവായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ്, പ്രസ്തുത പ്രമോഷനുകൾ നടത്തുന്നതിനുള്ള യോഗ്യതകൾ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ്, പ്രമോഷൻ നടത്തിയ എക്സിക്യൂട്ടീവ് ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ ലഭ്യമാക്കാമോ;

(ഡി) ഡി.പി.ഐ., ഡി.ഇ.ഒ., എ.ഇ.ഒ., എ.ഡി., ആർ.ഡി.ഡി ഓഫീസുകളിൽ നിയമനം ലഭിക്കുന്നതിനുള്ള ചട്ട ഭേദഗതി നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ ആർ.സി. വിഭാഗത്തിൽ നടന്നുകൊണ്ടിരിക്കെ അത്യാവശ്യ യോഗ്യതയായ കെ.ഇ.ആർ. ഒഴിവാക്കി മതിയായ യോഗ്യത ഇല്ലാത്തവർക്ക് പ്രമോഷൻ നൽകാൻ പൊതു വിദ്യാഭ്യാസ വകുപ്പ് (സി ) വിഭാഗത്തിൽ നിന്ന് സ. ഉ. (കൈ) നമ്പർ 3/2025/G EDN ഉത്തരവിറക്കിയത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വിശേഷാൽ ചട്ട ഭേദഗതി സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഇത്തരത്തിൽ ബന്ധപ്പെട്ട ഫയലിലെ മുൻ നിർദ്ദേശങ്ങൾ മറികടന്ന് അത്യാവശ്യം ഉണ്ടായിരിക്കേണ്ട കെ.ഇ.ആർ. യോഗ്യത ഒഴിവാക്കി എക്സിക്യൂട്ടീവ് ഉത്തരവിറക്കി സ്ഥാനക്കയറ്റം നൽകാനുള്ള അടിയന്തര സാഹചര്യമുണ്ടോയെന്ന് പരിശോധിക്കുമോ;

(എഫ്) പ്രസ്തുത സ. ഉ. (കൈ) നമ്പർ 3/2025/G EDN ഉത്തരവ് ഇറക്കുന്നതിന് ചട്ടവും ഫയലിലെ മുൻ ഉത്തരവുകളും മറികടന്ന് പൊതുവിദ്യാഭ്യാസ (സി) വകുപ്പ് അണ്ടർ സെക്രട്ടറി അനാവശ്യ ഇടപെടലുകളും അമിത താല്പര്യവും കാണിച്ചുവെന്ന ആക്ഷേപം പരിശോധിക്കുമോ;

(ജി) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കൻഡറി വിഭാഗം അക്കൗണ്ട്സ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം, സ്പെഷ്യൽ റൂൾസ് രൂപീകരണം എന്നിവ സംബന്ധിച്ച് നാളിതുവരെ നടപടി എടുത്തതും സ. ഉ. (കൈ) നമ്പർ 3/2025/G EDN ഉത്തരവ് പുറപ്പെടുവിച്ചതുമായ ഫയലിന്റെയും മറ്റ് അനുബന്ധ ഫയലുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

## ഭാഷാ അധ്യാപക പ്രമോഷൻ

3278 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി.എസ്.ടി, എൽ.പി.എസ്.ടി വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന എത്ര പാർട്ട് ടൈം ഭാഷാ അധ്യാപകർ (അറബിക്, ഉർദു, സംസ്കൃതം) -ക്ക് പ്രൊബേഷൻ കാലാവധിക്ക് ശേഷം ഫുൾടൈം തസ്തികയിലേക്ക് പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വർഷം, ജില്ല, ഭാഷ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എച്ച്.എസ്.ടി വിഭാഗത്തിൽ പാർട് ടൈം തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ഭാഷാ അധ്യാപകർ (അറബിക്, ഉർദു, സംസ്കൃതം) പ്രൊബേഷൻ കാലാവധി കഴിഞ്ഞ് പ്രമോഷന് വേണ്ടി കാത്തിരിക്കുന്നുണ്ടെന്ന് ജില്ലയും വിഭാഗവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രൊബേഷൻ കാലാവധി കഴിഞ്ഞ എച്ച്.എസ്.ടി. വിഭാഗത്തിലെ പാർട് ടൈം അറബിക് അധ്യാപകർക്ക് എന്തുകൊണ്ടാണ് പ്രമോഷൻ നൽകാത്തതെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം അധ്യാപകർക്ക് പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

## വി.എച്ച്.എസ്.ഇ. ഗസ്റ്റ് അധ്യാപകർക്ക് കോവിഡ്കാല വേതനം

3279 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്കൂളിൽ ഹാജരാകാതിരുന്ന കാലയളവിൽ ഹയർസെക്കൻഡറി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരായി ജോലി ചെയ്തിരുന്നവർക്ക് വേതനം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ താൽക്കാലിക അധ്യാപകരായി ജോലി ചെയ്തിരുന്നവർക്ക് വേതനം നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഹയർസെക്കൻഡറി സ്കൂളുകളിലെ ഗസ്റ്റ് അധ്യാപകർക്ക് വേതനം നൽകിയ ഉത്തരവ് വി.എച്ച്. എസ്.ഇ. ക്കും ബാധകമാക്കി താൽക്കാലിക അധ്യാപകർക്ക് വേതനം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഹയർ സെക്കണ്ടറി അധ്യാപക നിയമനം

3280 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ എത്ര അധ്യാപക തസ്തികകൾ ഒഴിവുണ്ടെന്ന് വിശദമാക്കുമോ; ഏതെല്ലാം വിഷയത്തിലാണ് ഒഴിവുകളുള്ളതെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ടി തസ്തികകളിൽ പി.എസ്.സി. നിയമനത്തിന് നിലവിൽ ഏതെല്ലാം റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്നും ഈ റാങ്ക് ലിസ്റ്റുകൾ എന്ന് നിലവിൽ വന്നതാണെന്നും അതിന്റെ കാലാവധി എത്രയാണെന്നും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനം നടത്തിയെന്നും വിഷയം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തികയിലേക്ക് 2:1 എന്ന അനുപാതത്തിൽ ഹൈസ്കൂൾ എച്ച്.എം / വൈസ് പ്രിൻസിപ്പൽ പ്രമോഷൻ നിയമനം പുന:പരിശോധിക്കുന്നതിന് കേരള ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ നിന്നും ഏതെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പും അതിൻമേൽ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) ഹയർ സെക്കണ്ടറിയിൽ 2024-25 അക്കാദമിക വർഷം തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അധിക തസ്തികകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഹയർ സെക്കണ്ടറി അധ്യാപക നിയമനം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## അധ്യാപക നിയമനങ്ങളിലെ ഭിന്നശേഷി സംവരണം

3281 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷി സംവരണത്തിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥി തുടർച്ചയായി എത്ര അധ്യയന വർഷങ്ങളിൽ അപേക്ഷ നൽകാതെ വരുന്ന സാഹചര്യത്തിലാണ് പ്രസ്തുത തസ്തികയിലേക്ക് ജനറൽ കാറ്റഗറിയിൽ നിന്നും നിയമനം നടത്തുവാൻ കഴിയുന്നത്; ഇത് സംബന്ധിച്ച കൃത്യമായ നടപടിക്രമം വ്യക്തമാക്കുമോ;

(സി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാകുമോ?

## കോട്ടയം ജില്ലയിലെ യു.പി.എസ്.എ. ഒഴിവുകൾ

3282 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ സർക്കാർ യു.പി.എസ്.എ. തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനു വേണ്ടി നിലവിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട്

ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിലെ പ്രൈമറി പ്രഥമാധ്യാപക തസ്തികയിലേക്ക് 2025 ൽ നിയമനം ലഭിക്കേണ്ട അധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് നിലവിൽ ജോലി നോക്കുന്ന സ്കൂൾ ഉൾപ്പെടെ ലഭ്യമാക്കാമോ?

## എൻ.വി.ടി. (ബയോളജി) സീനിയർ തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനം

3283 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി-സീനിയർ) തസ്തികയിലേക്ക് ഹൈസ്കൂൾ ബയോളജി അധ്യാപകരിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമത്തിനായി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര അധ്യാപികമാർക്ക് നിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിൽ നിലവിൽ എത്ര നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി-സീനിയർ) ഒഴിവുകൾ നിലവിലുണ്ട്;

(സി) എച്ച്.എസ്.എ. ബയോളജി ബൈ ട്രാൻസ്ഫർ തസ്തികയിൽ വൊക്കേഷണൽ ഹയർസെക്കൻഡറി നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി-സീനിയർ) തസ്തികയിൽ എത്ര ഒഴിവുകൾ കേഡർ സ്ട്രെങ്ത് അനുപാതത്തിലുണ്ട്; നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) പുതിയ അക്കാദമിക് വർഷം ആരംഭിക്കുവാൻ മാസങ്ങൾ മാത്രമേയുള്ളൂ എന്നതിനാൽ നിലവിലുള്ള ബൈട്രാൻസ്ഫർ റാങ്ക് ലിസ്റ്റിൽ നിന്ന് ബൈ ട്രാൻസ്ഫർ ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ മേഖലയിൽ സൂപ്പർന്യൂമറി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തികകൾ

3284 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി.എസ്.ടി./യു.പി.എസ്.ടി. (മലയാളം മീഡിയം) തസ്തികയിൽ ഓരോ വർഷവും ഉണ്ടാവുന്ന ഒഴിവുകളുടെ 5% മാത്രം തസ്തിക മാറ്റത്തിന് മാറ്റിവയ്ക്കണമെന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നിലനിൽക്കെ 02/02/2024-ൽ എറണാകുളം ജില്ലയിൽ യു.പി.എസ്.ടി. തസ്തികയിൽ 12 ഒഴിവുകൾ തസ്തിക മാറ്റത്തിന് എപ്രകാരം മാറ്റിവച്ചുവെന്ന് അറിയിക്കാമോ; ഇത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവിന് വിരുദ്ധമായി തസ്തിക മാറ്റത്തിന് മാറ്റിവെച്ച ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എറണാകുളം ജില്ലയിൽ 2024-ൽ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ചതും വിരമിച്ചതും സ്ഥാനക്കയറ്റം പരിത്യാഗം ചെയ്തതുമായ പി.ഡി. ടീച്ചർമാരുടെ പേരും ജോലി ചെയ്യുന്ന സ്കൂളും സംബന്ധിച്ച വിവരങ്ങൾ

അറിയിക്കാമോ; ഇത് പ്രകാരം എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തികകളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ സ്കൂളുകൾ തിരിച്ച് നൽകാമോ;

(ഡി) നിലവിൽ എറണാകുളം ജില്ലയിൽ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ ജോലിചെയ്യുന്ന പി.ഡി. ടീച്ചർമാർ ഏത് വിഷയത്തിലെ തസ്തികകളിൽ ആണെന്ന് സ്കൂളുകൾ തിരിച്ച് പേര് സഹിതം അറിയിക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ

3285 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്തിരുന്ന വിവിധ വിഭാഗങ്ങളിലുള്ള സ്കൂൾ ഏകീകരണം പൂർത്തിയായോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

## പാറശാല മണ്ഡലത്തിലെ വിദ്യാലയങ്ങൾ

3286 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ സർക്കാർ, എയ്ഡഡ് വിഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്ന പൊതുവിദ്യാലയങ്ങളുടെ പട്ടിക പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പാറശാല മണ്ഡലത്തിൽ അൺഎയ്ഡഡ് വിഭാഗത്തിൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയങ്ങളുടെ പട്ടിക പഞ്ചായത്ത്തു തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ ഏതൊക്കെ സ്കൂളുകൾ അംഗീകാരത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പാറശാല മണ്ഡലത്തിലെ വിവിധ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം ലഭിക്കാത്ത എത്ര അധ്യാപക, അനധ്യാപക ജീവനക്കാർ ജോലി നോക്കി വരുന്നു; ഇവർക്ക് നിയമനാംഗീകാരം നൽകുന്ന നടപടികളുടെ പുരോഗതി സ്കൂൾ, തസ്തിക എന്നിവ തിരിച്ചു ലഭ്യമാക്കാമോ;

(ഡി) പാറശാല മണ്ഡലത്തിലെ വിവിധ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി, നിയമനം ലഭിച്ച ജീവനക്കാരുടെ എണ്ണം, ആയതിലേക്കായി മാറ്റി വച്ച തസ്തികകൾ എന്നിവ സ്കൂൾ, തസ്തിക തിരിച്ചു ലഭ്യമാക്കാമോ?

## ഡയറ്റ്-ൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അധ്യാപകർ

3287 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ ജില്ലാ അധ്യാപക കേന്ദ്രങ്ങളിൽ (ഡയറ്റ്) ലക്ചറർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ എത്ര സ്കൂൾ അധ്യാപകർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) അന്യത്ര സേവന വ്യവസ്ഥയിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്ന സ്കൂൾ അധ്യാപകരെ മാതൃ വകുപ്പിലേയ്ക്ക് തിരിച്ചയക്കാൻ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേൽ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോടതി സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിയിലാണ് സ്റ്റേ ഉത്തരവ് വന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കോടതി സ്റ്റേ ഉത്തരവ് മറികടക്കാൻ വകുപ്പിന്റെ ഭാഗത്ത് നിന്ന് എന്തെല്ലാം അപ്പീൽ നടപടികളാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ?

## <u>നോഷണൽ അപ്രൂവൽ ലഭിച്ച അധ്യാപകർ</u>

3288 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലായ് 15 നും 2016 ഡിസംബർ 3 നും ഇടയിൽ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ ദീർഘകാല അവധി ഒഴിവുകളിൽ നിയമിതരാവുകയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 06/02/2021 ലെ സ.ഉ.(പി) 04/2021 നമ്പർ ഉത്തരവ് പ്രകാരം നോഷണൽ ആയി അപ്രൂവൽ ലഭിക്കുകയും ചെയ്ത അധ്യാപകരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 03.12.2016ലെ സ.ഉ.(പി)നം. 199/2016/പൊ.വി.വ. പ്രകാരം കേരള വിദ്യാഭ്യാസ (ഭേദഗതി) ചട്ടങ്ങൾക്ക് (എസ്.ആർ.ഒ. നം.752/2016) മുൻകാല പ്രാബല്യം നൽകിയത് വഴി സാമ്പത്തിക ആനുകൂല്യം നഷ്ടപ്പെട്ടത് പരിഹരിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>തിരുവനന്തപുരം ജില്ലയിലെ യു.പി.എസ്.ടി. തസ്തിക</u>

3289 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ൽ തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.ടി. (മലയാളം മീഡിയം) (ലാംഗ്വേജ് ടീച്ചർ ഒഴികെ) തസ്തികയിൽ നിന്നും വിരമിക്കുന്ന അധ്യാപകരുടെ എണ്ണം, സ്കൂൾ, വിരമിക്കൽ തീയതി എന്നിവ മാസം തിരിച്ച് വിശദമാക്കാമോ;

(ബി) 2025-ൽ തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും വിരമിക്കുന്ന പ്രൈമറി പ്രഥമ അധ്യാപകരുടെ എണ്ണം, സ്കൂൾ, വിരമിക്കൽ തീയതി, എന്നിവ മാസം തിരിച്ച് വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ പി. ഡി. ടീച്ചർമാരിൽ നിന്നും ഹൈസ്കൂളിലേക്കുള്ള പ്രമോഷനായി നീക്കി വച്ചിരിക്കുന്ന ഒഴിവുകളുടെ കൃത്യമായ എണ്ണം വിഷയം തിരിച്ചു വിശദമാക്കാമോ;

(ഡി) ഈ അധ്യയന വർഷത്തെ ആന്റിസിപ്പേറ്ററി വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർക്കുലർ ഇറങ്ങുകയോ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ഇ) നിലവിലെ എൽ. പി./യു. പി. ലിസ്റ്റിന്റെ കാലാവധി എട്ടുമാസം മാത്രം നിലനിൽക്കെ നിലവിലെ ലിസ്റ്റിനെ ബാധിക്കാത്ത രീതിയിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ വഴി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**തിരുവനന്തപുരം ജില്ലയിലെ യു.പി. അദ്ധ്യാപക തസ്തികയിലെ നിയമനം**

3290 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ യു.പി. മലയാളം മീഡിയം അദ്ധ്യാപക തസ്തികയിലെ 2024-25 വർഷത്തെ തസ്തിക നിർണയം 2024 ഡിസംബർ 31-ന് മുൻപ് പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2024-25 ലെ അധിക തസ്തിക നിർണയ പ്രകാരം തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി. അദ്ധ്യാപകർക്കായി പ്രൊപ്പോസൽ നല്കിയിട്ടുള്ള ഒഴിവുകളുടെ എണ്ണം, സ്കൂളിന്റെ പേര് എന്നിവ വിശദമാക്കാമോ;

(സി) 2024-25 അധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നഷ്ടമായ പി.ഡി.റ്റി./യു.പി.എസ്.റ്റി. തസ്തികകൾ എത്രയെന്ന് വിശദമാക്കാമോ;

(ഡി) 1.1.2016 മുതൽ 2024 നവംബർ വരെ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ ആകെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്രയെണ്ണമാണ് കേഡർ സ്ട്രെങ്ത് അനുസരിച്ച് ബൈട്രാൻസ്ഫർ നിയമനത്തിന് വേണ്ടി മാറ്റി വച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ വിഷയത്തിനും കേഡർ സ്ട്രെങ്ത് അനുസരിച്ച് എത്ര ബൈട്രാൻസ്ഫർ ഒഴിവുകളാണ് മാറ്റി വച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് കേഡർ സ്ട്രെങ്ത് അനുസരിച്ചുള്ള ബൈട്രാൻസ്ഫർ നിയമനം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ബൈട്രാൻസ്ഫർ ഒഴിവുകളുടെ വിഷയം തിരിച്ചുള്ള ആകെ എണ്ണത്തിൽ എച്ച്.എസ്.എ, പി.ഡി ടീച്ചർ, ലാബ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവയ്ക്ക് എത്ര വീതമാണുള്ളതെന്ന വിവരം തരംതിരിച്ച് വ്യക്തമാക്കാമോ?

**ഭിന്നശേഷി സംവരണവും അധ്യാപക നിയമനവും**

3291 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ ഭിന്നശേഷി സംവരണ വിഷയത്തിൽ ഹൈക്കോടതി വിധിപ്രകാരം പ്രൊഫഷണലി അപ്രൂവ്ഡ് ടീച്ചേഴ്സിന് നിലവിൽ ജി.ഐ.എസ്., മെഡിസെപ്, പി.എഫ്., ജൂനിയർ സീനിയർ പ്രൊമോഷൻ എന്നിവ അനുവദിച്ചിട്ടുണ്ടെങ്കിലും എസ്.എൽ.ഐ., എൻ.പി.എസ്., വാർഷിക ഇൻക്രിമെന്റ്, ലീവ് അനുകൂല്യങ്ങൾ എന്നിവ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രൊഫഷണലി അപ്പോയിന്റഡ് അധ്യാപകരുടെ നിയമനങ്ങൾ തടസപ്പെടുത്താതെ അതിനുശേഷം വന്ന ഒഴിവുകളിൽ ഭിന്നശേഷി നിയമനം നടത്തുന്നതിനുള്ള സുപ്രീം

കോടതി ഇടക്കാല വിധി വ്യക്തമാക്കി പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഏതു വേക്കൻസികളും ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുത്തുന്നതിൽ തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എയ്ഡഡ് സ്കൂൾ ഭിന്നശേഷി നിയമനം നടത്തുവാൻ നാളിതുവരെ എത്ര മാനേജ്മെന്റുകളാണ് റിക്വസിഷൻ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ റിക്വസിഷൻ പ്രകാരം ഭിന്നശേഷി നിയമനം നടത്താൻ എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>ഒഴിഞ്ഞു കിടക്കുന്ന ഹയർസെക്കൻഡറി പ്രിൻസിപ്പൽ തസ്തികകൾ</u>

3292 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്നുള്ളതിന്റെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) സ്ഥിരം പ്രിൻസിപ്പൽമാരുടെ അഭാവം സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളുടെ പൊതു അച്ചടക്കത്തെയും സ്കൂളുകളുടെ പ്രവർത്തനങ്ങളെയും സാരമായി ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന പ്രസ്തുത തസ്തികയിൽ നിയമനം നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>അധ്യാപക ബാങ്ക് നവീകരണം</u>

3293 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അധ്യയന വർഷം മുതൽ എയ്ഡഡ് വിദ്യാലയങ്ങളിൽ സ്ഥിര നിയമനം നേടിയ അധ്യാപകർക്ക് ജോലി സംരക്ഷണം നൽകി അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ അധ്യാപക ബാങ്കിൽ ആവശ്യമായ അധ്യാപകർ ഇല്ലാത്തതിനാൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ട പല ഒഴിവുകളിലും ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മതിയായ സംരക്ഷിത അധ്യാപകർ ഇല്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്തേണ്ടി വരികയും എന്നാൽ ജോലി സംരക്ഷണം ലഭിക്കാതെ 2015-16 മുതൽ നിയമിതരായ അധ്യാപകർക്ക് ജോലി നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി മേൽപ്പറഞ്ഞ അധ്യാപകർക്ക് കൂടി സംരക്ഷണം നൽകി അധ്യാപക ബാങ്ക് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>എറണാകുളം ജില്ലയിലെ അധ്യാപക തസ്തികകൾ</u>

3294 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ അനുവദിച്ച അധിക തസ്തികകൾ (ഫയൽ നമ്പർ ജെആർ1/317/2023 ജിഇഎൻ ഇഡിഎൻ) ജില്ല തിരിച്ചും എൽ.പി., യു.പി., എച്ച്.എസ്. എന്നീ സ്കൂൾ തലങ്ങൾ വേർതിരിച്ചും നൽകാമോ;

(ബി) 2023-24 അധ്യയന വർഷം എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എൽ.പി., യു.പി., എച്ച്.എസ്. എന്നിവയ്ക്ക് അനുവദിച്ച അധിക തസ്തികകൾ എത്ര എണ്ണമാണെന്നും ഏതൊക്കെ സ്കൂളുകളിലാണെന്നും വേർതിരിച്ച് നൽകാമോ; 2024-25 അധ്യയന വർഷം തസ്തിക നിർണ്ണയപ്രകാരം ടി അധിക തസ്തികകൾ എൽ.പി., യു.പി., എച്ച്.എസ്. -ന് എത്ര എണ്ണം, ഏതൊക്കെ സ്കൂളുകളിൽ നിലനിൽക്കുന്നുണ്ടെന്ന് വേർതിരിച്ച് നൽകാമോ;

(സി) 2024-25 അധ്യയന വർഷം എറണാകുളം ജില്ലയിലെ എ.ഇ.ഒ., ഡി.ഇ.ഒ, ഡി.ഡി. ഓഫീസുകളിൽ നിന്നും ഡി.ജി.ഇ. ഓഫീസിലേക്ക് എത്ര അധിക തസ്തികകൾക്കുള്ള ശിപാർശകൾ ലഭിച്ചുവെന്ന് അറിയിക്കാമോ; എൽ.പി., യു.പി., എച്ച്.എസ്. വേർതിരിച്ച് ഏതൊക്കെ സ്കൂളുകളിലാണ് ടി തസ്തികകൾ എന്ന് അറിയിക്കാമോ;

(ഡി) 2025 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ എറണാകുളം ജില്ലയിൽ നിന്നും എത്ര ഗവ. എൽ.പി., യു.പി പ്രഥമ അധ്യാപകർ വിരമിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വിരമിക്കുന്ന അധ്യാപകരുടെ പേര്, നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ, വിരമിക്കുന്ന തീയതി എന്നിവ അറിയിക്കാമോ;

(ഇ) പ്രസ്തുത മാസങ്ങളിൽ എറണാകുളം ജില്ലയിൽ എത്ര ഗവ. എൽ.പി.എസ്.ടി. (മലയാളം) അധ്യാപകർ വിരമിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വിരമിക്കുന്ന അധ്യാപകരുടെ പേര്, നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ, വിരമിക്കുന്ന തീയതി, ഔദ്യോഗിക പദവി എന്നിവ വേർതിരിച്ചു നൽകാമോ;

(എഫ്) ഇതേ കാലയളവിൽ എറണാകുളം ജില്ലയിൽ എത്ര ഗവ. യു.പി.എസ്.ടി (മലയാളം) അധ്യാപകർ വിരമിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വിരമിക്കുന്ന അധ്യാപകരുടെ പേര്, നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ, വിരമിക്കുന്ന തീയതി, ഔദ്യോഗിക പദവി എന്നിവ വേർതിരിച്ചു നൽകാമോ?

## <u>സമഗ്ര ശിക്ഷാ കേരള-യിലെ ഡെപ്യൂട്ടേഷൻ</u>

3295 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ എത്ര അദ്ധ്യാപകർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സമഗ്ര ശിക്ഷാ കേരള-യിൽ ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദ്ധ്യാപകർ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിപ്പിച്ച് തിരികെ മാതൃ വകുപ്പിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിക്കുമ്പോൾ ഡെപ്യൂട്ടേഷൻ കാലം സർവീസായി പരിഗണിക്കാറുണ്ടോ;

(സി) സ്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ ഡെപ്യൂട്ടേഷൻ കാലം കൂടി സർവീസായി പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തികകൾ

3296 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തികയിൽ ഓരോ വർഷവും ഉണ്ടാവുന്ന ഒഴിവുകളുടെ 5% മാത്രം തസ്തിക മാറ്റത്തിന് നീക്കിവയ്ക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നിലനിൽക്കെ 02/02/2024-ൽ എറണാകുളം ജില്ലയിൽ യു.പി.എസ്.ടി. തസ്തികയിൽ എപ്രകാരം 12 ഒഴിവുകൾ തസ്തിക മാറ്റത്തിന് മാറ്റിവച്ചുവെന്നും ഇത് ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമായി തസ്തിക മാറ്റത്തിന് നീക്കിവച്ച ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ പ്രൈമറി സ്കൂളിലെ പി.ഡി. ടീച്ചർമാർക്ക് സ്ഥാനക്കയറ്റം ലഭിക്കുമ്പോഴും വിരമിക്കുമ്പോഴും ഉണ്ടാകുന്ന ഒഴിവുകൾ എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തികയ്ക്ക് നൽകുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എറണാകുളം ജില്ലയിൽ 2024 -ൽ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ നിന്ന് എത്ര പി.ഡി. ടീച്ചർമാർക്ക് സ്ഥാനക്കയറ്റം ലഭിച്ചു, വിരമിച്ചു, സ്ഥാന കയറ്റം പരിത്യാഗം ചെയ്തു എന്നീ വിവരങ്ങൾ അധ്യാപകരുടെ പേരും ജോലി ചെയ്യുന്ന സ്കൂളും തിരിച്ചു നൽകാമോ; ഇത് പ്രകാരം എൽ.പി.എസ്.ടി./യു.പി.എസ്.ടി.(മലയാളം മീഡിയം) തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ സ്കൂളുകൾ തിരിച്ച് നൽകാമോ;

(ഇ) നിലവിൽ എറണാകുളം ജില്ലയിൽ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ ജോലിചെയ്യുന്ന പി.ഡി. ടീച്ചർമാർ ഏത് തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്ന വിവരം സ്കൂളുകൾ തിരിച്ച് പേര് സഹിതം നൽകാമോ?

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.റ്റി./യു.പി.എസ്.റ്റി. തസ്തികകൾ

3297 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ എറണാകുളം ജില്ലയിലെ ഗവ. എൽ.പി.എസ്.ടി., യു.പി.എസ്.ടി. (മലയാളം മീഡിയം) തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി. നേരിട്ട് നിയമനം, ബൈ ട്രാൻസ്ഫർ, അന്തർ ജില്ല സ്ഥലമാറ്റം രീതികളിലേക്ക് നിയമനത്തിന് നൽകിയെന്നും വേർതിരിച്ച് നൽകാമോ;

(ബി) അന്തർ ജില്ലാ സ്ഥലമാറ്റം വഴി എറണാകുളം ജില്ലയിൽ ഗവ. എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി. മലയാളം തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം

എത്രയെന്നും അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളും ജോയിൻ ചെയ്ത തീയതിയും വേർതിരിച്ച് നൽകാമോ;

(സി) ബൈ ട്രാൻസ്ഫർ നിയമനം വഴി എറണാകുളം ജില്ലയിൽ ഗവ. എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി. മലയാളം തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം എത്രയെന്നും അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളും ജോയിൻ ചെയ്ത തീയതിയും വേർതിരിച്ച് നൽകാമോ;

(ഡി) ആശ്രിത നിയമനം വഴി എറണാകുളം ജില്ല യിൽ ഗവ. എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി. മലയാളം തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം എത്രയെന്നും അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളും ജോയിൻ ചെയ്ത തീയതിയും വേർതിരിച്ച് നൽകാമോ;

(ഇ) യു.പി.എസ്.റ്റി ഉദ്യോഗാർത്ഥികളുടെ G2241201015, G2241201178 ഡോക്കറ്റ് നമ്പറുകൾ പ്രകാരമുള്ള പരാതിയിന്മേൽ എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നുള്ള മറുപടി വൈകുന്നതിനുള്ള കാരണം, പരാതിയിന്മേൽ സ്വീകരിച്ച നടപടി എന്നിവ അറിയിക്കാമോ; നടപടി രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) 13-12-2024-ൽ യു.പി.എസ്.റ്റി ഉദ്യോഗാർത്ഥികൾ എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (എ3 സെക്ഷൻ) മുൻപാകെ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ; നടപടി രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ജി) കാറ്റഗറി നം 227/2016 എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നിലവിലെ ഫിസിക്കൽ സയൻസ് തസ്തിക ഒഴിവുകൾ മാറ്റിയിട്ടിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തു എന്നറിയിക്കാമോ?

## <u>തൊഴിൽ വകുപ്പിലെ പദ്ധതികൾക്കുള്ള വിഹിതം</u>

3298 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് തൊഴിൽ വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ പുനർ ക്രമീകരിച്ചത് പ്രകാരം ചെലവഴിക്കേണ്ട പദ്ധതി വിഹിതം എത്രയാണ്; നാളിതുവരെ എത്ര ചെലവഴിച്ചു; ഇത് ബജറ്റിൽ വകുപ്പിനായി വകയിരുത്തിയ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ്; വ്യക്തമാക്കുമോ?

## <u>പയ്യന്നൂർ നിയോജക മണ്ഡലത്തിലെ തൊഴിൽ വകുപ്പ് പദ്ധതികൾ</u>

3299 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ

ഏതൊക്കെയാണെന്നും ഓരോന്നിന്റെയും നിലവിലെ അവസ്ഥയും വിശദമാക്കാമോ?

## തൊഴിൽദാന സ്കീമുകൾ

3300 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി പ്രഖ്യാപിച്ച തൊഴിൽദാന സ്കീമുകൾ ഏതൊക്കെയാണെന്നും അവയിൽ പൂർണമായും നടപ്പിലാക്കിയവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ബി) പുതിയ തൊഴിൽദാന സ്കീമുകൾ ഓരോന്നും നടപ്പിലാക്കുക വഴി പുതുതായി എത്രപേർക്ക് ജോലി ലഭിക്കുകയുണ്ടായെന്ന് സ്കീം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സ്കീമുകൾ ഓരോന്നും നടപ്പിലാക്കുന്നതിന് ഖജനാവിൽ നിന്നും ഇതിനകം എന്ത് തുകവീതം ചെലവായിട്ടുണ്ട്; വ്യക്തമാക്കുമോ?

## കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് കുടിശിക നൽകാൻ നടപടി

3301 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം അടക്കമുള്ള ആനുകൂല്യങ്ങൾ അപേക്ഷ നൽകിയ ലക്ഷത്തോളം പേർക്ക് നൽകാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിലെ അംഗങ്ങൾക്ക് അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം അടക്കമുള്ള ആനുകൂല്യങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേമനിധി ബോർഡുകൾ

3302 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേമനിധി ബോർഡുകളിൽ ഓരോന്നിലും 2022, 2023, 2024 കാലയളവിൽ എത്ര തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന വ്യക്തമാക്കാമോ ?

## കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളുടെ കുടിശിക

3303 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**

**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന പെൻഷനും, പ്രസവ ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന പെൻഷനും പ്രസവ ആനുകൂല്യങ്ങളുമടക്കം സമയബന്ധിതമായി കുടിശിക തീർപ്പാക്കി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

## <u>ക്ഷേമനിധി പെൻഷനുകൾ</u>

3304 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡ്/ കോർപ്പറേഷനുകളിൽ നിന്നും വിതരണം ചെയ്യാനുള്ള പെൻഷൻ കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം ക്ഷേമനിധി ബോർഡ്/കോർപ്പറേഷനുകളുടെ ഫണ്ടുകളാണ് സർക്കാരിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇപ്രകാരം ഫണ്ടുകൾ ട്രാൻസ്ഫർ ചെയ്തത് മൂലം ക്ഷേമനിധി ബോർഡ്, കോർപ്പറേഷനുകളുടെ പ്രവർത്തനത്തിലും, ആനുകൂല്യങ്ങളുടെ വിതരണത്തിലും എന്തെങ്കിലും പ്രതിസന്ധി നേരിടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

## <u>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധികൾ</u>

3305 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ അനുകൂല്യങ്ങൾക്കായുള്ള അപേക്ഷകളിൽ ഏതു വർഷം വരെയുള്ളവ തീർപ്പാക്കി; ക്ഷേമനിധി തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) വകുപ്പിന് കീഴിലുള്ള ക്ഷേമനിധികളിൽ നിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടുണ്ടോ; ക്ഷേമനിധികൾ ഏതെങ്കിലും സർക്കാർ പദ്ധതികളിലോ ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ.;

(സി) ക്ഷേമനിധികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയുടെ അംശദായം എത്രയാണെന്ന് ക്ഷേമനിധി തിരിച്ചുള്ള കണക്ക് നൽകാമോ;

(ഡി) ഒരോ ക്ഷേമനിധിയുടെയും നടത്തിപ്പിനായി എത്ര ഉദ്യോഗസ്ഥർ നിലവിലുണ്ട്; ഇതിൽ എത്ര പേർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്; ഒരോ ക്ഷേമനിധിയുടെയും വാർഷിക നടത്തിപ്പ് ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ക്ഷേമനിധി പെൻഷൻ

3306 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നായി വാമനപുരം മണ്ഡലത്തിൽ എത്ര പേർക്ക് ക്ഷേമനിധി പെൻഷൻ ലഭിക്കുന്നുണ്ടെന്നും അതിന് ചെലവാക്കുന്ന തുക എത്രയെന്നും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ഇനം തിരിച്ച് നൽകാമോ?

## തോട്ടം തൊഴിലാളികൾക്കായുള്ള ക്ഷേമനടപടി

3307 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനർനിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ഇരുപത് കോടി രൂപ അനുവദിച്ചിരുന്നതിൽ തുടർപ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പീരുമേട് മണ്ഡലത്തിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുവാൻ പദ്ധതി

3308 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ സംസ്ഥാനത്തെ മിനിമം കൂലി എത്രയെന്ന് അറിയിക്കാമോ?

## പീലിംഗ് തൊഴിലാളികൾക്കായി പ്രത്യേക സമിതി

3309 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിംഗ് തൊഴിലാളികളുടെ കൂലിയും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച് നിയമസഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച പ്രത്യേക സമിതിയുടെ രൂപീകരണവും തുടർപ്രവർത്തനവും ഏത് ഘട്ടം വരെ ആയി എന്ന് വിശദമാക്കുമോ?

## തൊഴിലാളികളുടെ തൊഴിൽ അവസരങ്ങളും ക്ഷേമവും മെച്ചപ്പെടുത്താൻ നടപടി

3310 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമവും തൊഴിൽ അവസരങ്ങളും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് തൊഴിൽ

വകുപ്പ് സ്വീകരിച്ചുവരുന്നത്;

(ബി) ചുരുക്കം ചില തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## ഒ.ഡി.ഇ.പി.സി.

3311 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് ഡെവലപ്‌മെന്റ് ആന്റ് എംപ്ലോയ്‌മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ്-ന്റെ സേവനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഒ.ഡി.ഇ.പി.സി. 2016 മുതൽ 2024 വരെ വിവിധ രാജ്യങ്ങളിലേക്ക് നടത്തിയ റിക്രൂട്ട്മെന്റിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) തൊഴിലന്വേഷകർക്ക് പരിശീലനം നൽകുന്നതിന് ഒ.ഡി.ഇ.പി.സി. പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഈ രംഗത്തെ ഇടപെടലുകൾ വിശദമാക്കുമോ;

(ഡി) ഒ.ഡി.ഇ.പി.സി.യുടെ കീഴിലുള്ള ട്രാവൽ ഡിവിഷന്റെ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുമോ; ടൂർ പാക്കേജുകൾ നടപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) വിദേശപഠന രംഗത്ത് ഒ.ഡി.ഇ.പി.സി. നൽകിവരുന്ന സേവനങ്ങൾ വ്യക്തമാക്കാമോ?

## വാമനപുരം -കളമച്ചൽ ഗവ. ഐ.ടി.ഐ. കെട്ടിട നിർമ്മാണം

3312 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കളമച്ചൽ ഗവ. ഐ.ടി.ഐ. കെട്ടിടത്തിന്റെ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കാൻ ഉള്ളത് എന്ന് വിശദമാക്കാമോ;

(ബി) എത്ര തുകയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇതേവരെ അനുവദിച്ചിട്ടുള്ളതെന്നും ബാക്കി പ്രവൃത്തിക്ക് തുക അനുവദിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് മുഖാന്തിരമുള്ള പ്രസ്തുത കെട്ടിടനിർമ്മാണം എന്ന് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ?

## വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി.) പുനഃക്രമീകരണം

3313 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി.) പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് ട്രെയിനിങ് ഡയറക്ടറുടെ 05-07-2023 തീയതിയിലെ ഡിറ്റി/2064/2022-എ2 ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി യോഗം ചേർന്ന തീയതികൾ, സ്ഥലം എന്നിവ അറിയിക്കാമോ; പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് നൽകാമോ;

(ബി) കമ്മിറ്റി നൽകിയ ശിപാർശകൾ സാധൂകരിക്കുന്ന രേഖകൾ റിപ്പോർട്ടിനോടൊപ്പം സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് നൽകാമോ; ഈ വിഷയത്തിൽ കമ്മിറ്റി ആരോടെങ്കിലും ഔദ്യോഗികമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി.) തസ്തികകളുടെ പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് നൽകാമോ;

(ഡി) എംപ്ലോയബിലിറ്റി സ്കിൽ എന്ന വിഷയത്തിലെ ക്ലാസുകൾക്ക് മൂന്ന് യൂണിറ്റുകൾ അഥവാ 72 ട്രെയിനികളെ വരെ യോജിപ്പിച്ച് ക്ലാസുകൾ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് രണ്ട് യൂണിറ്റുകൾ അഥവാ 48 ട്രെയിനികൾ എന്ന അനുപാതത്തിൽ ക്ലാസുകൾ ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഇ) വിശദമായ പഠനം നടത്താതെയാണ് ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി.), ജൂനിയർ ഇൻസ്ട്രക്ടർ (എംപ്ലോയബിലിറ്റി സ്കിൽ) തസ്തിക പുനക്രമീകരണ റിപ്പോർട്ട് കമ്മിറ്റി സമർപ്പിച്ചതെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്തത് പോലെ തസ്തിക പുനഃക്രമീകരിക്കുന്നത് പരിശീലന നിലവാരത്തെ ബാധിക്കുമെന്ന് സൂചിപ്പിച്ച് കൊണ്ട് സ്ഥാപന മേധാവികൾ, പി.ടി.എ., ട്രെയിനീസ് കൗൺസിൽ, സർവീസ് സംഘടനകൾ എന്നിവരിൽ നിന്നും രേഖാമൂലം കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ, സംഘടനകളിൽ നിന്നും ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(എഫ്) പുനക്രമീകരണത്തിന് ആധാരമായ വകുപ്പിന്റെ പഠന റിപ്പോർട്ടിൽ എംപ്ലോയബിലിറ്റി സ്കിൽ എന്ന വിഷയം കൂടി എ.സി.ഡി ഇൻസ്ട്രക്ടർ കൈകാര്യം ചെയ്യേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ ആഴ്ചയിൽ 24 മണിക്കൂർ പഠന സമയം ലഭിച്ചിരുന്നത് 20 മണിക്കൂറായി പരിമിതപ്പെട്ടതും ഈ അധ്യയനവർഷം മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വിഷയം കൂടി ഉൾപ്പെടുത്തി എംപ്ലോയബിലിറ്റി സ്കിൽ സിലബസ് വിപുലീകരിച്ചതിന്റെയും പശ്ചാത്തലത്തിൽ 212 തസ്തികകൾ ആവശ്യമാണെന്നിരിക്കെ നിലവിലുണ്ടായിരുന്ന 197 എ.സി.ഡി. ഇൻസ്ട്രക്ടർ തസ്തികകൾ 161 ആയി വെട്ടിച്ചുരുക്കിയ നടപടി പുന:പരിശോധിക്കുമോ; വിശദമാക്കാമോ;

(ജി) എ.സി.ഡി. ഇൻസ്ട്രക്ടർമാരുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട പഠനറിപ്പോർട്ട് സസൂക്ഷ്മം പരിശോധിച്ച് പിഴവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കുഴൽമന്ദം ഐ.ടി.ഐ യിൽ പുതിയ ട്രേഡ്

3314 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം ഗവ. ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## മാള ഐ.ടി.ഐ. -ൽ പുതിയ ട്രേഡുകൾ

3315 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ മാള ഐ.ടി.ഐ.- ൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും, അവ ഓരോന്നിലും എത്ര പേർക്ക് പരിശീലനം നൽകാൻ കഴിയുമെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത ഐ.ടി.ഐ.-ൽ ആധുനിക തൊഴിൽ സാധ്യതകൾ ഉള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ, എങ്കിൽ വിശദ വിവരങ്ങൾ അറിയിക്കാമോ ?

## കൂത്തുപറമ്പ് ഗവൺമെന്റ് ഐ.ടി.ഐ.

3316 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.ടി. മാനദണ്ഡപ്രകാരം ഐ.ടി.ഐ. പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൂമി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൂത്തുപറമ്പ് ഗവൺമെന്റ് ഐ.ടി.ഐ.യെ നോഡൽ ഐ.ടി.ഐ. ആയി ഉയർത്താൻ തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) കൂത്തുപറമ്പ് ഗവൺമെന്റ് ഐ.ടി.ഐ.യുടെ അഫിലിയേഷൻ നിലനിർത്തുന്നതിനും വികസനത്തിനും ക്യാമ്പസിനോട് ചേർന്ന് സ്ഥലം ആവശ്യമായതിനാൽ കൂത്തുപറമ്പ് ഗവൺമെന്റ് ഐ.ടി.ഐ.ക്ക് വേണ്ടി കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെ ഐ.ടി.ഐ.

3317 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ ഐ.ടി.ഐ. തുടങ്ങുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 2025-26 വർഷം പ്രസ്തുത ഐ.ടി.ഐ. തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

## ചാത്തമംഗലം ഗവ. ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണം

3318 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗവ. ഐ.ടി.ഐ. ക്ക് സ്വന്തമായി നിർമ്മിക്കുന്ന കെട്ടിടം ഉൾപ്പെടുന്ന സ്ഥലത്ത് ഐ.ടി.ഐ. യുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ആയതിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

## പേരാമ്പ്ര ഐ.ടി.ഐ.

3319 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ഐ.ടി.ഐ. (മുതുകാട്) യുടെ കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണ് വ്യക്തമാക്കാമോ;

(ബി) നിലവിൽ പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ പുതിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ എന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഐ. ടി .ഐ.- യിൽ എത്ര കോഴ്സുകളുണ്ടെന്നും അധ്യാപകരും മറ്റ് ജീവനക്കാരും ഉൾപ്പെടെ എത്ര പേരുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) നിലവിൽ അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകൾ നികത്താൻ എന്തു നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ?

## വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ സി.ഐ.ടി.എസ് പരിശീലനം

3320 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാർക്ക് നൽകിവരുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന നാഷണൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനുള്ള സി.ഐ.ടി.എസ്. പ്രകാരമുള്ള സി.ടി.ഐ ട്രെയിനിംഗ് 2014 മുതൽ നാളിതുവരെയായി ഓഫ് ലൈനായി പൂർത്തീകരിച്ചവരുടെ എണ്ണം അറിയിക്കാമോ;

(ബി) 2014 മുതൽ സി.ഐ.ടി.എസ്. പരിശീലന കാലയളവിലെ യാത്ര ബത്ത, ദിന ബത്ത ആനുകൂല്യങ്ങൾ എന്നിവ പൂർണ്ണമായും ലഭിച്ച ഉദ്യോഗസ്ഥരുടെ പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം, ലഭിച്ച തുക, അനുവദിച്ച തീയതി എന്നിവ പട്ടിക തിരിച്ചുനൽകാമോ;

(സി) 2014 മുതൽ സി.ഐ.ടി.എസ്. പരിശീലന പരിപാടികളിൽ പങ്കെടുത്തവരിൽ ദിനബത്ത ലഭിക്കാത്ത ഉദ്യോഗസ്ഥരുടെ എണ്ണം അറിയിക്കാമോ; ടി ഉദ്യോഗസ്ഥരുടെ പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും ലഭിക്കുവാനുള്ള തുകയും പട്ടിക തിരിച്ച് നൽകാമോ;

(ഡി) സി.ഐ.ടി.എസ്. പരിശീലന പരിപാടികളിൽ പങ്കെടുത്ത ജീവനക്കാർക്ക് വകുപ്പിലെ മേലുദ്യോഗസ്ഥരുടെ പിഴവുമൂലം ലഭിക്കാതെ വന്ന ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധിക്കെതിരെ

സർക്കാർ ഹൈക്കോടതിയെ സമീപിക്കാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കാമോ;

(ഇ) വ്യാവസായിക പരിശീലനവകുപ്പ് ഡയറക്ടർക്ക് വേണ്ടി പുറപ്പെടുവിച്ച എഫ്3/31059/2015 തീയതി 9/11/2015, എഫ്/37066/15 തീയതി 15/6/2017 എന്നീ സർക്കുലറുകളിൽ ഒപ്പു ചാർത്തിയ ഉദ്യോഗസ്ഥരുടെ പേരും പദവിയും വ്യക്തമാക്കാമോ?

## വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ തസ്തിക പുനഃക്രമീകരണം

3321 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി.) തസ്തിക പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് ട്രെയിനിങ് ഡയറക്ടറുടെ 05.07.2023 തീയതിയിലെ ഡി.ടി/2064/2022-എ2 ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി യോഗം ചേർന്ന തീയതികളും സ്ഥലവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റി നൽകിയ ശിപാർശകൾ സാധൂകരിക്കുന്ന രേഖകൾ റിപ്പോർട്ടിനോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി.) തസ്തികകളുടെ പുനഃക്രമീകരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) തസ്തിക പുനഃക്രമീകരിക്കുന്നത് പരിശീലന നിലവാരത്തെ ബാധിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് സ്ഥാപന മേധാവികൾ, പി.ടി.എ., ട്രെയിനീസ് കൗൺസിൽ, സർവീസ് സംഘടനകൾ എന്നിവരിൽ നിന്നും രേഖാമൂലം കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) പ്രസ്തുത ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി.) പുനക്രമീകരണത്തിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന 197 എ.സി.ഡി. ഇൻസ്ട്രക്ടർ തസ്തികകൾ 161 ആയി വെട്ടിച്ചുരുക്കിയ നടപടി പുന:പരിശോധിക്കുമോ; എ.സി.ഡി. ഇൻസ്ട്രക്ടർമാരുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട പഠനറിപ്പോർട്ട് സസൂക്ഷ്മം പരിശോധിച്ച് പിഴവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ഐ.ടി.ഐ.കളുടെ വിശദാംശങ്ങൾ

3322 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പുതുതായി എത്ര ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഐ.ടി.ഐ.കളുടെ

പശ്ചാത്തല സൗകര്യ വികസനത്തിനായി എത്ര കോടി രൂപ ഈ കാലയളവിൽ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

3323 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ ഉൾപ്പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലേക്കുമുള്ള നിയമനങ്ങൾക്ക് യോഗ്യരായവർ ഇല്ലെങ്കിൽ യോഗ്യരായവർ ഇല്ലെന്ന സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ചശേഷം മാത്രമേ നേരിട്ടുള്ള നിയമനം നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ വ്യവസ്ഥകൾ ലംഘിച്ച് നിയമനങ്ങൾ നടത്തുന്ന നിയമനാധികാരികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം

3324 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) നിശ്ചിതകാലാവധി കഴിയുമ്പോൾ ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് പുതുക്കി ഓൺലൈനായി എല്ലാവർക്കും പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ വകുപ്പുകളിൽ നടക്കുന്ന താത്കാലിക,കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അത് ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) എംപ്ലായ്മെൻറ് എക്സ്ചേഞ്ച് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ ആയത് മറികടന്ന് ഏതെല്ലാം വകുപ്പുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ചും വകുപ്പ് തിരിച്ചും നൽകുമോ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ പ്രസ്തുത ലിസ്റ്റുകൾ മറികടന്ന് താൽക്കാലിക, കരാർ നിയമനങ്ങൾ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ /സർക്കുലറിന്റെ പകർപ്പ് നൽകുമോ; പ്രസ്തുത നിർദ്ദേശം പാലിക്കാതെ താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയ

വകുപ്പ് മേധാവിമാർ ആരെല്ലാമാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്നും അറിയിക്കുമോ?

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഗസ്റ്റ് അധ്യാപക നിയമനം</u>**

3325 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 56 വയസ്സ് എന്നുള്ളത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഗസ്റ്റ് അധ്യാപക നിയമനങ്ങൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കാമോ; പ്രായപരിധി 56 വയസ്സ് ആക്കിയിട്ടുള്ള ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിൽ ഗവൺമെന്റ് ഉത്തരവ് ഇല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഗസ്റ്റ് അധ്യാപക നിയമനങ്ങളുടെ ഉയർന്ന പ്രായപരിധി 56 വയസ്സ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പാർശ്വവത്കരിക്കപ്പെട്ടവർക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്താൻ നടപടി</u>**

3326 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവർക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി, തീരദേശ മേഖലകളിൽ തൊഴിലില്ലായ്മ രൂക്ഷമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പ്രസ്തുത മേഖലകളിലെ പാർശ്വവത്കരിക്കപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നിലവിൽ നൽകിവരുന്നത്; പുതുതായി എന്തൊക്കെ സഹായങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

**<u>സ്കിൽ മിഷൻ</u>**

3327 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യർക്ക് പരിശീലനം നൽകുന്നതിനുള്ള സ്കിൽ മിഷൻ പദ്ധതി ഏതെല്ലാം സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) നാളിതുവരെ എത്ര പേർക്കാണ് പ്രസ്തുത പദ്ധതി വഴി പരിശീലനം നൽകിയിട്ടുള്ളതെന്നും ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്നും വിശദമാക്കാമോ;

(സി) തൊഴിൽ വകുപ്പുമായി ചേർന്ന് ഇതിനായി നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

## ഫാക്ടറികൾക്ക് ലൈസൻസ്

3328 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാക്ടറികൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് തൊഴിൽ നിയമങ്ങളിൽ / ഫാക്ടറീസ് ആക്ടിൽ എന്തെങ്കിലും ഇളവുകൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമങ്ങളിൽ ഇളവുകൾ വരുത്തുവാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തൊഴിൽ നിയമങ്ങൾ ലഘൂകരിക്കാൻ വേൾഡ് ബാങ്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കടുത്തുരുത്തി പോളിടെക്നിക്കിന്റെ ഭൂമി ഏറ്റെടുക്കൽ

3329 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പോളിടെക്നിക് വിട്ടുനൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായതിനാൽ ഈ വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് വില്ലേജ് ഓഫീസർക്ക് പഞ്ചായത്ത് കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭിക്കാത്ത കാരണം വ്യക്തമാക്കാമോ; ആയത് എന്നേക്ക് സമർപ്പിക്കും എന്നറിയിക്കാമോ; മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) റവന്യൂ വകുപ്പിൽ നിന്നും നിർദ്ദിഷ്ട ഭൂമിയുടെ ബി.ടി.ആറിന്റെ പകർപ്പ്, പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അർഥനാപത്രം, നിർദ്ദിഷ്ടഭൂമി പ്രസ്തുത ആവശ്യത്തിന് യോഗ്യമാണെന്നുള്ള അനുയോജ്യതാ സാക്ഷ്യപത്രം എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ലായിരുന്നതിനാൽ ആയതു നൽകുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയത്തിൽ കഴിഞ്ഞ 9 വർഷമായുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കടുത്തുരുത്തി ഗവ:പോളിടെക്നിക്കിന്റെ സ്ഥലം വിവിധ ആവശ്യങ്ങൾക്ക് കൈമാറൽ

3330 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവ.പോളിടെക്നിക് വിട്ടുനൽകിയിരുന്ന വസ്തുവിന്റെ സർവ്വേ നമ്പരും നിലവിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ നമ്പരും വ്യത്യസ്തമായതിനാൽ ഈ വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് എന്നേക്ക് ലഭ്യമാകുമെന്നറിയിക്കാമോ;

(ബി) നിർദ്ദിഷ്ട ഭൂമിയുടെ ബി.ടി.ആർ-ന്റെ പകർപ്പ്, പ്രസ്തുത ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അർഥനാപത്രം, നിർദ്ദിഷ്ട ഭൂമി പ്രസ്തുത ആവശ്യത്തിന് യോഗ്യമാണെന്ന അനുയോജ്യതാ സാക്ഷ്യപത്രം എന്നിവ റവന്യൂ വകുപ്പിന്റെ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്യിട്ടില്ലാതി രുന്നതിനാൽ ആയതു നൽകുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; പ്രസ്തുത പദ്ധതിക്ക് കഴിഞ്ഞ 9 വർഷത്തെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഭൂമി തരം മാറ്റൽ നടപടികൾ

3331 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റാനുള്ള നടപടികളിൽ വകുപ്പ് മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി വ്യക്തികൾക്ക് ഇളവ് നൽകിയ സാഹചര്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## കുന്ദമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ

3332 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ഏതൊക്കെ ഇടങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വസിഷനാണ് കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നിന്റെയും ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കുമുള്ള റിക്വസിഷൻ ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഓരോ പദ്ധതിയിലും എന്തൊക്കെ നടപടികളാണ് ഇനി അവശേഷിക്കുന്നത്; ഇവ ഓരോന്നും പൂർത്തീകരിക്കാൻ എത്ര സമയം വീതമാണ് ആവശ്യമായി വരുന്നതെന്ന് വിശദമാക്കാമോ?

## റവന്യൂ പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കൽ

3333 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിക്കുന്നതിലെ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രസ്തുത നിയമപ്രകാരം എത്ര ഹെക്ടർ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

## ഡിജിറ്റൽ സർവ്വെ

3334 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.പി. സുമോദ്**
**ശ്രീമതി ദെലീമ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി സംബന്ധമായ സേവനങ്ങൾ ഡിജിറ്റലായി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചതിന് ശേഷം ലഭിച്ച പരാതികളിൽ തീർപ്പുണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വെ പൂർത്തീകരിച്ചിട്ടുള്ളത്; നിലവിൽ ഡിജിറ്റൽ സർവ്വെ നടന്നുവരുന്ന വില്ലേജുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

## കാഞ്ഞങ്ങാട് സബ് കലക്ടർ ഓഫീസിൽ ലഭിച്ച ഭൂമി തരംമാറ്റൽ അപേക്ഷകൾ

3335 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് സബ് കലക്ടർ ഓഫീസിൽ ലഭിച്ച ഭൂമി തരംമാറ്റൽ അപേക്ഷകളെത്രയെന്നും അതിലെത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളെത്രയെന്നും അവ എപ്പോൾ തീർപ്പാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## തിരുവനന്തപുരം താലൂക്കിലെ കരുതലും കൈത്താങ്ങും അദാലത്തിൽ ലഭിച്ച അപേക്ഷകൾ

3336 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബറിൽ സംഘടിപ്പിച്ച കരുതലും കൈത്താങ്ങും അദാലത്തിൽ തിരുവനന്തപുരം താലൂക്കിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ, എണ്ണം, വിഷയം, വകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) അദാലത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ ബഹു. മന്ത്രിമാർ നിർദ്ദേശിച്ച നടപടികൾ പാലിച്ചത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

3337 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

**ബാങ്കിൽനിന്നും വാങ്ങുന്ന സർഫാസി ആക്ട് പ്രകാരമുള്ള ഭൂമിയുടെ പോക്കുവരവ്**

3338 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി ആക്ട് പ്രകാരം നേരിട്ട് ഏറ്റെടുക്കുന്ന വീടില്ലാത്ത ഭൂമിയുടെ തണ്ടപ്പേരിൽ തങ്ങളുടെ പേര് ചേർക്കേണ്ടതില്ല എന്ന് ദേശസാത്കൃത ബാങ്കുകൾ നിലപാട് സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മേൽ പ്രകാരം ബാങ്കിൽ നിന്നും രജിസ്റ്റർ നടപടികൾ പൂർത്തിയാക്കി വാങ്ങിയ ഭൂമിയുടെ പോക്കുവരവ് വില്ലേജ് ഓഫീസുകളിൽ തടസ്സവാദങ്ങളില്ലാതെ (തണ്ടപ്പേര് ബാങ്കിന്റെ പേരിലേയ്ക്ക് മാറ്റാതെ തന്നെ) നടത്തിക്കൊടുക്കുകയും നികുതി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ടോ; വ്യക്തമാക്കുമോ?

**ആശ്രിത സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ**

3339 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 28.04.2018ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 7/2018/പി.&എ.ആർ.ഡി. പ്രകാരം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ 01.01.2019 മുതൽ 01.01.2025 വരെയുള്ള കാലയളവിൽ നൽകിയ ആശ്രിത സർട്ടിഫിക്കറ്റുകളുടെ പേരും വിലാസവും വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ ?

**വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

3340 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പെരിങ്ങമല സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ തൽസ്ഥിതി അറിയിക്കാമോ;

(ബി) ഒരു വർഷത്തിനുമുമ്പ് നിർമ്മാണോദ്ഘാടനം കഴിഞ്ഞ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ കാര്യമായ പുരോഗതി ഇല്ലാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

**ഭൂനികുതി വർദ്ധനവ്**

3341 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഒരു ഹെക്ടറിനുള്ള ഭൂനികുതി എത്രയായിരുന്നു; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭൂനികുതി

എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും എത്ര തുകയാണ് വർദ്ധിപ്പിച്ചത്; ഈ ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും എന്ത് തുക അധികം വരുമാനമായി ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ഒരു ഹെക്ടറിന്റെ ഭൂനികുതി എത്രയാണ്; അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഭൂനികുതി വർദ്ധനവ് കണക്കാക്കുമ്പോൾ ഒരു ഹെക്ടറിന്റെ ഭൂനികുതി എത്രയായിരിക്കുമെന്ന വിശദാംശം പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഭൂനികുതി ഉയർത്തിയ തീരുമാനം പിൻവലിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## <u>പട്ടാമ്പി മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി</u>

3342 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ആകെയുള്ള റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള വിവരം വിസ്തീർണം ഉൾപ്പെടുത്തി ലഭ്യമാക്കുമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ ഓഫീസുകൾക്കും മറ്റാവശ്യങ്ങൾക്കുമായി ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മുൻ സർക്കാരുകളുടെ കാലത്തും നിലവിലെ സർക്കാറിന്റെ കാലത്തും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

## <u>ഒയാസിസ് കമ്പനി വാങ്ങിയിട്ടുള്ള ഭൂമിയുടെ തരംമാറ്റം</u>

3343 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഒയാസിസ് കമ്പനി വാങ്ങിയിട്ടുള്ള ഭൂമിയിൽ കരഭൂമി എത്ര, നിലം എത്ര എന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമി തരംമാറ്റുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും അപേക്ഷയിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ; ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>ഭൂമി തരം മാറ്റം</u>

3344 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി തരം മാറ്റുന്നതിന് പഞ്ചായത്തുകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതുക്കാട്, അളഗപ്പനഗർ ഗ്രാമ പഞ്ചായത്തുകൾ സമർപ്പിച്ച ഭൂമി തരം മാറ്റൽ അപേക്ഷകളിന്മേൽ അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഭൂമി തരംമാറ്റലിനായി കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭിച്ച അപേക്ഷകൾ

3345 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഡിവിഷണൽ ഓഫിസുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽകാലികാടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചു വിട്ടത് ഭൂമി തരംമാറ്റൽ നടപടികളുടെ വേഗതയെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഫോറം നം.6 മുഖേന ഭൂമി തരംമാറ്റലിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരുടെ റിപ്പോർട്ട് സഹിതം സമർപ്പിച്ച എത്ര അപേക്ഷകൾ പരിശോധിക്കാൻ ബാക്കിയുണ്ടെന്ന് ജില്ല/ആർ.ഡി.ഒ. അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ഫീസിനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഭൂമി തരംമാറ്റലിനായി ശ്രീ.ചക്കാല സൈതലവി കോഴിക്കോട് ആർ.ഡി.ഒ.യ്ക്ക് റവന്യൂ വകുപ്പ് മന്ത്രി മുഖേന സമർപ്പിച്ച 16.01.2023-തീയതിയിലെ 5/2023/1593 നമ്പർ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത അപേക്ഷ പരിശോധിക്കാൻ അകാരണമായ കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) 2023 ജനുവരി 01 മുതൽ ജൂലായ് 31 വരെ ഭൂമി തരംമാറ്റലിനായി കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫിസിൽ ലഭിച്ച മുഴുവൻ അപേക്ഷകളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ബുക്കിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ?

## റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം

3346 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഓരോ ജില്ലയിലും ഉള്ള ഉദ്യോഗസ്ഥരുടെ ആകെ എണ്ണം തസ്തിക തിരിച്ചു നൽകാമോ;

(ബി) റവന്യൂ വകുപ്പിൽ ആശ്രിത നിയമനം വഴി ജോലി ലഭിച്ചവരുടെ പേര്, തസ്തിക, ഓഫീസ് എന്നിവ ജില്ലതിരിച്ച് ലഭ്യമാക്കുമോ?

## റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളിലെ സേവനങ്ങൾ ഒറ്റ പോർട്ടൽ വഴി ലഭ്യമാക്കുന്നത്

3347 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളിലെ സേവനങ്ങൾ ഒറ്റ പോർട്ടൽ വഴി ലഭ്യമാക്കുന്ന എന്റെ ഭൂമി സംയോജിത പോർട്ടലിൽ ഏതെല്ലാം സേവനങ്ങളാണ് ലഭ്യമായിട്ടുള്ളത് വ്യക്തമാക്കാമോ?

## പരിസ്ഥിതിലോല മേഖലകളെ കണ്ടെത്തുന്നതിനുള്ള മാപ്പിംഗ് പ്രവർത്തനം

3348 **ശ്രീ. എം. എം. മണി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിലോല മേഖലകളെ കണ്ടെത്തുന്നതിനുള്ള മാപ്പിംഗ് പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ജനങ്ങളുടെ ജീവനോപാധികളെയും പാർപ്പിട അവകാശങ്ങളെയും കുറിച്ചുള്ള ആവശ്യങ്ങളും പരാതികളും ഇതിൽ പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇടുക്കി, വയനാട് പാക്കേജുകളിലെ നിർദ്ദേശങ്ങളിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാമാക്കുമോ?

## ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുകൾ നീക്കുന്നതിന് നടപടി

3349 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ കഴക്കൂട്ടം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനെതിരെ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) മുപ്പത്തിയാറ് വർഷങ്ങൾക്ക് മുമ്പ് തിരുവനന്തപുരം സി.ഇ.ടി-യിൽ നിന്നും പോസ്റ്റ്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിന് പോസ്റ്റ് ഓഫീസ് നിർമ്മാണത്തിനായി നൽകിയ ഇരുപത് സെന്റ് വസ്തു നാളിതുവരെ ഉപയോഗിക്കാത്തതിനാൽ, നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ശ്രീകാര്യം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി പോലീസ് വകുപ്പിന് നൽകിയ നടപടിക്കെതിരെ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഭൂമി തരം മാറ്റത്തിനായി ലഭിച്ച അപേക്ഷകൾ

3350 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമ ഭേദഗതി 2018 ൽ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഓരോ റവന്യൂ ജില്ലയിലും ഭൂമി തരം മാറ്റത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണവും തീർപ്പ് കൽപ്പിച്ച അപേക്ഷകളുടെ എണ്ണവും തരം മാറ്റി നൽകിയ ഭൂമിയുടെ വിസ്തീർണവും ഭൂമി തരം മാറ്റിയ ഇനത്തിൽ ലഭിച്ച വരുമാനവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ്

3351 **ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ**

**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പൗരനും വ്യക്തിസംബന്ധമായും ഭൂമി സംബന്ധമായുമുള്ള വിവരങ്ങൾ സംബന്ധിച്ച സർട്ടിഫിക്കറ്റുകൾക്കായി നിരവധി തവണ റവന്യൂ ഓഫീസുകൾ സന്ദർശിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കമോ;

(ബി) നിശ്ചിത കാലപരിധിയിലുള്ള ഭൂമി സംബന്ധമായ വിരങ്ങൾ ഒറ്റചിപ്പിൽ രേഖപ്പെടുത്തി ഡിജിറ്റൽ കാർഡുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കമോ;

(സി) ഇത്തരം ഡിജിറ്റൽ പ്രോപ്പർട്ടി കാർഡുകളിൽ ഓരോ പൗരന്റെയും വ്യക്തിഗതവും ഭൂമി സംബന്ധവുമായ ഏതെല്ലാം വിവരങ്ങൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(ഡി) പ്രസ്തുത വിവരങ്ങൾ അടങ്ങിയ ഡിജിറ്റൽ പ്രോപ്പർട്ടി കാർഡുകൾ പ്രവാസികൾക്ക് ലഭിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കമോ?

## കൈക്കൂലി കേസിൽ പിടിക്കപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ

3352 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര റവന്യൂ ഉദ്യോഗസ്ഥർ കൈക്കൂലി കേസിൽ പിടിക്കപ്പെട്ടിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശം വ്യക്തമാക്കമോ;

(ബി) എത്രപേർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര പേരെ സർവീസിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ട്; എത്ര പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ പോലീസ് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; എത്രപേർ കുറ്റവിമുക്തരായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കമോ?

## പയ്യന്നൂർ മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ

3353 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കമോ;

(ബി) ഈ കാലഘട്ടത്തിൽ മണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു എന്ന് അറിയിക്കാമോ?

## റവന്യൂ വകുപ്പ് പദ്ധതികൾ പുനക്രമീകരിച്ചത് പ്രകാരം ചെലവഴിക്കേണ്ട പദ്ധതി വിഹിതം

3354 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് റവന്യൂ വകുപ്പിലെ പദ്ധതികൾ

മുൻഗണനാടിസ്ഥാനത്തിൽ പുനക്രമീകരിച്ചത് പ്രകാരം ചെലവഴിക്കേണ്ട പദ്ധതി വിഹിതം എത്രയാണ്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; ഇത് ബജറ്റിൽ വകുപ്പിനായി വകയിരുത്തിയ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ്; വ്യക്തമാക്കുമോ?

**ഓഫീസ് നവീകരണത്തിനായി ബജറ്റിൽ അനുവദിച്ച തുകയുടെ വിനിയോഗം**

3355 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഡിജിറ്റൽ സർവ്വേ, ഡിജിറ്റലൈസേഷൻ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടെ ഓഫീസ് നവീകരണത്തിനായി 2023-24 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച 23 കോടി രൂപ മുഴുവനും വിനിയോഗിക്കപ്പെടാതെ തിരിച്ചടക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വില്ലേജ്, താലൂക്ക് ഓഫീസുകളിൽ ആവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും ഉൾപ്പെടെയുള്ള പുതിയ ഐ.ടി. ഉപകരണങ്ങളുടെ അഭാവം മൂലം ജീവനക്കാരും പൊതുജനങ്ങളും പ്രയാസപ്പെടുന്ന സാഹചര്യത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതെ തിരിച്ചടക്കേണ്ടി വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനും ഓഫീസ് നവീകരണത്തിനും ബജറ്റിൽ അനുവദിക്കുന്ന തുക പോലും വിനിയോഗിക്കാത്തതിന്റെ കാരണം പരിശോധിക്കുവാനും ഇത് തുടർന്നും ആവർത്തിക്കാതിരിക്കുവാനും വകുപ്പ് തലത്തിൽ കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

**ചൊക്രമുടി ഭൂമി കയ്യേറ്റം**

3356 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ബൈസൻവാലി ചൊക്രമുടിയിലെ അതീവ പരിസ്ഥിതി ദുർബല പ്രദേശത്തെ റവന്യൂ ഭൂമി കയ്യേറ്റം നടത്തിയവർക്കെതിരെ എന്ത് നിയമനടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളും ഭൂമിയുടെ പരിവർത്തനങ്ങളുമാണ് ചൊക്രമുടിയിൽ ഭൂമാഫിയ നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; റെഡ് സോണിൽ ഉൾപ്പെട്ട പ്രസ്തുത പ്രദേശത്തെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ വകുപ്പിന് സാധിക്കാതിരുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) ഇവിടത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; കയ്യേറിയ റവന്യൂ ഭൂമി തിരിച്ച് പിടിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ദേവികുളം സബ്കളക്ടർ നടത്തിയ ഹിയറിംഗ് റിപ്പോർട്ടിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ഇ) ചൊക്രമുടിയിലെ റവന്യൂ ഭൂമിയിൽ 23.01.2025 ന് കൈയ്യേറ്റക്കാരുടെ നേതൃത്വത്തിലുള്ള സംഘം കടന്നുകയറി നീലക്കുറിഞ്ഞികളും മരത്തൈകളും

നശിപ്പിച്ച സംഭവത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(എഫ്) ചൊക്രമുടിയിലെ ഭൂമി കയ്യേറ്റം നടത്തിയവർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, മറ്റുള്ളവർ എന്നിവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത കയ്യേറ്റം അടിയന്തരമായി ഒഴിപ്പിക്കുന്നതിനും റവന്യൂ ഭൂമി തിരിച്ചു പിടിക്കുന്നതിനും പ്രത്യേക ദൗത്യ സംഘത്തെ നിയോഗിക്കുമോ; വ്യക്തമാക്കുമോ?

## 24 മുറി നഗറിൽ പട്ടയം അനുവദിക്കുന്നതിന് നടപടി

3357 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ എറണാകുളം വില്ലേജിൽ 24 മുറി നഗർ (പാരഡൈസ് നഗർ)-ൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

## പാറശാല മണ്ഡലത്തിലെ പട്ടയ വിതരണം

3358 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ പട്ടയം ലഭിക്കുന്നതിനായി കിട്ടിയ അപേക്ഷകളിൽ നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ എത്രയെന്ന് വ്യക്തമാക്കാമോ; തീർപ്പാക്കാനുള്ള അപേക്ഷകളിന്മേൽ നിലവിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം എന്താണെന്നും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളുണ്ടെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിവിധ വിഭാഗങ്ങളിലായി എത്ര പേർക്കാണ് പട്ടയം നല്കിയതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(സി) കൈവശഭൂമിക്ക് നിയമപരമായി പട്ടയം ലഭിക്കാൻ അർഹതയുള്ളവർക്ക് ആയത് എത്രയും വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## പട്ടയ വിതരണം

3359 **ഡോ. കെ. ടി. ജലീൽ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2024 വരെ സർക്കാർ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈകൊണ്ടത്;

വിശദീകരിക്കാമോ;

(സി) പട്ടയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) പതിറ്റാണ്ടുകൾ പഴക്കമുള്ള മലബാർ ഭാഗത്തുള്ള പട്ടയ പ്രശ്നങ്ങളിൽ പരിഹാരമുണ്ടാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## കഴക്കൂട്ടം മണ്ഡലത്തിലെ പട്ടയ വിതരണം

3360 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കഴക്കൂട്ടം മണ്ഡലത്തിൽ വിതരണം ചെയ്തതും ഇനി വിതരണം ചെയ്യാനുള്ളതുമായ പട്ടയങ്ങൾ സംബന്ധിച്ച വിവരം വിശദമാക്കാമോ;

(ബി) മുഴുവൻ അപേക്ഷകർക്കും സമയബന്ധിതമായി പട്ടയം വിതരണം ചെയ്യുമോ എന്ന് വിശദമാക്കാമോ;

(സി) ഉള്ളൂർ വില്ലേജ് പോങ്ങുംമൂട് പമ്പ് ഹൗസിന് സമീപം പട്ടയത്തിന് അപേക്ഷിച്ചിട്ടുള്ള കുടുംബങ്ങൾക്ക് എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ആറ്റിപ്ര വില്ലേജിൽ വി.എസ്.എസ്.സി-ക്ക് സമീപം പട്ടയത്തിന് അപേക്ഷിച്ചിരിക്കുന്നവർക്ക് എപ്പോൾ പട്ടയം നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## കുട്ടിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് പട്ടയം

3361 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കുട്ടിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്ക് പട്ടയം നൽകി ഭൂമി അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്; ഇതിൽ എത്ര അപേക്ഷകൾക്ക് പട്ടയം നൽകി ഭൂമി അനുവദിച്ചിട്ടുണ്ട്; പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബാക്കിയുള്ള അപേക്ഷകൾക്ക് പട്ടയം നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പട്ടയം ലഭിച്ചിട്ടും വീട് വയ്ക്കാൻ സാധിക്കാത്ത രീതിയിലുള്ള ഭൂമി ലഭിച്ച അപേക്ഷകരുടെ പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പട്ടയ വിതരണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## റദ്ദ് ചെയ്ത രവീന്ദ്രൻ പട്ടയങ്ങൾക്ക് പകരം പുതിയ പട്ടയങ്ങൾ

3362 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ റദ്ദ് ചെയ്ത രവീന്ദ്രൻ പട്ടയങ്ങൾക്ക് പകരം പുതിയ പട്ടയങ്ങൾ നൽകുന്നതിന് സമയം നിശ്ചയിച്ചിട്ടും ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) റദ്ദ് ചെയ്ത പട്ടയങ്ങൾക്ക് പകരമായി പുതിയ പട്ടയങ്ങൾ ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വിതരണം ചെയ്തത് എത്രയെന്നും വില്ലേജ് തിരിച്ച് അറിയിക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ബഹു. കോടതിയിൽ നിന്നും അനുകൂല ഉത്തരവ് ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനും പട്ടയ നടപടികൾ പൂർത്തിയാക്കുന്നതിനും ആവശ്യത്തിന് സർവ്വേയർമാരെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നടപടികൾ പൂർത്തീകരിച്ച് പുതിയ പട്ടയ വിതരണം എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

## <u>നഫീസ സുബൈറിന്റെ കൈവശ ഭൂമിക്ക് പട്ടയം</u>

3363 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ അഴീക്കൽ തെക്കൻമാലിപ്പുറം ദേശം പിലാക്കൽ വീട്ടിൽ നഫീസ സുബൈറിന് ഭർതൃപിതാവിൽ നിന്നും ലഭിച്ച കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) നവകേരള സദസിലും കരുതലും കൈത്താങ്ങിലുമെല്ലാം സമർപ്പിക്കപ്പെട്ട പരാതിക്ക് നീതീകരിക്കാനാവാത്ത മറുപടി വകുപ്പുകളിൽ നിന്നും ലഭിച്ചതിനെ തുടർന്ന് എം.എൽ.എ. മുഖാന്തരം സമർപ്പിച്ച പരാതിയിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) വിധവയായ നഫീസ സുബൈറിന്റെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടിയാളുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പട്ടയ മിഷൻ</u>

3364 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഭൂരഹിതരെയും ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി സംസ്ഥാനത്ത് ഒരു പട്ടയ മിഷന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മലയോര ആദിവാസി മേഖലകളിലെ പട്ടയ വിതരണത്തിന് പ്രസ്തുത മിഷൻ രൂപീകരണം എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കുമോ;

(സി) പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിനായി പ്രത്യേകമായ പട്ടയ അസംബ്ലികൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വട്ടുതല ജനകീയ റോഡിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

3365 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ കണയന്നൂർ താലൂക്ക് ചേരാനെല്ലൂർ വില്ലേജ് വട്ടുതല ജനകീയ റോഡിൽ താമസിക്കുന്ന പതിനൊന്ന് കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായെന്ന് അറിയിക്കാമോ; വിശാദാംശം നൽകുമോ?

## സി.എച്ച്.ആർ. ഭൂമിയിലെ പട്ടയം

3366 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ് ഭൂമി റവന്യൂ ഭൂമിയാണോ വന ഭൂമിയാണോ എന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) സി.എച്ച്.ആർ. ഭൂമിയിൽ പട്ടയങ്ങൾ നൽകുന്നത് ഇടക്കാല ഉത്തരവിലൂടെ സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ സ്റ്റേ നീക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കീച്ചൻപാറയിൽ തോട് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം

3367 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ എരുമേലി വടക്ക് വില്ലേജിലെ കീച്ചൻപാറയിൽ ബ്ലോക്ക് നമ്പർ 26 ൽ റീസർവേ നമ്പർ 400 ൽ പെട്ട 01.6500 ഹെക്ടർ തോട് പുറമ്പോക്കിൽ ഉൾപ്പെട്ട ഭൂമിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന അമ്പതോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മഞ്ചേശ്വരം താലൂക്കിൽ കൈവശ ഭൂമിക്ക് പട്ടയം

3368 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി 1-06-2016 മുതൽ 28-02-2025 വരെയായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ തുടർ നടപടി സ്വീകരിക്കാനുള്ളതും നിരസിക്കപ്പെട്ടതുമായ അപേക്ഷകളുടെ പേരുവിവരങ്ങൾ ആയതിന്റെ കാരണങ്ങൾ സഹിതം തരംതിരിച്ച് വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഡി) താലൂക്ക് തല ലാന്റ് അസൈൻമെന്റ് കമ്മിറ്റി തീരുമാനമായിട്ടും മഞ്ചേശ്വരം താലൂക്കിൽ പട്ടയം ലഭിക്കാത്ത അപേക്ഷകരുടെ വിശദവിവരം ലഭ്യമാക്കുമോ?

## പട്ടയ വിതരണം

3369 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഏറ്റവും കൂടുതൽ പട്ടയം ഏത് ജില്ലയിലാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) വനാതിർത്തികളിൽ താമസിക്കുന്നവരുടെ പട്ടയം സംബന്ധിച്ച പ്രശ്നങ്ങളിൽ എത്ര ശതമാനം പരിഹരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ നഗറുകളിലെ താമസക്കാർക്ക് പട്ടയം

3370 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരങ്കോകുന്ന്, തലയാട്, മണ്ടോപ്പാറ നഗറുകളിലെ പാവപ്പെട്ട താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിനായി 06.10.2021-ൽ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടും ഇതുവരെ പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന ആരോപണം ഗൗരവമായി പരിശോധിക്കുമോ;

(ബി) പ്രസ്തുത നഗറുകളിൽ ജന്മിയുള്ള ഭൂമിക്ക് എൽ.ടി. പട്ടയം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത നഗറുകളിൽ എത്ര പേരാണ് പട്ടയത്തിന് അപേക്ഷിച്ചത്; ഇവരിൽ എത്ര പേർക്കാണ് എൽ.ടി. പട്ടയം നൽകാൻ നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## അപകടകരമായി സ്ഥിതി ചെയ്യുന്ന പാറക്കല്ല് പൊട്ടിച്ച് നീക്കാൻ നടപടി

3371 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ തീക്കോയി വില്ലേജിലെ മാവടിയിൽ പ്രദേശവാസികൾക്ക് അപകടകരമായി സ്ഥിതി ചെയ്യുന്ന വലിയ പാറക്കല്ല് പൊട്ടിച്ച് നീക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പാറക്കല്ല് പൊട്ടിച്ച് നീക്കി പ്രദേശവാസികളുടെ സുരക്ഷ ഉറപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഗുരുവായൂർ മണ്ഡലത്തിലെ കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തിയുള്ള റോഡ് പ്രവൃത്തികൾ**

3372 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2021-25 കാലഘട്ടത്തിൽ കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡ് പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് നിർവ്വഹണ ഉത്തരവ് നൽകാത്തതെന്നും നിർവ്വഹണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന്റെ കാരണം എന്താണെന്നും അറിയിക്കാമോ?

**മൊടവണ്ണ കടവിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാലം**

3373 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാളിതുവരെയായി റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ മൊടവണ്ണ കടവിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാലം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൽ നേരിടുന്ന തടസ്സം എന്താണെന്നും പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി വീട് വെക്കുന്നതിന് നൽകാൻ നടപടി**

3374 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റൊരിടത്തും വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി പഞ്ചായത്തിൽ 10 സെന്റും നഗരസഭയിൽ 5 സെന്റും ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി നൽകാമെന്ന 10-02-2025 -ലെ മുഖ്യമന്ത്രിയുടെ നിയമസഭയിലെ പ്രസ്താവനയിൻമേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) 2008 -ന് ശേഷം ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി വാങ്ങിയ ഒരാൾക്ക് ഭൂമി തരം മാറ്റാനും വീട് വയ്ക്കാനും നിയമപ്രകാരം സാധിക്കുമോ; വിശദമാക്കാമോ;

(സി) 2008 -ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇങ്ങനെയൊരു വ്യവസ്ഥ ഉണ്ടോ; വിശദമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11-02-25 ലെ ആർഎ1/57/2025 നമ്പർ സർക്കുലർ പ്രകാരം 2008- ന് ശേഷം ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി വാങ്ങിയവർക്ക് വീട് വയ്ക്കുന്നതിന് അനുമതി നൽകുമോ; വിശദമാക്കാമോ?

## ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയെ തരംമാറ്റാൻ അപേക്ഷ

3375 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ട പാലക്കാട് എലപ്പുള്ളിയിലെ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയെ തരംമാറ്റാൻ ഒയാസിസ് കമ്പനി സർക്കാരിന് അപേക്ഷ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ നിർമ്മാണം അനുവദിക്കില്ലെന്നും കൃഷി ചെയ്യണമെന്നും ആർ.ഡി.ഒ. അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വനഭൂമിയിൽ കുടിയേറിയ കൈവശക്കാരുടെ വിവര ശേഖരണം

3376 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ന് മുൻപ് വനഭൂമിയിൽ കുടിയേറിയ കൈവശക്കാരുടെ വിവര ശേഖരണം റവന്യൂ വകുപ്പ് നടത്തിയിരുന്നോ; എങ്കിൽ അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിലെ ഭൂമി തരംമാറ്റം

3377 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കണ്ണൂർ ജില്ലയിൽ ഭൂമി തരം മാറ്റം ചെയ്യുന്നതിന് ലഭിച്ച അപേക്ഷകളിൽ ഏത് തീയതി വരെ ലഭിച്ച അപേക്ഷകളാണ് നാളിതുവരെ തീർപ്പാക്കാൻ സാധിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വനഭൂമി കുടിയേറ്റക്കാരുടെ വിവരശേഖരണം

3378 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ന് മുൻപ് വനഭൂമിയിൽ കുടിയേറിയ കൈവശക്കാരുടെ വിവരശേഖരണം റവന്യൂ വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടികളാണ്

നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

**<u>പുതുക്കാട് മണ്ഡലത്തിലെ ഭൂമി തരംമാറ്റം</u>**

3379 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടെയും ആരോഗ്യ കേന്ദ്രങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ തരം മാറ്റി കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുതുക്കാട് ഗ്രാമ പഞ്ചായത്ത്, അളഗപ്പ നഗർ ഗ്രാമ പഞ്ചായത്ത് എന്നിവയുൾപ്പെടെയുള്ള പഞ്ചായത്തുകളുടെ ഭൂമി തരം മാറ്റൽ അപേക്ഷകളിലെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>കോഴിക്കോട് താലൂക്കിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ</u>**

3380 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ ഭൂമി തരംമാറ്റത്തിനായി ഫോറം 5, ഫോറം 6 എന്നിവയിൽ സമർപ്പിച്ച എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഫോറം 5-ൽ അപേക്ഷിച്ചവർ വീണ്ടും ഫോറം 6-ൽ അപേക്ഷിക്കേണ്ടതുവഴി ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ വർഷങ്ങളായി നിലവിലുള്ള സ്ഥലങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കണ്ടെത്തി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കോവൂർ-ചൊന്നാംതൊടിത്താഴം റോഡിന്റെ റോഡിന്റെ സ്ഥലമേറ്റെടുപ്പ്</u>**

3381 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 15 കോടി രൂപ വകയിരുത്തിയ കോവൂർ-ചൊന്നാംതൊടിത്താഴം റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുപ്പ് ആരംഭിക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്ക് ഭൂമിയേറ്റെടുക്കൽ നടപടി</u>**

3382 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട - വാഗമൺ റോഡ് പുനരുദ്ധാരണം, മാർമല ചെറുകിട ജലവൈദ്യുതപദ്ധതി, ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം, പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ എന്നീ

പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ?

## ഭൂമി ഏറ്റെടുക്കലിന്റെ നടപടിക്രമങ്ങൾ

3383 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം ഭരണ വകുപ്പിൽ നിന്ന് റിക്വസിഷൻ ലഭിച്ചുകഴിഞ്ഞാൽ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായി വരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ ഓരോന്നും പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വൈകുന്നത് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതിന് ഇടയാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## വാണിജ്യ സ്ഥാപന ഉടമകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് നടപടി

3384 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എൻ.എച്ച്. 66-ന്റെ വികസനത്തിനായി സ്ഥലവും കച്ചവട സ്ഥാപനങ്ങളും ഏറ്റെടുത്ത് കട ഉടമകൾക്ക് നഷ്ടപരിഹാരം കൊടുത്തുവെങ്കിലും പ്രസ്തുത കടകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വാണിജ്യ സ്ഥാപനങ്ങളുടെ (ചെറുകിട കച്ചവട സ്ഥാപനങ്ങൾ) ഉടമകൾക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച പരാതികൾ നിലവിലുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ വർക്കല, ചിറയിൻകീഴ് താലൂക്കുകളിലെ കച്ചവട സ്ഥാപന ഉടമകളിൽ നിന്നും ലഭിച്ച എത്ര പരാതികൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

## ബാലരാമപുരം-വഴിമുക്ക് ദേശീയ പാത വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

3385 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം-വഴിമുക്ക് ദേശീയപാത വികസനത്തിന് എത്ര പേരുടെ ഭൂമി ഏറ്റെടുത്തുവെന്ന് വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ വിഷയത്തിൽ എത്രപേർക്ക് നഷ്ടപരിഹാരം അനുവദിച്ചുവെന്നും ഇനിയും എത്ര പേർക്ക് കൂടി അനുവദിക്കാനുണ്ടെന്നും അറിയിക്കുമോ?

## പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ നടപടി

3386 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ കൊല്ലം-നെല്ല്യാടി-മേപ്പച്ചൂർ റോഡ്, അകലാപ്പുഴ പാലം, നടേരികടവ് പാലം എന്നീ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഏതൊക്കെ നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## മുത്തോലി കൃഷിഭവന് റവന്യൂ വകുപ്പിന്റെ സ്ഥലം

3387 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മുത്തോലി കൃഷിഭവന് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ഡെസ്റ്റിനേഷൻ ടൂറിസം ചലഞ്ച് പദ്ധതിക്കായി പഞ്ചായത്തിന് ഭൂമി കൈമാറ്റം

3388 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ പഞ്ചായത്തിൽ കടുമ്പുപാറയിൽ ഡെസ്റ്റിനേഷൻ ടൂറിസം ചലഞ്ച് പദ്ധതിക്കായി പഞ്ചായത്തിന് ഭൂമി കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പള്ളിക്കൽ യു.ഐ.റ്റി. ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി

3389 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ യു.ഐ.റ്റി. ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## തൊട്ടുവൈ പാലം അപ്രോച്ച് റോഡിനാവശ്യമായ ഭൂമി

3390 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല തൊട്ടുവൈ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏതെങ്കിലും സർക്കാർ വകുപ്പിന്റെ കൈവശമുള്ളതാണോ; എങ്കിൽ ഏത് വകുപ്പിന്റേതെന്ന് വ്യക്തമാക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ ഭൂമി തരം മാറ്റൽ അപേക്ഷകൾ

3391 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയവയിൽ ഓഫ്‌ലൈനായും ഓൺലൈനായും സമർപ്പിച്ച അപേക്ഷകളുടെ എണ്ണം വേർതിരിച്ച് ലഭ്യമാക്കുമോ?

## ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

3392 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ലെ കേരള ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(ബി) 2023 ലെ കേരള ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ആക്ട് നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആക്ടിനെ അടിസ്ഥാനപ്പെടുത്തി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## കമ്പനികൾക്ക് നിയമാനുസരണം കൈവശം വയ്ക്കാവുന്ന ഭൂമി

3393 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്പനികൾക്ക് നിയമാനുസരണം എത്ര ഏക്കർ ഭൂമി വരെ കൈവശം വയ്ക്കാമെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനികൾക്ക് നിയമാനുസരണം കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിയിൽ ഈ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് മാറ്റമെന്നും എന്നാണിത് നിലവിൽ വന്നതെന്നും വ്യക്തമാക്കുമോ;

(സി) പാലക്കാട് എലപ്പുള്ളിയിൽ മദ്യ നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ ഒയാസിസ് കമ്പനി 24.59 ഏക്കർ ഭൂമി വാങ്ങിയത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കുമോ?

## പൊതുആവശ്യങ്ങൾക്കായി വിട്ടുനൽകിയ ഭൂമി തിരിച്ചുവാങ്ങാൻ നടപടി

3394 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുആവശ്യങ്ങൾക്കായി പഞ്ചായത്തുകൾക്കോ മറ്റ് വകുപ്പുകൾക്കോ വിട്ടുനൽകിയ ഭൂമി, ഉദ്ദേശ്യലക്ഷ്യം നിറവേറ്റാത്ത സാഹചര്യത്തിൽ തിരിച്ച് വാങ്ങുന്നതിന് ഭൂമി വിട്ടുനൽകിയ വ്യക്തിക്ക് സാധിക്കുമോ; വിശദമാക്കാമോ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

## ഭൂമി തരം മാറ്റൽ നിബന്ധന ഭേദഗതി ചെയ്യുന്നതിനുള്ള നടപടി

3395 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റത്തിന് അപേക്ഷിക്കുന്നവർക്ക് ഇരുപത്തിയഞ്ച് സെന്റിൽ അധികം ഭൂമിയുണ്ടെങ്കിൽ കൈവശമുള്ള മുഴുവൻ ഭൂമിക്കും ന്യായവിലയുടെ പത്ത് ശതമാനം വരുന്ന തുക അടയ്ക്കണം എന്ന നിബന്ധന സാധാരണക്കാരായ ഭൂവുടമകൾക്ക് വലിയ ബാധ്യത സൃഷ്ടിക്കുന്നു എന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം ഇരുപത്തിയഞ്ച് സെന്റിൽ അധികമുള്ള ഭൂമി തരം മാറ്റം നടത്തിയതിനുള്ള ഫീസിനത്തിൽ നാളിതുവരെ എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇരുപത്തിയഞ്ച് സെന്റിൽ അധികമുള്ള ഭൂമിക്ക് മാത്രം ന്യായവിലയുടെ പത്ത് ശതമാനം ഈടാക്കുന്ന രീതിയിൽ പ്രസ്തുത വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ ഭൂമി തരം മാറ്റ അപേക്ഷകൾ

3396 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ നിന്ന് ഭൂമി തരം മാറ്റം നടത്തുന്നതിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും എത്രയെണ്ണം ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ?

## പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

3397 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാട്ടക്കുടിശ്ശിക ഇനത്തിൽ എന്ത് തുകയാണ് ലഭിക്കാനുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പാട്ടക്കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കോടതിയിൽ നിലവിലുള്ളതെന്ന് ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് പാട്ടക്കുടിശ്ശിക ഇനത്തിൽ സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കുടിശ്ശിക ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഏജൻസികൾക്കോ ഒഴിവാക്കി

നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## റവന്യൂ വകുപ്പിലെ സോഫ്റ്റ് വെയർ തകരാർ

3398 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഫ്റ്റ് വെയർ തകരാർ മൂലം വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമൂലം സർക്കാരിന് ലഭിക്കാനുള്ള റവന്യൂ പിരിവിൽ നഷ്ടം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സോഫ്റ്റ് വെയർ തകരാർ മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

3399 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കി മാറ്റുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് പദ്ധതിക്ക് വകയിരുത്തിയ തുക സഹിതം വിശദമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജുകൾ ആക്കി മാറ്റുന്നതിലൂടെ എന്തൊക്കെ പ്രയോജനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ?

## മണലൂർ സ്മാർട്ട് വില്ലേജ് ഓഫീസ്

3400 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ?

## മങ്കട മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

3401 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ളത്; ഓരോ ഓഫീസിനും എന്തെല്ലാം തരത്തിലുള്ള പരിമിതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തുന്നതിന് നിലവിൽ അനുമതി നൽകിയിട്ടില്ലാത്തതും എന്നാൽ സർക്കാർ മാനദണ്ഡപ്രകാരം പരിഗണിക്കാൻ കഴിയുന്നതുമായ വില്ലേജ് ഓഫീസുകൾ ഏതെല്ലാമാണ്; അവയെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

3402 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ ഇനിയും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കിയിട്ടില്ലാത്ത വില്ലേജ് ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വില്ലേജ് ഓഫീസുകളെ കൂടി സ്മാർട്ട് ആക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

## എടയൂർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

3403 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ എടയൂർ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന്റെ നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എടയൂർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## എരുമേലി തെക്ക് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ പ്രവർത്തനം

3404 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച എരുമേലി തെക്ക് സ്മാർട്ട് വില്ലേജ് ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണം

3405 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച തുകയിൽ മാറാക്കര വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണം കൂടി ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കലക്ടറേറ്റും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശവും ആയത് സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണം</u>

3406 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പുതിയ ഓഫീസ് കെട്ടിടത്തിന് ആവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## <u>സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ പുരോഗതി</u>

3407 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നവീകരണം ലക്ഷ്യമിട്ടുള്ള സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് എന്ന രീതിയിൽ പരിവർത്തനം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഇപ്രകാരം നിർമ്മിക്കപ്പെട്ട സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ വിശദാംശം അറിയിക്കുമോ?

## <u>വെസ്റ്റ്ഹിൽ ബീച്ചിൽ ഹെൽത്ത് വെൽനെസ്സ് സെന്റർ ആരംഭിക്കാൻ സ്ഥലം</u>

3408 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹിൽ ബീച്ചിൽ ഹെൽത്ത് വെൽനെസ്സ് സെന്റർ ആരംഭിക്കാൻ സ്ഥലം അനുവദിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മുനമ്പത്ത് ഡിസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭൂമി

3409 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പം ഭാഗത്ത് ഡിസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള 24.08 ആർ. ഭൂമി നിലവിലെ കടാസ്ട്രൽ സർവ്വേയ്ക്ക് പുറത്തായതിനാൽ കുഴുപ്പിള്ളി വില്ലേജിലേക്ക് കൂട്ടിച്ചേർക്കുന്നതിനായി സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ 28.11.2024- ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## കെട്ടിട നിർമ്മാണത്തിനും വൈദ്യുതി കണക്ഷനും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി.

3410 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിലെ എട്ട് വില്ലേജുകളിൽ കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന കേരള ഹൈക്കോടതി ഉത്തരവിനുശേഷം ആയതിലേക്കായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകർക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് അറിയിക്കാമോ;

(ബി) എൻ.ഒ.സി. അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വില്ലേജുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന് കോടതി നിർദ്ദേശമുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വില്ലേജുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമുണ്ടോയെന്ന് അറിയിക്കുമോ?

## തരം മാറ്റിയ ഭൂമി പോക്ക് വരവ് ചെയ്യുന്നതിലെ കാലതാമസം പരിഹരിക്കാൻ നടപടി

3411 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരം മാറ്റിയ ഭൂമി പോക്ക് വരവ് ചെയ്ത് നൽകുന്നതിന് ആധാരത്തിൽ എല്ലായിടത്തും സ്വഭാവ വ്യതിയാനം നടത്തിയ പുരയിടം എന്ന് ഉൾപ്പെടുത്തണമെന്ന് നിബന്ധനയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) തരം മാറ്റിയ ഭൂമി പോക്ക് വരവ് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനത്തിലൂടെ നടപടി സ്വീകരിക്കാമെന്നിരിക്കെ ഭൂവുടമയോ ചുമതലപ്പെടുത്തുന്ന വ്യക്തിയോ

നേരിട്ട് എത്തുന്നതുവരെ പല വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നടപടികൾ സ്വീകരിക്കുന്നില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഇപ്രകാരം പോക്ക് വരവ് പൂർത്തിയാക്കാനായി നിരവധി ആധാരങ്ങൾ കെട്ടിക്കിടക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പ്രൊബേഷൻ ഒരു തവണ മാത്രമാക്കുന്നതിന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് നടപടി

3412 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 27.11.2024-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം സബോർഡിനേറ്റ് സർവ്വീസിലും സ്റ്റേറ്റ് സർവ്വീസിലും നിരീക്ഷണ കാലയളവ് ഒരു തവണ മാത്രമാക്കുന്നതിന് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കണമെന്ന നിർദ്ദേശം റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## ഗൺ ലൈസൻസിനുള്ള അപേക്ഷ

3413 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൺ ലൈസൻസിന് അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങളും തുടർന്നുള്ള നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗൺ ലൈസൻസിനായുള്ള പുതിയ അപേക്ഷ നിരസിക്കപ്പെടുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകരെ അറിയിക്കാറുണ്ടോ; എങ്കിൽ എത്ര ദിവസത്തിനകമാണറിയിക്കാറുള്ളത്;

(സി) സ്വീകരിക്കപ്പെടുന്ന അപേക്ഷകളിന്മേൽ എത്ര ദിവസങ്ങൾക്കുള്ളിലാണ് നടപടികൾ പൂർത്തീകരിച്ച് ലൈസൻസ് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കാസർഗോഡ് കളക്ടറേറ്റിൽ ലൈസൻസിനായുള്ള പുതിയ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ നിരസിക്കപ്പെട്ട അപേക്ഷകൾ എത്രയാണെന്നും നിരസിക്കാനുള്ള കാരണമെന്താണെന്നും അപേക്ഷ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) എല്ലാ മാനദണ്ഡങ്ങളും പാലിച്ച അപേക്ഷകൾ എത്രയാണെന്നും എപ്പോഴാണ് ഇവർ അപേക്ഷ സമർപ്പിച്ചതെന്നും അപേക്ഷ തിരിച്ചു വ്യക്തമാക്കാമോ; ഇവരിൽ എത്രപേർക്ക് ലൈസൻസ് അനുവദിച്ചുവെന്നും എത്രദിവസം കഴിഞ്ഞാണ് ലൈസൻസ് നൽകിയതെന്നും അപേക്ഷ തിരിച്ച് വ്യക്തമാക്കാമോ; കാല വിളമ്പം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) എല്ലാ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിച്ച എത്ര അപേക്ഷകർക്ക് ലൈസൻസ് അനുവദിക്കുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ?

## ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വീണ്ടെടുക്കുന്നതിന് നടപടി

3414 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ വില്ലേജിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള 17.20 ആർ. സ്ഥലം (റീസർവ്വെ നമ്പർ 151/2) വീണ്ടെടുക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ വിഷയത്തിന്മേൽ സിവിൽ കോടതിയെ സമീപിക്കുന്നതിനായി ആവശ്യമായ രേഖകൾ വ്യവസായ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## ലേലം ചെയ്ത് വിൽപ്പന നടത്തുന്ന ഭൂമിയുടെ തണ്ടപ്പേര് ബാങ്കിന്റെ പേരിൽ മാറ്റുന്ന നടപടി

3415 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി ആക്ട് പ്രകാരം ബാങ്കുകൾ കോടതി വ്യവഹാരങ്ങളിലൂടെയല്ലാതെ നേരിട്ട് ഏറ്റെടുക്കുന്ന വീടില്ലാത്ത ഭൂമി പിന്നീട് ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിന് മുമ്പായി പ്രസ്തുത ഭൂമിയുടെ തണ്ടപ്പേര് ബാങ്കിന്റെ പേരിലേക്ക് നിർബന്ധമായും മാറ്റേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുന്ന ഏതെങ്കിലും ഉത്തരവ്/സർക്കുലറുകൾ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്ന ഒരു പൊതു ഉത്തരവ് പ്രസ്തുത ആക്ട് ബാധകമായ ബാങ്കുകൾക്ക് വകുപ്പ് നൽകുമോയെന്ന് വ്യക്തമാക്കാമോ?

## സർഫാസി നിയമ പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ പോക്കുവരവിനായിയുള്ള പൊതു ഉത്തരവ്

3416 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമ പ്രകാരം ബാങ്കുകൾ നേരിട്ട് ഏറ്റെടുക്കുകയും പിന്നീട് വിൽപ്പന നടത്തുകയും ചെയ്യുന്ന ഭൂമികളുടെ തണ്ടപ്പേര് ബാങ്കുളുടെ പേരിലേക്ക് മാറ്റാതെ തന്നെ പോക്കുവരവ് അനുവദിക്കാമോ; അനുവദിക്കാമെങ്കിൽ അതുമായി ബന്ധപ്പെട്ട അവ്യക്തതകൾ ദൂരീകരിക്കാൻ ഒരു പൊതു ഉത്തരവ് റവന്യൂ വകുപ്പ് പുറത്തിറക്കുമോ; വ്യക്തമാക്കുമോ?

## വനഭൂമിക്ക് പകരമായി റവന്യൂ ഭൂമി കൈമാറുന്നതിന് നടപടി

3417 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വിവിധ റോഡുകളുടെ നവീകരണ-നിർമ്മാണ പ്രവൃത്തികൾ, നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണം എന്നിവയ്ക്കാവശ്യമായ വനഭൂമി ലഭ്യമാക്കുമ്പോൾ അതിനുപകരമായി റവന്യൂ ഭൂമി വനം വകുപ്പിന്

കൈമാറുന്നതിനുള്ള നടപടികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കി വികസന പ്രവൃത്തികൾക്കായി വനഭൂമി ലഭ്യമാക്കുമ്പോൾ പകരമായി റവന്യൂ ഭൂമി വനം വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ അൺ സർവ്വേയ്ഡ് ഭൂമി

3418 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തീരപ്രദേശങ്ങളിലെ അൺ സർവ്വേയ്ഡ് ഭൂമി ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ ഹൊസബെട്ടു ടൂറിസം പദ്ധതിക്കായി പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത അൺ സർവ്വേയ്ഡ് ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയാൽ അത് ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ

3419 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ 2024-25 വർഷത്തെ സെക്കൻഡ് ഗ്രേഡ് സർവേയർ, ഫസ്റ്റ് ഗ്രേഡ് സർവേയർമാരുടെ ഓൺലൈൻ ട്രാൻസ്ഫർ ഓർഡർ എന്ന് നിലവിൽ വരാനാണ് സാധ്യത എന്നറിയിക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ 2023-24 ൽ സർവേയർ തസ്തികകളിൽ നിന്നും എത്ര പേർ വിരമിച്ചു; വിരമിക്കലിലൂടെ സംജാതമായ ഒഴിവുകളെ സംബന്ധിച്ച വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകളിൽ എത്ര സർവേയർ ഗ്രേഡ് II ഉദ്യോഗസ്ഥർക്ക് പ്രേമോഷൻ ലഭിച്ചു; 2023-24 ലെ വിരമിക്കലിലൂടെ സംജാതമായ ഒഴിവുകളിൽ പകരം നിയമനം നൽകിയോ; എങ്കിൽ ഓർഡർ നമ്പർ, തീയതി എന്നിവ അറിയിക്കാമോ;

(സി) പ്രസ്തുത വകുപ്പിൽ സർവേയർ ഗ്രേഡ്-I, സർവേയർ ഗ്രേഡ്-II തസ്തികകളിൽ ഓൺലൈൻ ട്രാൻസ്ഫർ പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ എത്ര ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം ലഭിക്കും എന്ന് വ്യക്തമാക്കാമോ?

## റവന്യൂ ജീവനക്കാരുടെ ഹയർ സർവ്വെ/ചെയിൻ സർവ്വെ പരീക്ഷ

3420 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ജീവനക്കാരുടെ ഹയർ സർവ്വെ, ചെയിൻ സർവ്വെ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിലും ഫലം പ്രസിദ്ധീകരിക്കുന്നതിലും

കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്ര ഹയർ സർവ്വെ, ചെയിൻ സർവ്വെ ബാച്ചുകളുടെ ഫലം പ്രസിദ്ധീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവസാനമായി നടന്ന ഹയർ സർവ്വെ, ചെയിൻ സർവ്വെ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തിയ തീയതിയും ഫലം പ്രസിദ്ധീകരിച്ച തീയതിയും അറിയിക്കുമോ;

(സി) പ്രസ്തുത പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിലും അവയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിലും കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വെ ഉദ്യോഗസ്ഥർ അഭിമുഖീകരിക്കുന്ന ജോലിഭാരം ഹയർ സർവ്വെ, ചെയിൻ സർവ്വെ പരീക്ഷകളുടെ മൂല്യനിർണ്ണയത്തെയും അവയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനെയും ബാധിക്കുന്നുണ്ടോ; എങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനും സ്ഥാനക്കയറ്റത്തിനും ഹയർ സർവ്വെയും ചെയിൻ സർവ്വെയും നിർബന്ധിത യോഗ്യതയായതിനാൽ അവയുടെ പരീക്ഷാ ഫലം അനിശ്ചിതമായി വൈകുന്നത് ഗൗരവമായി പരിഗണിച്ച് എത്രയും വേഗം ഫലം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) പരീക്ഷാ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള തീയതി നിശ്ചയിക്കുന്നതിനും പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും നിയോഗിക്കപ്പെട്ട/ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ ഡിജിറ്റൽ സർവ്വെ

3421 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ സംബന്ധിച്ച്

3422 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഡിജിറ്റൽ സർവ്വേ ഏതൊക്കെ വില്ലേജുകളിലാണ് നടപ്പിലാക്കുന്നതെന്നും ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; മണ്ഡലത്തിലെ എല്ലാ വില്ലേജുകളിലും ഈ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വഴി എന്തൊക്കെ പ്രയോജനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാവുകയെന്ന് അറിയിക്കാമോ?

## ഡിജിറ്റൽ സർവ്വേയ്ക്കുള്ള ഫീസ്/റേറ്റ്

3423 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമായി ഡിജിറ്റൽ സർവ്വേ നടത്തുന്നതിന് ഫീസ്/റേറ്റ് നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫീസ്/റേറ്റ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ സ്വകാര്യ ഡിജിറ്റൽ സർവേ നടത്തുന്നതിന് നിശ്ചിത ഫീസ്/റേറ്റ് ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ റീസർവ്വേ നടപടികൾ

3424 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പാണാവള്ളി വില്ലേജിൽ സർവ്വേ സംബന്ധമായി ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പാണാവള്ളി വില്ലേജിൽ അടിയന്തരമായി റീസർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ ഡിജിറ്റൽ റീസർവ്വെ

3425 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ വില്ലേജുകളിൽ നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വെയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

## ഡിജിറ്റൽ റീസർവ്വേ നടപടികളുടെ പൂർത്തീകരണം

3426 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ റീസർവ്വേ പദ്ധതികൾക്കായി നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്നും ഇനി എന്തു തുക വേണ്ടി വരുമെന്നും വ്യക്തമാക്കുമോ;

(ബി) ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതോടെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽവേലി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ക്യാൻസർ ചികിത്സയ്ക്ക് ചെലവായ തുകയുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

3427 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം അഞ്ചൽ റീ സർവേ സൂപ്രണ്ട് ഓഫീസിൽ സെക്കന്റ് ഗ്രേഡ് സർവേയർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ഹരികൃഷ്ണൻ കെ.എം.ന്റെ മകന്റെ

ക്യാൻസർ ചികിത്സയ്ക്കായി ചെലവായ തുകയുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി സമർപ്പിച്ച അപേക്ഷയുടെ (എം.ആർ.എ. ഫയൽ നമ്പർ.എ1.338/2023) നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

## കോന്നി മണ്ഡലത്തിലെ ആശ്വാസ് വാടക വീട്

3428 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മെഡിക്കൽ കോളേജിൽ ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ആശ്വാസ് വാടക വീടിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വീട് തകർന്നതിന് നഷ്ടപരിഹാരം

3429 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 നവംബറിൽ വീട് പൂർണ്ണമായും തകർന്ന, പുതുക്കാട് മണ്ഡലത്തിലെ മുകുന്ദപുരം താലൂക്ക്, കല്ലൂർ വില്ലേജ്, പച്ചളിപ്പുറം-കല്ലൂർ ദേശത്ത്, കൊട്ടേക്കാട്ടിൽ വീട്ടിൽ മരിച്ച ദാസന്റെ ഭാര്യ ശ്രീമതി ഉഷ സി. വി.യുടെ അപേക്ഷ പരിഗണിച്ച് അർഹമായ പരമാവധി നഷ്ടപരിഹാരം അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്വന്തമായുണ്ടായിരുന്ന വീട് തകർന്ന ശ്രീമതി ഉഷയ്ക്ക് പുതുതായി വീട് അനുവദിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ ഹൗസിങ് ബോർഡ് ഏറ്റെടുത്ത പ്രവൃത്തികൾ

3430 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം കാസർഗോഡ് ജില്ലയിൽ ഹൗസിങ് ബോർഡ് ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു എന്നും അറിയിക്കുമോ;

(ബി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അവ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്നും അറിയിക്കുമോ?

## ഭവന നിർമ്മാണ ബോർഡിന്റെ കെട്ടിടങ്ങൾ

3431 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള 25 വർഷം കഴിഞ്ഞ കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഭവന നിർമ്മാണ ബോർഡിന്റെ നിരവധി കെട്ടിടങ്ങൾക്ക് ബലക്ഷയം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ്

സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

**നമ്പ്രത്തുകര രാജീവ് ദശലക്ഷം കോളനി**

3432 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ നമ്പ്രത്തുകര രാജീവ് ദശലക്ഷം കോളനിയിൽ ഹൗസിംഗ് ബോർഡ് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ആർക്കൊക്കെ നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ആർക്കൊക്കെയാണെന്നും നിലവിൽ എത്ര പേർ താമസിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(ഡി) ഈ വീടുകൾ എപ്പോഴാണ് നിർമ്മിച്ചതെന്നും നിലവിൽ വീടുകളുടെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

**നിർധനരായ ക്ഷയരോഗികളുടെ പെൻഷൻ കുടിശ്ശിക**

3433 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർധനരായ ക്ഷയരോഗികൾക്ക് റവന്യൂ വകുപ്പ് വഴി പ്രതിമാസം നൽകിവരുന്ന 1000 രൂപയുടെ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ എത്ര കാലയളവിലെ പെൻഷൻ കുടിശ്ശികയുണ്ടെന്നും കുടിശ്ശിക എന്ന് കൊടുത്ത് തീർക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിൽ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ**

3434 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016-2025 കാലഘട്ടത്തിൽ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡ് പ്രവൃത്തികളുടെയും വിശദാംശങ്ങളും ഇവയുടെ നിർവ്വഹണ പുരോഗതിയും വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിക്കാത്തതെന്നും ആയതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

**വയനാട് ദുരന്തബാധിതരുടെ പുനരധിവാസം**

3435 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടൽ ദുരന്തമുണ്ടായി മാസങ്ങൾ പിന്നിട്ടിട്ടും പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നും ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പോലും

ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ല എന്നുമുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ദുരന്തബാധിതർക്കും കുറഞ്ഞത് 10 സെന്റ് സ്ഥലം എങ്കിലും നൽകാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ദുരന്തം നടന്ന് ഏഴ് മാസമായിട്ടും ദുരന്തബാധിതരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കുമോ?

## സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ ഇനങ്ങളിൽ ഈടാക്കി വരുന്ന തുക

3436 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസ്തു രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ ഇനങ്ങളിൽ ഈടാക്കി വരുന്ന തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും ഇവയുടെ നിരക്കിൽ വ്യത്യാസമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ലൈസൻസുള്ള ആധാരം എഴുത്തുകാർക്ക് ഓരോ സേവനത്തിനും ഈടാക്കാവുന്ന ചാർജ്ജ് എത്ര വീതമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സ്വയം തയ്യാറാക്കിയ ആധാരങ്ങളുടെ രജിസ്ട്രേഷൻ

3437 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഭൂമിയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

## തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസിലെ ഇരട്ട ആധാര രജിസ്ട്രേഷൻ

3438 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസിൽ ഒരേ ഭൂമിയിൽ രണ്ടു ആധാരങ്ങൾ രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മണ്ണാർക്കാട് മൂപ്പിൽ നായർക്ക് അട്ടപ്പാടി താലൂക്കിലുള്ള ഭൂമി

3439 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണം നടപ്പാക്കിയതിനുശേഷം മണ്ണാർക്കാട് മൂപ്പിൽ നായർക്ക് അട്ടപ്പാടി താലൂക്കിൽ (പഴയ മണ്ണാർക്കാട് താലൂക്കിൽ) എത്ര ഏക്കർ ഭൂമിയുണ്ടായിരുന്നുവെന്ന്

വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ മൂപ്പിൽ നായരുടെ തണ്ടപ്പേരുള്ള ഭൂമി ആരെല്ലാം വിൽപ്പന നടത്തി; ഇത്തരത്തിൽ വിൽപ്പന നടത്തിയ ഭൂമി ഏത് വില്ലേജിൽ ഉൾപ്പെട്ടതാണെന്നും അവയുടെ സർവേ നമ്പറുകൾ ഏതാണെന്നും കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഈ വിഷയം സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയ്ക്ക് പരാതി ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; നടപടി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>രജിസ്ട്രേഷൻ വകുപ്പിലെ ക്രമക്കേടുകൾക്കെതിരെ നടപടി</u>

3440 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ ക്രമക്കേടുകളെക്കുറിച്ച് ധനകാര്യ പരിശോധന വിഭാഗം നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സർക്കാരിന് വന്നതായി പറയുന്ന നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട പേൾ, ഇഗ്രൂപ്പ്സ്, സർക്കാർ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്ന സ്പാർക്ക്, ബിംസ്/ബാംസ്, പ്രിസം എന്നീ സോഫ്റ്റ്‌വെയറുകളും ഇ-സർവീസ് ബുക്ക് മുതലായ നൂതനമായ സാങ്കേതിക സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ ആഭ്യന്തര പരിശോധന കാര്യക്ഷമമാക്കുന്നതിന് ഓൺലൈനായി പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുമോ;

(ഡി) പരിശോധന കഴിഞ്ഞ് ആറുമാസങ്ങൾക്ക് ശേഷവും ആഭ്യന്തര പരിശോധന റിപ്പോർട്ടുകൾ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ വീഴ്ചയുണ്ടെങ്കിൽ ആയതിന് കാരണക്കാരായ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ?

## <u>രജിസ്ട്രേഷൻ വകുപ്പിന്റെ കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ</u>

3441 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ക്യാബിൻ മോടി പിടിപ്പിക്കുന്നതിന് എത്ര രൂപ ചെലവായി എന്നും ആയതിന് ഏത് തീയതികളിലാണ് ഭരണാനുമതി, വർക്ക് ഓർഡർ എന്നിവ നൽകിയതെന്നും എപ്രകാരമാണ് ഏജൻസിയെ കണ്ടെത്തിയതെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) സർക്കാർ കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ സാമ്പത്തിക വ്യയ നിയന്ത്രണങ്ങളുടെ ഭാഗമായി തടഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കൃത്യമായ സർക്കാർ അനുമതിയില്ലാതെ രജിസ്ട്രേഷൻ ഐ.ജി.യുടെ ക്യാബിൻ മോടി പിടിപ്പിച്ചതിലെ

അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ശിപാർശ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

**ബിഷപ്പ് വള്ളോപ്പള്ളി മ്യൂസിയം**

3442 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ബിഷപ്പ് വള്ളോപ്പള്ളി മ്യൂസിയത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മ്യൂസിയത്തിന്റെ നിർമ്മാണം വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മ്യൂസിയം നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**ആറ്റിങ്ങൽ കലാപത്തിന്റെ സ്മാരകം**

3443 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കലാപത്തിന്റെ സമുചിത സ്മാരക നിർമ്മാണം, കൊട്ടാരം നവീകരണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കാൻ നടപടി**

3444 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം ചരിത്ര സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ചരിത്ര സ്മാരകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത ക്ഷേത്രത്തിന് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**വണ്ടിപ്പെരിയാർ പാലവും അമ്മച്ചി കൊട്ടാരവും സംരക്ഷിക്കുവാൻ നടപടി**

3445 **ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിലെ നൂറ് വർഷത്തിലധികം പഴക്കമുള്ള വണ്ടിപ്പെരിയാർ പാലവും, കുട്ടിക്കാനത്ത് തിരുവിതാംകൂർ രാജഭരണകാലത്ത് ഉപയോഗിച്ചിരുന്ന അമ്മച്ചി കൊട്ടാരവും വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
03-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].